ബൈബിൾ

ഒരു ആമുഖം

ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

www.malankaralibrary.com

ബൈബിൾ : ഒരു ആമുഖം

www.malankaralibrary.com

BIBLE: ORU AAMUKHAM

Fr. Philip Chempakassery

Copyright ©2020
Price Rs 100

Cover Design: Bro Mathew Kamechamparambil

MS Publications 33
Malankara Seminary Publication
St Mary's Malankara Major Seminary
Mar Ivanios Vidya Nagar
Nalanchira, Trivandrum
Kerala, India 695 015

Printed @ Bethany Press, Kottayam
Ph: 0481 - 2571355
e-mail: bethanyktm@gmail.com

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ഉള്ളടക്കം

	മുഖവുര	6
അധ്യായം – 1	യഹൂദജനത : ഒരു സംക്ഷിപ്തചരിത്രം	7
അധ്യായം – 2	ബൈബിൾ:പേരുകളും പേരുകളുടെ ഉത്പത്തിയും	47
അധ്യായം – 3	ബൈബിൾ: ദൈവവചനം	50
അധ്യായം – 4	വേദപുസ്തക ഗ്രന്ഥങ്ങളുടെ കാനോനികത	57
അധ്യായം – 5	പ്രഥമാർത്ഥവും ദ്വിതീയാർത്ഥവും	64
അധ്യായം – 6	ബൈബിളും തെറ്റില്ലായ്മയും	68
അധ്യായം – 7	ബൈബിൾ എഴുതപ്പെട്ട ഭാഷകൾ	72
അധ്യായം – 8	ബൈബിളിന്റെ പാഠം (Text)	76
അധ്യായം – 9	ബൈബിൾ വ്യാഖ്യാനം (Biblical Criticism)	82
അധ്യായം – 10	ബൈബിളിന്റെ പുരാതന പരിഭാഷകൾ	89
അധ്യായം – 11	കാനോനികതയുടെ ചരിത്രം	97

www.malankaralibrary.com

മുഖവുര

"ബൈബിൾ: ഒരു ആമുഖം" വേദപുസ്തക പഠിതാക്കൾക്ക് സഹായകമാകുമെന്ന പ്രതീക്ഷയോടെയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് വേദപുസ്തക പണ്ഡിതന്മാർക്കുള്ളതല്ല, പ്രാരംഭകർക്കുവേണ്ടി ഉള്ളതാണ്. ഈ പുസ്തകം വേദപുസ്തകത്തെ സംബന്ധിച്ച ഉയർന്നു കേൾക്കാറുള്ള ചോദ്യങ്ങൾക്കും സംശയങ്ങൾക്കും വേണ്ടിയുള്ള ഒരു സമ്പൂർണ്ണ പരിഹാരമല്ല, എന്നാൽ ഈ പുസ്തകത്തിന്റെ പഠനം കൂടുതൽ അഗാധമായ പഠനങ്ങളിലേയ്ക്കുള്ള പ്രേരണയും മാർഗ്ഗനിർദ്ദേശവുമായി പ്രയോജനപ്പെടും. ഇതിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളെങ്കിലും അറിയാതെ ശരിയായ ശാസ്ത്രീയ പഠനത്തിലേയ്ക്കു നീങ്ങാൻ കഴിയുകയില്ല.

ഇവിടെ ചർച്ച ചെയ്യുന്ന ആദ്യത്തെ വിഷയം യഹൂദജനതയുടെ ചരിത്രമാണ്. പഴയനിമയഗ്രന്ഥങ്ങളുടെ പഠനത്തിനും അവയുടെ പശ്ചാത്തലമറിയുന്നതിനും ഒഴിച്ചുകൂടാനാകാത്തതാണ് ഈ പഠനം. പഴയനിയമവ്യാഖ്യാനത്തിലെ പല പ്രശ്നങ്ങൾക്കും കാരണം ചരിത്രപശ്ചാത്തലത്തെപ്പറ്റിയുള്ള അജ്ഞതയാണ്. കത്തോലിക്കരുടെയും പ്രോട്ടസ്റ്റന്റുകാരുടെയും ബൈബിൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ കാനോനികതയെപ്പറ്റിയുള്ള അധ്യായം ഉപകാരപ്പെടും. ബൈബിളിന്റെ ഭാഷകളെപ്പറ്റിയുള്ള അധ്യായം തർക്കവിഷയമാകുന്ന വാക്യങ്ങളുടെ മൂലാർത്ഥം പരിശോധിക്കാൻ താർക്കികരെ പ്രേരിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

ബൈബിളിന്റെ ദൈവനിവേശനത്തെപ്പറ്റി ദീർഘമായി ചർച്ച ചെയ്തിട്ടുണ്ട്. ഇതു വ്യാഖ്യാതാക്കളെ സഹായിക്കാനാണ്, വിശേഷിച്ചും മറ്റു മതക്കാരുമായുള്ള വാദപ്രതിവാദങ്ങളിൽ, ക്രൈസ്തവർ, വിശേഷിച്ചും, കത്തോലിക്കർ ബൈബിളിന്റെ ദൈവോത്പത്തിയെപ്പറ്റി പുലർത്തുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിലേ ബൈബിളിലെ വാക്യങ്ങളും പ്രബോധനങ്ങളും വ്യാഖ്യാനിക്കാൻ പാടുള്ളൂ. ലോകത്തിലെ മറ്റേതെങ്കിലും മതഗ്രന്ഥത്തെപ്പറ്റി പുലർത്തുന്ന ആശയങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമാണ് കത്തോലിക്കർ ബൈബിളിന്റെ ദൈവോത്പത്തിയെപ്പറ്റി പുലർത്തുന്ന ആശയം.

സുറിയാനി സഭകൾ ഉപയോഗിക്കുന്ന ബൈബിൾ പ്ശീത്തായാണ്. ഈ സത്യം അറിഞ്ഞിരിക്കേണ്ടതുണ്ട്, ബൈബിൾ വ്യാഖ്യാനത്തിലും ചർച്ചയിലും, വിശേഷിച്ചും ഓരോ സഭയുടെയും തനിമയെപ്പറ്റിയുള്ള പഠനങ്ങളിൽ.

ബൈബിൾ പഠനത്തിന് എല്ലാ സമൂഹങ്ങളുടെ ഇടയിലും പുതിയ താത്പര്യം പ്രകടമാകുന്ന കാലമാണിത്. ഈ താത്പര്യം മുന്നോട്ടു നയിക്കാനും പഠനം കൂടുതൽ സുഗമമാക്കാനും ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രന്ഥകർത്താവ്

www.malankaralibrary.com

അദ്ധ്യായം - 1

യഹൂദജനത : ഒരു സംക്ഷിപ്തചരിത്രം

ആമുഖം

വേദപുസ്തക പഠനത്തിൽ ഒഴിച്ചുകൂടാനാകാത്ത സ്ഥാനമാണ് യഹൂദജനതയുടെ ചരിത്രത്തെപ്പറ്റിയുള്ള പഠനത്തിനുള്ളത്. അതിന് ഒരു പ്രധാന കാരണം പഴയനിമയം ഏതാണ്ട് പകുതിയിലധികവും ചരിത്രമാ ണെന്നതു തന്നെ. ജോഷ്വാ, ന്യായാധിപന്മാർ, 1, 2 സാമുവൽ 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തം, എസ്രാ, നെഹേമിയ, 1, 2 മക്കബായർ എന്നീ പുസ്തകങ്ങൾ ചരിത്രഗ്രന്ഥങ്ങൾ എന്നു തന്നെയാണ് അറിയപ്പെടുന്നത്. എന്നാൽ ഇവയിൽ വിവരിക്കുന്ന ചരിത്രം പൂർണ്ണമല്ല. എഴുത്തുകാരന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുരൂപമായവ മാത്രമാണ് ഇവയിൽ വിവരിക്കുന്നത്. ഇവ മനസ്സിലാക്കാൻ ഇവയുടെ പശ്ചാത്തലം കൂടി അറിഞ്ഞേ സാധിക്കുക യുള്ളൂ. ഉദാഹരണത്തിന് ഉത്പ. 12:1-3-ൽ അബ്രഹാം കനാൻദേശ ത്തിലേയ്ക്കു യാത്ര ചെയ്യാൻ ദൈവം നിർദ്ദേശം നൽകുന്നതായി കാണുന്നു. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെയൊരു കുടിയേറ്റം ആവശ്യമായി വന്നതെന്ന് അവിടെ പറയുന്നില്ല. പുറപ്പാട് 1:11-ൽ ഇസ്രായേൽക്കാർ ഈജിപ്തിൽ പീഡിപ്പിക്കപ്പെട്ടതായും ചില നഗരങ്ങൾ അവർ ഈജിപ്തുകാർക്കുവേണ്ടി പണിതതായും പറയുന്നു. ആരാണ് ഇവരെ പീഡിപ്പിച്ച രാജാവ് എന്ന് അവിടെ സൂചനയില്ല. അതായത് ബൈബിളിൽ വിവരിക്കുന്ന ചരിത്രം ബൈബിളിനു പുറത്തു നിന്ന് ശേഖരിക്കാവുന്ന ചരിത്രവസ്തുതകളുടെ സഹായ ത്തോടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. സങ്കീർത്തനങ്ങൾ പ്രധാനമായും പ്രാർത്ഥനകളാണ്. എങ്കിലും അവയിലുമുണ്ട് ചരിത്ര

www.malankaralibrary.com

സൂചനകൾ. ഇവയുടെ വിശദാംശങ്ങൾ പഠിക്കാതെ സങ്കീർത്തന പ്പുസ്തകം മനസ്സിലാക്കാനാകില്ല. പ്രവാചകന്മാർ ദൈവം തങ്ങൾക്കു വെളിപ്പെടുത്തുന്ന സത്യങ്ങളാണ് ജനങ്ങൾക്കുമുമ്പിൽ പ്രസംഗി ക്കുന്നത്. എന്നാൽ ഈ സത്യങ്ങൾ ചരിത്രത്തോടു കെട്ടുപിണഞ്ഞു കിടക്കുന്നു. ചരിത്രമറിയാതെ പ്രവാചകന്മാരെ മനസ്സിലാക്കാനാകില്ല. ചുരുക്കത്തിൽ പഴയനിയമം മുഴുവൻ തന്നെ ചരിത്രത്തോടു ബന്ധപ്പെട്ട താണ്. കാരണം യഹൂദമതം ചരിത്രത്തോടു അഭേദ്യമായ ബന്ധം പുലർത്തുന്നു. ദൈവത്തെപ്പറ്റിയുള്ള നിത്യസത്യങ്ങളല്ല, ദൈവം ചരിത്രത്തിൽ ഇടപെടുന്ന രീതിയാണ് യഹൂദമതത്തിന്റെ ജീവനാഡി. ഈ ചരിത്രപരമായ ഇടപെടലുകളാണ് യഹൂദരെ ദൈവത്തോടു ബന്ധ പ്പെടുത്തിയതും ആ ബന്ധത്തിന്റെ ആഘോഷമായ യഹൂദമതത്തിന് ജന്മമേകിയതും.

പഴയനിയമത്തെപ്പറ്റി പറഞ്ഞതുതന്നെ പുതിയനിയമത്തെ പ്പറ്റിയും പറയാം. യഹൂദരുടെ സാമുദായിക പരിധികൾ ലംഘിച്ച് സാർവ്വത്രികതയുടെ തലത്തിലാണ് പുതിയനിയമം സഞ്ചരിക്കുന്ന തെങ്കിലും പഴയനിയമത്തിന്റെ കെട്ടുപാടിൽ നിന്ന് പൂർണ്ണമായും വിമുക്തമല്ല.

അബ്രഹാം മുതൽ മോശ വരെ

യഹൂദചരിത്രം അബ്രഹാമിലാണ് ആരംഭിക്കുന്നത്. യഹൂദർ അബ്രഹാമിന്റെ സന്തതികൾ എന്നാണ് അറിയപ്പെടുന്നത്. അതിലാണ് അവർ അഭിമാനം കൊള്ളുന്നതും. അബ്രഹാമിനു രണ്ടു മക്കൾ ഉണ്ടാ യിരുന്നുവെന്നത് ബൈബിൾ വായിച്ചിട്ടുള്ളവർക്കെല്ലാം വ്യക്തമാണ ല്ലോ. അബ്രഹാമിന്റെ ഭാര്യയായ സാറായുടെ അടിമയായ ഹാഗാറിൽ ജനിച്ചവനാണ് അബ്രഹാമിന്റെ ആദ്യപുത്രൻ. അവന്റെ പേര് ഇസ്മായേൽ എന്നായിരുന്നു. ഇസ്മായേലിന്റെ വംശപരമ്പരയെപ്പറ്റി ബൈബിൾ വിശദമായൊന്നും വിവരിക്കുന്നില്ല. എങ്കിലും ഉത്പ 21:21-ൽ നാം ഇങ്ങനെ കാണുന്നു:

> അവൻ (ഇസ്മായേൽ) പാരാനിലെ മരുഭൂമിയിൽ പാർത്തു
> അവന്റെ അമ്മ (ഹാഗാർ) ഈജിപ്തിൽ
> നിന്ന് അവനൊരു ഭാര്യയെ തെരഞ്ഞെടുത്തു.

പാരാനിലെ ജനങ്ങളാണ് ഇസ്മായേലിന്റെ സന്താന പരമ്പര യെന്ന് യഹൂദർ വിശ്വസിച്ചിരിക്കണം. എന്തായാലും ഇവരും അബ്ര

www.malankaralibrary.com

ഹാമിന്റെ സന്തതികളാണെന്ന് ബൈബിൾ സാക്ഷിക്കുന്നു. എന്നാൽ ഇവരല്ല ഇസ്രായേൽക്കാർ, അബ്രഹാമിന് സാറായിൽ ജനിച്ച പുത്രനായ ഇസഹാക്കിന്റെ സന്താനപരമ്പരയാണ് യഹൂദർ അഥവാ ഇസ്രായേൽ ജനം.

അബ്രഹാമിന്റെ പൂർവ്വികർ

അബ്രഹാമിന്റെ പൂർവ്വികരെപ്പറ്റി ഉത്പ 11: 10-30-ൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഷേം മുതൽ അബ്രഹാംവരെയുള്ള തലമുറകളുടെ കഥയാണത്. ഷേം നോഹയുടെ മകനാണ്. നോഹയുടെ കാലത്താണല്ലോ ജലപ്രളയമുണ്ടായത്. ജലപ്രളയത്തിനുശേഷമുള്ള തലമുറയിൽ ആദ്യതലമുറക്കാരനാണ് ഷേം. ഷേമിനുശേഷമുള്ള തലമുറകളായി ബൈബിൾ നല്കുന്നത് അർഫാഷാദ്, ഷേല, ഏബർ, പെലെഗ്, റെവു, സെറുഗ്, നാഹോർ, തേറഹ് എന്നിവരുടെ തലമുറകളാണ്. തേറഹാണ് അബ്രഹാമിന്റെ പിതാവ്. തേറഹിന് അബ്രഹമിനെകൂടാതെ നാഹോർ, ഹാരാൻ എന്ന് രണ്ടു പുത്രന്മാർ കൂടി ഉണ്ടായിരുന്നു. ഈ കുടുംബം കൽദായരുടെ ഊർ എന്ന പ്രദേശത്താണ് താമസിച്ചിരുന്നതെന്ന് ഉത്പ 11:31-ൽ നിന്ന് മനസ്സിലാക്കാം. ഇതേ വാക്യത്തിൽ നിന്ന് തേറഹും കുടുംബവും (തേറഹിന്റെ ഒരു പുത്രനായ നാഹോറിനെ കൂടാതെ) ഊറിൽ നിന്ന് പുറപ്പെട്ട് കാനാൻ ദേശത്തേക്ക് യാത്രചെയ്തുവെന്ന് മനസ്സിലാക്കാം. എന്നാൽ കാനാൻ ദേശത്ത് എത്തുന്നതിനുമുമ്പ് വഴിമദ്ധ്യേ ഹാരാൻ എന്ന സ്ഥലത്ത് താത്ക്കാലികമായി താമസിച്ചുവെന്നും അവിടെവച്ച് ഈ കുടിയേറ്റ സംഘത്തിന്റെ നേതാവും കുടുംബത്തിലെ പിതാവുമായിരുന്ന തേറഹ് മരിച്ചുവെന്നും 11:32-ൽ പറയുന്നു. ഇപ്പോൾ ഈ കുടിയേറ്റ സംഘത്തിലെ നേതാവ് അബ്രഹാമാണ്. അബ്രഹാമിനെ ദൈവം താൻ കാണിച്ചുതരുന്ന സ്ഥലത്തേക്ക് പോകാൻ ദൈവം വിളിക്കുന്നുവെന്നാണ് 12:1-3-ൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ദൈവം ആവശ്യപ്പെടുന്നത് "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോകുക" (12:1) എന്നാണ്. അബ്രഹാമിന്റെ പിതാവായ തേറഹ് തന്നെ പിതൃഭവനവും ബന്ധുക്കളെയും വിട്ടുകഴിഞ്ഞിരുന്നു. ആ സ്ഥിതിക്ക് ഈ വാക്കുകളുടെ അർത്ഥം എന്ത്? പിതാവു മരിച്ചതുകൊണ്ട് അബ്രഹാം ഊറിലേയ്ക്ക് തിരിച്ചുപോകുമോ എന്ന സംശയമാണോ ഇങ്ങനെയൊരു വിളിക്കു പിന്നിലുള്ളത്. ഇവിടെ മാത്രമല്ല ഈ പ്രശ്നമുള്ളത്. സ്തേഫാനോസിന്റെ പ്രസംഗത്തിലും അബ്രഹാമിനെപ്പറ്റി ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്.

www.malankaralibrary.com

നമ്മുടെ പിതാവായ അബ്രഹാം ഹാരാനിൽ താമസിക്കുന്നതി നുമുമ്പ്

മെസപ്പൊട്ടാമിയായിലായിരിക്കുമ്പോൾ, മഹത്വത്തിന്റെ ദൈവം
അവനു പ്രത്യക്ഷനായി അവനോടു പറഞ്ഞു:
നിന്റെ നാട്ടിൽ നിന്നും ബന്ധുക്കളിൽ നിന്നും
നീ പുറപ്പെട്ടു ഞാൻ കാണിച്ചുതരുന്ന
ദേശത്തേക്കു പോകുക (അ.പ്ര.7:2,3).

ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത് ഊറിലായിരിക്കുമ്പോൾ തന്നെ അബ്രഹാമിന് വിളിയുണ്ടായെന്നും ഈ വിളിക്ക് മറുപടിയെന്ന നിലയിലാണ് തേറഹ് കുടുംബത്തെയും കൂട്ടിക്കൊണ്ട് കുടിയേറാൻ തീരുമാനിച്ചതെന്നുമാണ്. ഇതെല്ലാം ബൈബിളിന്റെ വിശദീകരണങ്ങ ളാണ്. അതായത് ചരിത്രത്തിൽ നടന്ന ഒരു കുടിയേറ്റത്തെ, കാനാൻ ദേശത്തേയ്ക്കുള്ള അബ്രഹാമിന്റെ കുടിയേറ്റത്തെ, വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കണ്ട് അത് ദൈവത്തിന്റെ വിളിയായിരുന്നുവെന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. ഈ സംഭവങ്ങളുടെ ചരിത്രം എന്തെന്ന് നോക്കാം.

മെസപ്പൊട്ടാമിയായും ഊറും

കൽദായരുടെ ഊർ എന്നാണ് ഊർ എന്ന പട്ടണം പലപ്പോഴും ബൈബിളിൽ വിശേഷിപ്പിക്കപ്പെടുന്നത് (ഉത്പ 11:28;31;15:7; നെഹ മിയ 9:1). നവശിലായുഗം (Neolithic age) (BC 4000-3000) മുതലെ ങ്കിലും ഈ പട്ടണത്തിൽ മനുഷ്യവാസമുണ്ടായിരുന്നതിന് തെളിവു കൾ ഉണ്ട്. ബി.സി. 2700 വരെ ഉറുക്ക് (എറിക്ക് - (Erech) എന്ന പട്ടണ ത്തിന്റെ അധീനതയിലാണ് ഊറ് കഴിഞ്ഞുപോന്നത്. എന്നാൽ ബി.സി. 2700-ൽ ഈ പട്ടണം സ്വതന്ത്രമായി. അതോടെ ഊർ നഗരത്തിലെ ആദ്യരാജഭരണം ആരംഭിച്ചു. പിന്നീട് ഈപട്ടണം മെസപ്പൊട്ടേമിയ എന്ന വിശാലമായ രാജ്യത്തിന്റെ തലസ്ഥാനമായി മാറി. ഇവിടുത്തെ മൂന്നു രാജവംശങ്ങളെപ്പറ്റി ചരിത്രമുണ്ട്. ഒന്നും രണ്ടും രാജവംശങ്ങ ളുടെ കാലഘട്ടത്തിൽ തുടർച്ചയായ വളർച്ചയുടെ ചരിത്രമാണ് ഊറിന് ഉള്ളത്. എന്നാൽ മൂന്നാം രാജവംശം ഭരണമാരംഭിച്ചതോടെ ഊറിന്റെ പ്രാബല്യവും പ്രശസ്തിയും കുറയാൻ തുടങ്ങി. ഇക്കാലത്ത് എലാമ്യർ (Elamites) എന്നൊരു വംശം ജനങ്ങൾ ഊറുമായി പൊരുതുകയും ബി.സി.2015-ൽ മൂന്നാം രാജവംശത്തെ പൂർണ്ണമായി പരാജയപ്പെടുത്തി ഊറിന്റെ ഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇതോടെ ഈ പട്ടണ

www.malankaralibrary.com

ത്തിലെ പാരമ്പര്യജനതയ്ക്ക് അവിടെ തുടരാനാകാത്ത സ്ഥിതിയുണ്ടായി. അവിടുത്തെ ജനങ്ങൾ മറ്റു പല സ്ഥലങ്ങളിലേക്കും കുടിയേറി പാർക്കാൻ തുടങ്ങി. അക്കാലത്ത് കുടിയേറ്റക്കാരുടെ ഏറ്റവും വലിയ ആകർഷണങ്ങളായിരുന്നു, കാനാനും ഈജിപ്തും. ഈ രണ്ടു പ്രദേശങ്ങളും വളരെ ഫലഭൂയിഷ്ഠമായ സ്ഥലങ്ങളായിരുന്നു. ഇങ്ങനെ ഊർവിട്ട് പുതിയൊരു സ്ഥലംതേടി ഇറങ്ങിയ കുടുംബങ്ങളിലൊന്നാണ് തേറഹിന്റേത് എന്ന് മനസ്സിലാക്കാം. ഇവർ ഇറങ്ങിത്തിരിച്ചത് കാനാൻ ദേശത്ത് കുടിയേറി പാർക്കാനാണ്.

തേറഹിന്റെ കുടുംബം ഒരു അർദ്ധ ഇടയ കുടുംബമായിരുന്നുവെന്ന് ചിന്തിക്കാൻ ന്യായമുണ്ട്. അർദ്ധ ഇടയസമൂഹമെന്നാൽ വർഷത്തിന്റെ പകുതിയോളം പട്ടണങ്ങളിലും ബാക്കി പകുതി വനപ്രദേശത്തും ജീവിക്കുന്നവർ എന്നർത്ഥം. തേറഹിന്റെ കുടുംബം അർദ്ധ ഇടയ സമൂഹത്തിൽപ്പെട്ടതായിരുന്നുവെന്നതിന് ചില തെളിവുകൾ ഉത്പത്തിപുസ്തകത്തിലുണ്ട്. 12:5-ൽ അബ്രഹാം നേടിയ സമ്പത്തിനെപ്പറ്റി പറയുന്നു. ഫറവോ അബ്രഹാമിന് ആടുകൾ, കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ ഇവ കൊടുത്തുവെന്ന് ഉത്പ 12:16-ൽ പറയുന്നു. അബ്രഹാം ഒരു ഇടയവംശജനല്ലെങ്കിൽ ഇവയെ അബ്രഹാമിന് കൊടുക്കാൻ സാധ്യതയില്ലല്ലോ. ഉത്പ 13:2-ൽ ഇങ്ങനെ കാണുന്നു" അബ്രഹാമിന് ധാരാളം കന്നുകാലികളും.... ഉണ്ടായിരുന്നു." അബ്രഹാമിനു വ്യക്തിപരമായി ആടുകളും മാടുകളും ഉണ്ടായിരുന്നുവെന്നല്ല, ആ കുടുംബം ഇടയകുടുംബമായിരുന്നുവെന്ന് ലോത്തിന്റെ സമ്പത്തുക്കളായ ആടുമാടുകളെപ്പറ്റി പറയുന്നതിൽ നിന്ന് മനസ്സിലാക്കാം: "അവന്റെ (അബ്രഹാമിന്റെ) കൂടെ പുറപ്പെട്ട ലോത്തിനും ആട്ടിൻ പറ്റങ്ങളും കന്നുകാലിക്കൂട്ടങ്ങളും കൂടാരങ്ങളുമുണ്ടായിരുന്നു' (13:5). മാത്രമല്ല കന്നുകാലികളുടെ വർദ്ധനകൊണ്ട് അബ്രഹാമിനും ലോത്തിനും ഒന്നിച്ചു പാർക്കാനാകാതെ വന്നുവെന്നും നാം വായിക്കുന്നു (ഉത്പ 13:6). മാത്രമല്ല, അബ്രഹാം കനാൻദേശത്ത് വന്നിട്ട് എവിടെയെങ്കിലും സ്ഥിരമായി താമസിക്കാതെ ഇടം മാറി മാറി താമസിക്കുന്നതായി കാണുന്നു. കാനാൻ ദേശത്ത് എത്തിയ അബ്രഹാം ഷെക്കെമിലും, പിന്നീട് ബഥേലിനു കിഴക്കും പിന്നീട് നെഗെബിന് നേരെയും യാത്ര ചെയ്തു അവിടെനിന്ന് ഈജിപ്തിലേയ്ക്കു പോയെന്നും ഈജിപ്തിൽനിന്ന് വീണ്ടും നെഗെബിലേയ്ക്കും വീണ്ടും ബഥേലിലേയ്ക്കും (13:3) അവിടെ നിന്നു ഹെബ്രോണിലുള്ള മാമ്രയുടെ ഓക്കുമരങ്ങൾക്കു സമീപം ചെന്ന് താമസമാക്കിയതായും (13:18) നാം കാണുന്നു. ഇങ്ങനെ മാറി മാറി

www.malankaralibrary.com

താമസിക്കുകയെന്നത് ഇടയന്മാരുടെ രീതിയാണല്ലോ. ഇങ്ങനെ അല ഞ്ഞുതിരിഞ്ഞിരുന്ന അബ്രഹാമിന് ഈ കാലഘട്ടത്തിലെങ്ങും സ്വന്ത മായി സ്ഥലമൊന്നുമില്ലായിരുന്നു. ഇവർ ആട്ടിടയന്മാരാണെന്ന് ഉത്പ 47:3-ലും കാണുന്നു.

അബ്രഹാമിന്റെ ഭാര്യയായ സാറാ മരിച്ചപ്പോഴാണ് സ്വന്തമായി ഒരു സ്ഥലം വാങ്ങാൻ അബ്രഹാമിനു കഴിഞ്ഞത്. മരിച്ച ഭാര്യയെ അട ക്കാൻ ഒരു സ്ഥലം ചോദിച്ചുകൊണ്ട് കനാൻ ദേശത്തെ ജനങ്ങളെ അദ്ദേഹം സമീപിക്കുന്നു. സ്ഥലം വില്ക്കാൻ കനാൻകാർ ആദ്യം തയ്യാ റാകുന്നില്ല, പിന്നീട് 400 ഷെക്കൽ വെള്ളി എണ്ണി കൊടുത്ത് മക്പെലാ (Mach pelah) എന്ന സ്ഥലത്ത് ഒരു ഗുഹവാങ്ങി അതിലാണ് സാറായെ അടക്കിയത്. ഇതാണ് അബ്രഹാമിനും അദ്ദേഹത്തിന്റെ സന്തതിപരമ്പ രകൾക്കും കനാൻ ദേശത്തു സ്വന്തമാക്കാൻ കഴിഞ്ഞ ആദ്യത്തെ സ്ഥലം. ഇത് അബ്രഹാമിന്റെ ചരിത്രത്തിലെ നാഴികക്കല്ലായി കണക്കാക്കേ ണ്ടതുണ്ട്. ഈ സ്ഥലം പിന്നീട് അദ്ദേഹത്തിന്റെ പിൻമുറയിലെ അനേ കരുടെ സംസ്കാരത്തിനുള്ള സ്ഥലമായി മാറി (ഉത്പ 23:17 ff). ആദ്യം സാറായും പിന്നീട് അബ്രഹാമും ഈ സ്ഥലത്ത് തന്നെയാണ് അടക്കം ചെയ്യപ്പെട്ടത്. അടുത്ത തലമുറയിലെ അംഗങ്ങളും - ഇസഹാക്കും അദ്ദേഹത്തിന്റെ ഭാര്യയായ റെബേക്കായും, അതിന്റെയും അടുത്ത തലമുറയിൽപ്പെട്ട യാക്കോബും ലെയായും ഇവിടെ അടക്കം ചെയ്യ പ്പെട്ടു. ഇങ്ങനെ മക്പെലെ അബ്രഹാമിന്റെ കുടുംബത്തിന്റെ സ്വന്തവും മരിച്ചവരുടെ ശ്മശാനഭൂമിയുമായി മാറി. എന്നാൽ റാഹേലിനെ ഇവി ടെയല്ല അടക്കം ചെയ്തത്. അതിനു കാരണമുണ്ട്. വഴിയാത്രയിൽ ബേത്ലഹേമിൽ വച്ചാണ് റാഹേൽ മരിച്ചത്. അതിനാൽ ബേത്ലഹേ മിൽതന്നെ അവൾ അടക്കം ചെയ്യപ്പെട്ടു. ഈ മക്പെലെയാണ് കനാൻ നാട്ടിൽ യഹൂദർ സ്വന്തമാക്കിയ ആദ്യത്തെ ഭൂമി. പിന്നീട് ലാബാന്റെ അടുക്കൽനിന്ന് മടങ്ങിവന്ന യാക്കോബ് ഷെക്കെമിൽ ഒരു സ്ഥലം വാങ്ങുകയുണ്ടായി (ഉത്പ 33:18f). ഇത് ഇസ്രായേൽ ജനം സ്വന്തമാ ക്കിയ രണ്ടാമത്തെ സ്ഥലമാണ്.

അബ്രഹാമും ഇസഹാക്കും കനാൻ ദേശത്ത് വിദേശികളെ പ്പോലെ ജീവിച്ചു, യാക്കോബിന്റെയും സ്ഥിതി ഇതായിരുന്നു. എന്നാൽ പിന്നീട് കനാൻ ദേശത്ത് വലിയ പട്ടിണിയുണ്ടാകുകയും യാക്കോബും കുടുംബവും ഈജിപ്തിലേക്കു കുടിയേറിപ്പാർക്കുകയും ചെയ്തു. യാക്കോബിന്റെ മക്കളായി ഈജിപ്തിൽ കുടിയേറിപ്പാർത്തവർ അറു പത്തിയാറു പേരാണെന്നും (46:26) ജോസഫിനു ജനിച്ച പുത്രന്മാ

www.malankaralibrary.com

രുൾപ്പെടെ ആകെ എഴുപതുപേരാണ് ഈജിപ്തിൽ ഇസ്രായേൽ ജനമായി ഉണ്ടായിരുന്നതെന്നുമാണ് (ഉത്പ 46:27) ബൈബിൾ നല്കുന്ന ജനസംഖ്യ.

ജോസഫിന്റെ കുടുംബക്കാർ എന്ന നിലയിൽ ഈജിപ്തിൽ നല്ല സ്വീകരണം ലഭിച്ച ഇസ്രായേൽജനം പിന്നീട് ഈജിപ്തിൽ അടിമകളായി. അതിനുകാരണം ജോസഫിനെപ്പറ്റി അറിവില്ലാതിരുന്ന ഒരു രാജാവ് ഈജിപ്തു ഭരിക്കാൻ തുടങ്ങിയതാണ് (പുറ 1:8-9). ഇങ്ങനെ ഇസ്രായേൽജനം ഈജിപ്തിൽ അടിമത്തം അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴാണ് മോശയുടെ ജനനം. മോശയുടെ ജനനത്തെപ്പറ്റിയും ബാല്യത്തെപ്പറ്റിയും ബൈബിൾ നല്കുന്ന വിവരങ്ങളല്ലാതെ ചരിത്രപരമായി തെളിയിക്കാൻ കഴിയുന്ന വിവരങ്ങൾ ലഭ്യമല്ല. ബൈബിൾ നല്കുന്ന വിവരമനുസരിച്ച് ലേവി ഗോത്രത്തിൽപ്പെട്ടവരായിരുന്ന മോശയുടെ മാതാപിതാക്കന്മാർ (പുറ 2:1-2). ഈജിപ്തു രാജാവിന്റെ കല്പനപ്രകാരം ഇസ്രായേൽക്കാർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നൈൽനദിയിൽ എറിഞ്ഞുകളയുകയാണ് വേണ്ടത്. എന്നാൽ മോശയെ അവന്റെ മാതാവ് മൂന്നുമാസം രഹസ്യമായി വളർത്തിയശേഷം തുടർന്നു വളർത്താൻ കഴിയാത്തതിനാൽ ഒരു ഞാങ്ങണപ്പെട്ടിയിലാക്കി കുട്ടിയെ നൈൽനദിയിൽകൊണ്ടുവച്ചു. നദിയിൽ മറ്റൊരിടത്ത് കുളിക്കുകയായിരുന്ന ഫറവോയുടെ പുത്രി തന്റെ അടുക്കൽ ഒഴുകിവന്ന ഞാങ്ങണപ്പെട്ടി തുറന്ന് അതിലുണ്ടായിരുന്ന കുട്ടിയെക്കണ്ടു വിസ്മയിക്കുകയും അവനെ എടുത്തു തന്റെ സ്വന്തം കുട്ടിയെപ്പോലെ വളർത്തുകയും ചെയ്തുവെന്നാണ് കഥ. അങ്ങനെ മോശയുടെ ബാല്യവും യൗവനവും ഫറവോ രാജാവിന്റെ കൊട്ടാരത്തിലാണ് ചെലവഴിച്ചത്. പിന്നീട് മോശ തന്റെ ജനങ്ങൾ ഈജിപ്തിൽ അടിമത്തമനുഭവിക്കുന്ന ഇസ്രായേൽക്കാരാണെന്ന് മനസ്സിലാക്കി അവരോടു ചേരാൻ ആഗ്രഹിച്ചു. ഫറവോയിൽ നിന്നകന്ന് മിദിയാൻ നാട്ടിലെത്തിയ മോശ മിദിയാനിലെ പുരോഹിതനായ റവുവേലിന്റെ മകൾ സിപ്പോറയെ വിവാഹം ചെയ്തു. അദ്ദേഹത്തോടൊപ്പം താമസിച്ചു. ഇങ്ങനെ മിദിയാനിൽ താമസിക്കുമ്പോൾ ഒരു ദർശനം വഴി ഈജിപ്തിൽ അടിമത്തം അനുഭവിക്കുന്ന ഇസ്രായേൽ ജനത്തെ അവിടെനിന്ന് മോചിപ്പിച്ച് വാഗ്ദത്ത നാടായ കാനാൻ ദേശത്ത് കൊണ്ടുവരാൻ നിയോഗം ലഭിച്ചുവെന്നാണ് ബൈബിൾ നല്കുന്ന വിവരം (പുറ 3:1-22). മോശ ദൈവം നല്കിയ നിർദ്ദേശമനുസരിച്ച് ഈജിപ്തിലെത്തുകയും തങ്ങളുടെ ദൈവത്തിന് ബലിയർപ്പിക്കാൻ ജനങ്ങളെ വിമോചിപ്പിക്കണ

www.malankaralibrary.com

മെന്നു ഫറവോ രാജാവിനോടു അപേക്ഷിക്കുകയും ചെയ്തു. എന്നാൽ ജനങ്ങളെ സ്വതന്ത്രരാക്കാൻ രാജാവ് തയ്യാറായിരുന്നില്ല. തത്ഫലമായി പത്ത് വ്യാധികൾ ഒന്നിനു പിറകേ ഒന്നായി ഈജിപ്തിൽ വരുത്തുകയും അതിന്റെ ഫലമായി ജനങ്ങളെക്കൊണ്ട് പൊയ്ക്കൊള്ളാൻ രാജാവ് അനുവദിച്ചെന്നുമാണ് പുറപ്പാടു പുസ്തകത്തിൽനിന്ന് ലഭിക്കുന്ന വിവരം. ഇത് വിശ്വാസത്തിന്റെ വെളിച്ചത്തിലുള്ള വ്യാഖ്യാനമാണെന്നു വിചാരിക്കണം. യഹൂദരുടെ മതജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന പെസഹാ ആചരണം ഈജിപ്തിൽ നിന്നുള്ള വിമോചനത്തിന്റെ ഓർമ്മയായി പുറപ്പാടു പുസ്തകം വ്യാഖ്യാനിക്കുന്നു.

പുറപ്പാട് എന്നു സംഭവിച്ചു എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ സഹായിക്കുന്ന ചില സൂചനകൾ ബൈബിളിലുണ്ട്. പുറ 1:1-11-ൽ ഇസ്രായേൽ ജനത ഫറവോയ്ക്കുവേണ്ടി പിത്തോം, റമ്സേസ് എന്നീ സംഭരണ നഗരങ്ങൾ നിർമ്മിച്ചു എന്നു കാണുന്നു. അക്കാലത്തെ സമ്പ്രദായമനുസരിച്ച് രാജാവിന്റെ പേരുതന്നെ നഗരങ്ങൾക്ക് നല്കുമായിരുന്നു. ഇതിൽനിന്ന് ഇസ്രായേൽ ജനതയെ പീഡിപ്പിച്ച രാജാവ് റമ്സേസ് രാജാവാണെന്നു മനസ്സിലാക്കാം. ഈ രാജാവ് റമ്സേസ് രണ്ടാമനാണെന്നാണ് ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുള്ളത്. റമ്സേസ് രണ്ടാമന്റെ ഭരണകാലം ബി.സി. 1270-1224 ആണ്. അതിൽനിന്ന് പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (ബി.സി. 1270-ന് അടുത്ത കാലത്ത്) പുറപ്പാടുസംഭവം നടന്നുവെന്ന് ചിന്തിക്കാം.

ഈജിപ്തിലെ റമ്സേസിലെ സോവാറിൽ നിന്ന് പുറപ്പെട്ട ഇസ്രായേൽ ജനം ആദ്യം എത്തിച്ചേർന്നത് സുക്കോത്തിലാണ്. അവിടെ നിന്ന് പുറപ്പെട്ടു എത്താമിലെത്തി (സംഖ്യ 33:6). അടുത്തതായി അവർ മിഗ്ദോലിലെത്തി. വീണ്ടും പല സ്ഥലങ്ങളിൽ താവളമടിച്ച് മൊവാബു സകരുലത്തിൽ എത്തിച്ചേർന്നു. ഈ ഘട്ടങ്ങളിലെല്ലാം മോശയുടെ നേതൃത്വം അവർക്കു ലഭിച്ചിരുന്നു. മൊവാബിൽ ജനങ്ങളെ കൊണ്ടെത്തിച്ചശേഷമാണ് മോശ മരിക്കുന്നത്. ഇത്രയുംകാലം ജനങ്ങൾക്ക് നേതൃത്വം നല്കിയ മോശയ്ക്ക് ലക്ഷ്യസ്ഥാനമായ കനാൻ ദേശത്ത് പ്രവേശിക്കാനോ ജനങ്ങളെ അവിടെ എത്തിക്കാനോ കഴിഞ്ഞില്ല. മൊവാബിൽനിന്ന് ജോർദ്ദാൻ നദി കടത്തി കനാൻ ദേശത്ത് ജനങ്ങളെ എത്തിച്ചത് മോശയുടെ പിൻഗാമിയായ ജോഷ്വായാണ്.

റമ്സേസ് മുതൽ മൊവാബുവരെയുള്ള യാത്രയുടെ ഘട്ടങ്ങൾ സംഖ്യാ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു (സംഖ്യ 33).

www.malankaralibrary.com

റമ്സെസ് -> സുക്കോത്ത് -> എത്താം -> മിഗ്ദോൽ. ഇവിടെവച്ചാണ് ചെങ്കടൽ കടക്കുന്നത്.

മിഗ്ദോൽ -> മാറാ -> ഏലിം -> ചെങ്കടലിനരുകിൽ -> സിൻമരുഭൂമി -> ദൊഫ്ക്ക -> ആലുഷിൽ -> റഫീദിം -> സീനായ് -> കിബ്രാത്ത് ഹത്താവ -> സസേറോത്ത് -> റിത്മാ -> റിമ്മോൺ പേരെസ് -> ലിബ്നാ -> റിസ്സാ -> കെഹേലാത്ത -> ഷേഫെർമല -> ഹരാദാ -> മാക്ഹേലോത്ത് -> തഹത്ത് -> തേരഹ് -> മിത്കാ -> ഹഷ്മോന -> മൊസെറോത്ത് -> ബനേയാക്കാൻ ->

ഈജിപ്തിൽനിന്ന് പുറപ്പെട്ട ഇസ്രായേൽജനം കനാൻ ദേശത്തിന്റെ തൊട്ടടുത്തുള്ള മൊവാബുദേശത്ത് എത്താൻ 40 സംവത്സരങ്ങൾ എടുത്തുവെന്നാണ് ബൈബിളിൽ നിന്ന് ലഭിക്കുന്ന വിവരം. ഇത്രയും കാലതാമസം ഉണ്ടാകാനുള്ള ചരിത്രപരമായ കാരണങ്ങൾ എന്താണെന്ന് വ്യക്തമല്ല. 40 വർഷത്തെ യാത്ര കഴിഞ്ഞ് മൊവാബിലെത്തിയ ജനം അവിടെ പാളയമടിച്ചു വസിക്കുമ്പോഴാണ് അവരുടെ നേതാവായ മോശ മരിക്കുന്നത്. മൊവാബുദേശത്തെ ബത്പെയോറിനു എതിരെയുള്ള താഴ്വരയിൽ മോശ സംസ്കരിക്കപ്പെട്ടുവെന്നും ബൈബിൾ സാക്ഷിക്കുന്നു. (നി.ആ 34:6). പിന്നീട് ജോഷ്വായെയാണ് ഇസ്രായേൽ ജനത്തിന്റെ നേതൃത്വം ദൈവം ഏല്പിക്കുന്നത്. ജോഷ്വാ മോശയുടെ നിഴൽപോലെയായിരുന്നു. മോശയുടെ ആജ്ഞാവർത്തിയായി ഈ വഴിയിലെല്ലാം മോശയെ അനുഗമിച്ച ശിഷ്യൻ എന്ന നിലയിൽ നേതൃത്വം ഏറ്റെടുക്കാൻ ഏറ്റവും യോജിച്ച ആൾ തന്നെയായിരുന്നു ജോഷ്വാ.

ജോഷ്വായുടെ ഉത്തരവാദിത്വം ഇനിയും ലക്ഷ്യത്തിൽ എത്തിച്ചേർന്നിട്ടില്ലാത്ത ജനത്തെ കനാൻ ദേശമെന്ന ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുകയായിരുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള സാക്ഷ്യം ഇതാണ്:

> നൂറിന്റെ പുത്രനായ ജോഷ്വാ ജ്ഞാനത്തിന്റെ ആത്മാവിനാൽ പൂരിതനായിരുന്നു. എന്തെന്നാൽ മോശ അവന്റെ മേൽ കൈകൾ വച്ചിരുന്നു. ഇസ്രായേൽ ജനം അവന്റെ വാക്കു കേൾക്കുകയും കർത്താവു മോശയോടു കല്പിച്ചിരിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്തു (നി.ആ 34:9).

പന്ത്രണ്ടുഗോത്രങ്ങളാണ് ഇസ്രായേൽ ജനമെങ്കിലും എല്ലാ ഗോത്രങ്ങളും വാഗ്ദത്തദേശമായ കനാൻ ദേശമല്ല സ്വന്തമാക്കിയത്. ജോർദ്ദാനു കിഴക്കുള്ള മൊവാബു ദേശമാണ് രണ്ടു ഗോത്രങ്ങൾക്കും

www.malankaralibrary.com

ജോസഫിന്റെ മക്കളിൽ ഒരാളായ മനാസ്സെയുടെ അർദ്ധഗോത്രത്തിനും നല്കപ്പെട്ടത്. എങ്കിലും ഈ ഗോത്രങ്ങളിലെ ആരോഗ്യമുള്ള പുരുഷന്മാരും മറ്റു ഗോത്രങ്ങളോടുചേർന്നു കനാൻദേശവാസികളോടു യുദ്ധം ചെയ്താണ് ആ ദേശം ഒൻപതര ഗോത്രങ്ങൾക്കായി നേടി എടുത്തത്. ജോഷ്വാ ഇക്കാര്യമെല്ലാം എങ്ങനെ ചെയ്തുവെന്ന് ബൈബിൾ വിശദമായി പറയുന്നുണ്ട്:

> റൂബൻ, ഗാദ്ഗോത്രങ്ങളോടും മനാസ്സെയുടെ അർദ്ധ ഗോത്രത്തോടും ജോഷ്വാ പറഞ്ഞു: നിങ്ങളുടെ ദൈവമായ കർത്താവു നിങ്ങൾക്ക് സ്വസ്ഥമായി വസിക്കാൻ ഒരു സ്ഥലം തരുകയാണ്. അവിടുന്ന് ഈ ദേശം നിങ്ങൾക്കു തരും എന്ന് കർത്താവിന്റെ ദാസനായ മോശ നിങ്ങളോടു പറഞ്ഞത് അനുസ്മരിക്കുവിൻ... മോശ നിങ്ങൾക്ക് അവകാശമായിത്തന്നിരിക്കുന്ന സ്ഥലത്തു (മൊവാബു) വസിച്ചുകൊള്ളുവിൻ. (ജോഷ്വാ 1:12-15).

രണ്ടര ഗോത്രങ്ങൾക്ക് മൊവാബുദേശം അവകാശമായി നല്കിയ ശേഷം ആ ഗോത്രങ്ങളിലെ പുരുഷന്മാരോടും മറ്റു ഗോത്രങ്ങളിലെ എല്ലാ ജനങ്ങളോടുമൊപ്പം കനാൻ നാടിന്റെ കിഴക്കേ അറ്റത്തുള്ള പുരാതന നഗരമായ ജെറീക്കോ പിടിച്ചടക്കാൻ പദ്ധതിയിട്ടു. ജറീക്കോ മതിൽ നശിപ്പിക്കുകയായിരുന്നു അവരുടെ ആദ്യത്തെ യജ്ഞം. എന്നാൽ ദൈവംതന്നെ അവർക്കുവേണ്ടി മതിൽ നിലം പതിപ്പിച്ചു. "കാഹളം മുഴങ്ങി. കാഹളധ്വനി കേട്ടപ്പോൾ ജനം ആർത്തട്ടഹസിക്കുകയും മതിൽ നിലം പതിക്കുകയും ചെയ്തു. അവർ ഇരച്ചു കയറി പട്ടണം പിടിച്ചെടുത്തു" (ജോഷ്വാ 6:20). പിന്നീട് ഒന്നൊന്നായി കാനാൻ നാട്ടിലെ മറ്റു രാജ്യങ്ങളെയും ആക്രമിച്ചു കീഴടക്കുകയും നാടു മുഴുവനും യഹൂദർ സ്വന്തമാക്കുകയും ചെയ്തു. ഇസ്രായേൽ കീഴടക്കിയ രാജ്യങ്ങളുടെ ഒരു പട്ടിക ജോഷ്വായുടെ പുസ്തകം 12-ാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്. ആകെ മുപ്പത്തൊന്നു രാജാക്കന്മാരെ ഇസ്രായേൽ ജനം തോല്പിച്ചു കീഴക്കിയെന്നാണ് ജോഷ്വാ 12:9-ൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ ഇസ്രായേൽ സ്വന്തമാക്കിയ സ്ഥലത്തെപ്പറ്റി ജോഷ്വാ 12:1-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

> ജോർദ്ദാനു കിഴക്ക് അർനോൺ താഴ്‌വര മുതൽ ഹെർമോൺ മല വരെയും കിഴക്ക് അരാബേ മുഴുവനും ഇസ്രായേൽ ജനം ആക്രമിച്ചു കൈവശപ്പെടുത്തി (ജോഷ്വാ 12:1).

www.malankaralibrary.com

എന്നാൽ ഇസ്രായേൽ ജോഷ്വായുടെ ജീവിതകാലത്ത് കനാൻ ദേശം മുഴുവൻ സ്വന്തമാക്കിയില്ല. ഇനിയും ആക്രമിച്ചു സ്വന്തമാക്കേണ്ട സ്ഥലങ്ങളെപ്പറ്റി ജോഷ്വാ 13:2-6ൽ പറയുന്നുണ്ട്. എന്നാൽ ഈ ദേശങ്ങളും ഇസ്രായേൽ ജനത്തിന് അവകാശപ്പെട്ടതാണെന്നും ദൈവം തന്നെ ഈ സ്ഥലങ്ങളിൽ കഴിയുന്നവരെ അവിടെ നിന്ന് ഓടിച്ച് ഇസ്രായേലിനു സ്വന്തമാക്കി കൊടുക്കുമെന്നും ദൈവം വാഗ്ദാനം ചെയ്യുന്നുണ്ട് (ജോഷ്വാ 13:6).

ജോഷ്വായ്ക്ക് ദൈവം നല്കിയ അടുത്ത ജോലി ഇസ്രായേലിലെ ഒൻപതര ഗോത്രങ്ങൾക്ക് (റൂബൻ, ഗാദ്, മനാസ്സെയുടെ അർദ്ധഗോത്രവും ഒഴിച്ചുള്ളവർക്ക് നേരത്തെ തന്നെ ജോർദ്ദാന്റെ കിഴക്കുഭാഗത്ത് സ്ഥലം നിശ്ചയിച്ചു നല്കിയിരുന്നല്ലോ) സ്ഥലം വിഭജിച്ചുകൊടുക്കുകയെന്നതാണ്. ജോർദ്ദാന് പടിഞ്ഞാറ് അവകാശം ലഭിക്കാൻ ഒൻപതര ഗോത്രങ്ങൾ ഉണ്ടെങ്കിലും അവയിൽ എട്ടര ഗോത്രങ്ങൾക്ക് മാത്രമാണ് ജോഷ്വാ ജോർദ്ദാന്റെ പടിഞ്ഞാറു കനാൻദേശത്ത് അവകാശം നല്കിയത്. ലേവി ഗോത്രത്തിന് അവകാശം നല്കിയിട്ടില്ല. അതിന്റെ കാരണം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

> "എന്നാൽ ലേവിയുടെ ഗോത്രത്തിന് മോശ അവകാശമൊന്നും നല്കിയില്ല. അവൻ അവരോടു പറഞ്ഞതുപോലെ ഇസ്രായേലിന്റെ ദൈവമായ കർത്താവുതന്നെയാണ് അവരുടെ അവകാശം" (ജോഷ്വാ 13:33).

ഇങ്ങനെ ലേവിഗോത്രത്തിന് ആദ്യവിഭജനത്തിൽ സ്ഥലം നല്കിയില്ലെങ്കിലും പിന്നീട് മറ്റു ഗോത്രങ്ങൾക്കു നല്കിയ സ്ഥലങ്ങളിൽ നിന്ന് കുറേ ലേവിഗോത്രത്തിനായി നല്കിയെന്നും ജോഷ്വായുടെ പുസ്തകത്തിൽ പറയുന്നുണ്ട്. ജോഷ്വാ 21:3-42-ൽ ലേവ്യർക്കു നല്കപ്പെട്ട ദേശങ്ങളുടെ ഒരു പട്ടിക നല്കിയിട്ടുണ്ട്. ആകെ "നാല്പത്തെട്ടു പട്ടണങ്ങളും അവയുടെ മേച്ചിൽ സ്ഥലങ്ങളുമാണ്" (ജോഷ്വാ 21:41) ലേവ്യർക്കു നല്കപ്പെട്ടത്. ലേവ്യർക്ക് അവകാശം നല്കിയില്ലെന്നും നല്കിയെന്നുമുള്ള ഈ രണ്ടു പരാമർശങ്ങൾ ജോഷ്വായുടെ പുസ്തകരചനയെ സ്വാധീനിച്ച വ്യത്യസ്തങ്ങളായ രണ്ടു ദൈവശാസ്ത്രവീക്ഷണങ്ങളെ സൂചിപ്പിക്കുന്നു.

ഇസ്രായേൽ കനാൻദേശം സ്വന്തമാക്കിയ കാലത്തെപ്പറ്റി ബൈബിളിൽനിന്ന് വ്യക്തമായൊന്നും മനസ്സിലാക്കാൻ കഴിയുകയില്ല. എന്നാൽ വലിയൊരു മാറ്റത്തിന് ഈ ഭൂപ്രദേശം വിധേയമായതിന്റെ

www.malankaralibrary.com

സൂചനകൾ ഭൂഗർഭ ഗവേഷണങ്ങളിൽനിന്ന് ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം ബി.സി.പതിമൂന്നാം നൂറ്റാണ്ടിന്റെ പകുതിക്കുശേഷമാണ് യഹൂദർ കനാൻദേശം കീഴടക്കിയതെന്ന് മനസ്സിലാക്കാൻ കഴിയും. ജോഷ്വായ്ക്കുശേഷം ശക്തനായ ഒരു നേതാവിനെ യഹൂദജനതയ്ക്ക് ലഭിച്ചിരുന്നില്ലെന്നാണ് തുടർന്ന് വരുന്ന ചരിത്രം നല്കുന്ന സൂചന. ഏതാണ്ട് 200 വർഷത്തോളം നേതാക്കന്മാരില്ലാത്ത കാലഘട്ടമായിരുന്നു. ഈ കാലഘട്ടത്തിലെ ചരിത്രമാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്ന് ലഭിക്കുന്നത്. ന്യായാധിപന്മാർ ഭരണകർത്താക്കളല്ലായിരുന്നു, ഓരോ കാലഘട്ടത്തിലെയും ആവശ്യമനുസരിച്ച് ജനങ്ങൾക്ക് നേതൃത്വം നല്കിയ താത്ക്കാലിക നേതാക്കളായിരുന്നു. അന്നത്തെ രാഷ്ട്രീയ സാമൂഹിക സാഹചര്യമാണ് ന്യായാധിപന്മാരെ സൃഷ്ടിച്ചത്. മോശ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ദൗത്യം തുടരാൻ വേണ്ടവിധം ജോഷ്വാ ഒരുക്കപ്പെട്ടിരുന്നു. എന്നാൽ ജോഷ്വായുടെ മരണത്തോടെ ഒരുതരം ശൂന്യതയാണ് നേതൃസ്ഥാനത്ത് അനുഭവപ്പെട്ടത്. എന്നാൽ ശക്തമായ നേതൃത്വം ആവശ്യമുള്ള കാലവുമായിരുന്നു അത്. അനേകം രാജ്യങ്ങൾ ഇനിയും കനാൻ ദേശത്തു ബാക്കി നിന്നിരുന്നു. അവ യഹൂദർക്കു നിരന്തരമായ ഭീഷണിയായിരുന്നുവെന്നു മാത്രമല്ല, യഹൂദ ഗോത്രങ്ങൾക്ക് ഈ രാജ്യങ്ങളെ കീഴടക്കാതെ അവിടെ തുടരാനും സാധ്യമല്ലായിരുന്നു. അന്നത്തെ ധാർമ്മികതയും വളരെ അയഞ്ഞതായിരുന്നു. ശത്രുക്കൾ യഹൂദരുടെ വിളകൾ നശിപ്പിക്കുക, കന്നുകാലികളെ മോഷ്ടിച്ചുകൊണ്ടുപോകുക, ഒറ്റയ്ക്കു കാണുന്ന യഹൂദവ്യക്തികളെ കൊല്ലുക എന്നിങ്ങനെ പല വിധത്തിൽ ഉപദ്രവിച്ചുകൊണ്ടിരുന്നു. ചിലപ്പോഴെല്ലാം നാട്ടുരാജാക്കന്മാർ യഹൂദരെ അടിമകളാക്കി വച്ചിരുന്നുവെന്നും ചിന്തിക്കാൻ ന്യായമുണ്ട്.

"ഇസ്രായേലിനെതിരേ കർത്താവിന്റെ കോപം ജ്വലിച്ചു. അവിടുന്ന് അവരെ കവർച്ചക്കാർക്ക് ഏല്പിച്ചുകൊടുത്തു. അവർ അവരെ കൊള്ളയടിച്ചു. ചുറ്റുമുള്ള ശത്രുക്കളുടെ ആധിപത്യത്തിന് അവരെ വിട്ടുകൊടുത്തു. അവരോടു എതിർത്തു നില്ക്കാൻ അവർക്കു കഴിഞ്ഞില്ല" (ന്യായാധി 2:14) എന്ന വാക്യത്തിൽനിന്ന് ഇസ്രായേൽ അനുഭവിച്ച ദുരിതങ്ങൾ എത്ര വലുതായിരുന്നുവെന്ന് മനസ്സിലാക്കാം. എങ്കിലും ചില സമയങ്ങളിലെങ്കിലും ചില പ്രദേശത്തെങ്കിലും ശത്രുക്കളോടു എതിർത്തു നില്ക്കാൻ ഇസ്രായേലിനു കഴിഞ്ഞു. അങ്ങനെ താത്കാലികമായ എതിർത്തു നില്പിനു അവരെ സഹായിച്ചവരെയാണ് ബൈബിൾ ന്യായാധിപന്മാരെന്നു വിളിക്കുന്നത്.

www.malankaralibrary.com

ആകെ 12 ന്യായാധിപന്മാരെപ്പറ്റിയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ പറയുന്നത്. അതിൽ ചിലരെപ്പറ്റി ദീർഘമായ വിവരണമുണ്ട്. ഇവരെ ശ്രേഷ്ഠന്യായാധിപന്മാരെന്നാണ് ബൈബിൾ പണ്ഡിതന്മാർ വിളിക്കുന്നത്. ഗിദയോൻ, ജെഫ്ത്താ, സാംസൺ, ദബോറ മുതലായവരാണ് ശ്രേഷ്ഠർ. ഇവർ ആകെ ആറു പേരാണ്. ദീർഘമായ വിവരണം കൂടാതെ പരാമർശം മാത്രമുള്ള ന്യയാധിപന്മാരാണ് ചെറിയ ന്യായാധിപന്മാർ ഇവരും ആറുപേരാണുള്ളത്. ബൈബിൾ നല്കുന്ന ന്യായധിപന്മാരിൽ പതിനൊന്നുപേരും പുരുഷന്മാരാണ്. എന്നാൽ ഒരാൾ സ്ത്രീയാണ്. ദബോറയെന്നാണ് അവരുടെ പേര്. അവർ ഒരേ സമയം ന്യായാധിപയും പ്രവാചകയുമായിരുന്നു. പഴയ നിയമത്തിൽ നേതൃസ്ഥാനത്ത് ദൈവം തന്നെ കൊണ്ടുവന്ന ഏക സ്ത്രീയാണ് ദബോറ. റൂത്തും, എസ്ത്തേറും യൂദിത്തുമൊക്കെ പ്രധാന സേവനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഭരണരംഗത്ത് എത്തിയിട്ടില്ല. എന്നാൽ അഹസിയായുടെ മാതാവായ അത്താലിയാ, യൂദയായിൽ ആറുവർഷം ഭരണം നടത്തി (2 രാജാ 11:1-3. ഇത് ദൈവം നൽകിയ സ്ഥാനമല്ല. സ്വയം ഏറ്റെടുത്തതാണ്. അതിന്റെ ശിക്ഷ അവർ അനുഭവിക്കുകയും ചെയ്തു. ദബോറയുടെ ചരിത്രം അങ്ങനെയല്ല, യഹൂദർക്ക് നേതൃത്വം നല്കാൻ ദൈവം തന്നെ നിയമിച്ചാക്കിയ ന്യായാധിപയും പ്രവാചകയുമാണ് ദബോറ. അവരെ സഹായിക്കാൻ ബറാക്ക് എന്ന ഒരു പുരുഷനെയും ദൈവം നിയോഗിച്ചു. കനാൻ രാജാവിനെതിരേ യഹൂദർ യുദ്ധം ചെയ്തു വിജയിച്ചത് ദബോറയുടെ കാലത്താണ്.

പന്ത്രണ്ടു ന്യായാധിപന്മാർ നല്കിയ നേതൃത്വത്തെപ്പറ്റിയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ പറയുന്നതെങ്കിലും അവരുടെ നേതൃത്വം ഒന്നിനു പുറകേ ഒന്നായി ലഭിച്ചു എന്നു ചിന്തിക്കൻ പാടില്ല. ഒന്നിലധികം ന്യായാധിപന്മാർ കനാൻദേശത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഒരേ സമയം നേതൃത്വം വഹിച്ചുവെന്ന് ചിന്തിക്കുന്നതാണ് ശരി. ഈ പന്ത്രണ്ട് ന്യായാധിപന്മരുടെ നേതൃത്വകാലം 200 വർഷമേ ഉണ്ടായിരുന്നുള്ളുവെന്നുവേണം വിചാരിക്കാൻ. എന്നാൽ ന്യായാധിപന്മാരുടെ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരം കൂട്ടി നോക്കിയാൽ, ഇരുന്നൂറിലധികം വർഷങ്ങൾ അവരുടെ നേതൃത്വത്തിലായിരുന്നുവെന്നു കാണും. അത് ചരിത്രപരമായി ശരിയാകാൻ നിവൃത്തിയില്ല.

ന്യായാധിപന്മാരിൽ അവസാനത്തെ ആളായിരിക്കണം ഏലി. അദ്ദേഹം പുരോഹിതനും ന്യായാധിപനുമായിരുന്നുവെന്നാണ് 1 സാമുവേലിൽ നിന്ന് മനസ്സിലാകുന്നത്. ഇക്കാലത്താണ് സാമുവേലിന്റെ ജനനം. ദേവാ

www.malankaralibrary.com

ലയത്തിൽതന്നെ വളർത്തപ്പെട്ട സാമുവേൽ പ്രവാചകനായിത്തീർന്നു. ഏലിയുടെ പുത്രന്മാരുടെ തിന്മ ആ കുടുംബത്തെ ഉപേക്ഷിക്കാൻ ദൈവത്തെ നിർബന്ധിച്ചു. ഫിലിസ്ത്യരുമായുണ്ടായ യുദ്ധത്തിൽ ഇസ്രായേൽ പരാജയപ്പെട്ടു. ഇസ്രായലിന്റെ അക്കാലത്തെ ദേവാലയം ഷീലോഹിലായിരുന്നു. ഈ ദേവാലയത്തിലെ പുരോഹിതനായിരുന്നു, ഏലി. ഈ ദേവാലയത്തിലാണ് സാമുവൽ വളർത്തപ്പെട്ടത്. ഇവിടെ വച്ചാണ് അദ്ദേഹത്തിന് ദൈവത്തിന്റെ വിളി ലഭിച്ചതും പ്രവാചകവരം സിദ്ധിച്ചതും. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ യഹൂദർക്കുണ്ടായ നഷ്ടങ്ങളിൽ ഏറ്റവും വലുത് ഈ ദേവാലയം നശിപ്പിക്കപ്പെട്ടുവെന്ന താണ്. മാത്രമല്ല ഈ ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന നിയമപ്പേടകം (വാഗ്ദാനപേടകം) യഹൂദർ തന്നെ യുദ്ധരംഗത്തേക്ക് കൊണ്ടുപോകുകയും അവിടെ വച്ച് ഫിലിസ്ത്യർ അതു പിടിച്ചടുക്കുകയും ചെയ്തു.

അടുത്ത പ്രധാന സംഭവം രാജവാഴ്ചയുടെ തുടക്കമാണ്. സാവൂൾ ആണ് ആദ്യരാജാവ്. കാണാതെ പോയ കഴുതകളെ തേടി നടന്ന സാവൂൾ. സാമുവേലിന്റെ അടുക്കൽ ചെല്ലുകയും സാമുവേലിനോടൊപ്പം ഭക്ഷണം കഴിക്കാൻ ഇടയാകുകയും ചെയ്തു. നേരത്തെ ദൈവത്തിൽനിന്ന് നിർദ്ദേശം ലഭിച്ചതനുസരിച്ച് ഈ സന്ദർഭം ഉപയോഗപ്പെടുത്തി സാമുവൽ അദ്ദേഹത്തെ രാജാവായി അഭിഷേകം ചെയ്യുകയായിരുന്നു. ഇതെല്ലാം രഹസ്യമായി നടന്നശേഷം ജനങ്ങൾ തങ്ങളുടെ താത്പര്യമനുസരിച്ച് ഒരാളെ രാജാവായി തെരഞ്ഞെടുത്തു. ജനങ്ങൾ തെരഞ്ഞെടുത്തതും സാവൂളിനെ തന്നെയായിരുന്നു.

സാവൂൾ സാമുവേലിന്റെ പ്രതീക്ഷയ്ക്കനുസരിച്ച് രാജ്യഭരണം നിർവ്വഹിച്ചു. ആരംഭത്തിൽ അദ്ദേഹത്തെപ്പറ്റി സാമുവേലിന് വലിയ അഭിമാനമായിരുന്നു. എന്നാൽ പിന്നീട് നിരാശയാണ് അനുഭവപ്പെട്ടത്. ദൈവത്തോടുള്ള സാവൂളിന്റെ വിശ്വസ്തതയ്ക്കു മങ്ങലേറ്റു. അതോടെ ദൈവം അദ്ദേഹത്തെ കൈവിട്ടുവെന്ന് സാമുവേൽ മനസ്സിലാക്കി. സാമുവേലിന് വേദനാജനകമായിരുന്നു ഇത്. എങ്കിലും ദൈവഹിതത്തിന് കീഴ്വഴങ്ങി. സാവൂളിന്റെ ഭരണം ബി.സി. 1020-ൽ ആരംഭിച്ചു. 1000-ൽ അവസാനിച്ചുവെന്ന് കണക്കാക്കപ്പെടുന്നു.

സാവൂൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ദൈവത്തിന്റെ കല്പന പ്രകാരം സാമുവേൽ ദാവീദിനെ അടുത്ത രാജാവായി അഭിഷേകം ചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ ഇതു രഹസ്യമായാണ് നടന്നത്. സാവൂളിന്റെ മരണശേഷം ദാവീദ് ഇസ്രായേൽ ജനതയുടെ രാജാവായി.

www.malankaralibrary.com

തുടക്കത്തിൽ യൂദായിലെ ജനങ്ങൾ മാത്രമാണ് ദാവീദിനെ തങ്ങളുടെ രാജാവായി സ്വീകരിച്ചത് (2 സാമു 2:4). സാവൂളിന്റെ മകൻ ഇഷ്ബോഷെത്ത് പിതാവിന്റെ അനന്തരവാകാശിയെന്ന നിലയിൽ മറ്റു ഗോത്രങ്ങളുടെ രാജാവായി ഭരണമാരംഭിച്ചു. ഈ സ്ഥിതി രണ്ടു വർഷം തുടർന്നു. ഇഷ്ബോഷെത്തിന്റെ പക്ഷക്കാരുടെ തലവൻ അബ്നേർ ആയിരുന്നു. സാവൂളിന്റെ സൈന്യാധിപനായിരുന്നു അബ്നേർ. ദാവീദിന്റെ പക്ഷത്തുണ്ടായിരുന്നവരുടെ നേതൃത്വം യോബാവിനായിരുന്നു. രണ്ടുപക്ഷവും തമ്മിൽ നിരന്തരമായ യുദ്ധമുണ്ടായി. സാവൂളിന്റെ പക്ഷം നാൾക്കുനാൾ ക്ഷയിച്ചുവരികയും ദാവീദിന്റെ പക്ഷം വളർച്ച പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ നിരന്തരവൈരം ഇഷ്ബോഷെത്തിന്റെ വധത്തിൽ കലാശിച്ചു. പിന്നീട് ഇഷ്ബോഷെത്തിന്റെ അനുയായികൾ ദാവീദിന്റെ അടുക്കൽവന്ന് തങ്ങളുടെ രാജാവായിരിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു. അവരുമായി ഉടമ്പടി ചെയ്ത് അവരുടെ കൂടെ ഭരണഭാരം ദാവീദ് ഏറ്റെടുത്തു. അവർ ദാവീദിനെ തങ്ങളുടെ രാജാവായി അഭിഷേകം ചെയ്തു (2 സാമു 5:3). അങ്ങനെ ദാവീദ് ഇസ്രായേൽ ജനത്തിന്റെ മുഴുവൻ രാജാവായി തീർന്നു.

ദാവീദിന്റെ ഭരണം ആരംഭിച്ചത് ബി.സി. 1000-ൽ ആയിരുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ആദ്യത്തെ ഏഴരവർഷം അദ്ദേഹത്തിന്റെ ഭരണകേന്ദ്രം ഹെബ്രോൻ ആയിരുന്നു. പിന്നീട് ജബൂസ്യരെ തോല്പിച്ച് ജറുസലേം പിടിച്ചടക്കിയശേഷം ജറുസലേം നഗരം തന്റെ തലസ്ഥാന നഗരിയായി രൂപാന്തരപ്പെടുത്തുകയും അവിടെ കൊട്ടാരം പണിയുകയും ചെയ്തു. ജറുസലേമിൽ ദാവീദ് മുപ്പത്തിമൂന്നു വർഷം താമസിച്ചു രാജ്യഭരണം നിർവ്വഹിച്ചു (2 സാമു 5:6). അങ്ങനെ നാല്പതു വർഷവും ആറുമാസവും ദാവീദ് യഹൂദജനത്തിന്റെ രാജാവായി ഭരണം നിർവ്വഹിച്ചു. ജനങ്ങൾ ഏറ്റവും അധികം സ്നേഹിച്ച രാജാവ്, ജനങ്ങളെ ഒരു ഇടയനെപ്പോലെ സംരക്ഷണം നല്കി പരിപാലിച്ച നേതാവ്, ദൈവത്തോടുള്ള ഭക്തിയിൽ എല്ലാവർക്കും മാതൃകയായിരുന്ന നായകൻ എന്നീ നിലകളിലെല്ലാം ദാവീദ് യഹൂദ ചരിത്രത്തിലെ മായിച്ചു കളയാനാകാത്ത സ്ഥാനം വഹിച്ചവനാണ്. അദ്ദേഹത്തിന്റെ നേട്ടങ്ങൾ പലതാണ്. യഹൂദരാജ്യം ഒരു സാമ്രാജ്യത്തിന്റെ പദവിയിലെത്തിയത് ദാവീദിന്റെ കാലത്താണ്. പൗരസ്ത്യദേശത്തെ പ്രബലസ്വതന്ത്രരാജ്യങ്ങളിലൊന്നായിരുന്നു യൂദയാ, ദാവീദിന്റെ കാലത്ത്. എന്നാൽ അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ ഏറ്റവും പ്രധാനമായി കണക്കാക്കപ്പെടുന്നത് ജബൂസ്യരുടെ നഗരമായ ജറുസലം സ്വന്തമാക്കുകയും രാജ്യത്തിന്റെ

www.malankaralibrary.com

തലസ്ഥാനമായി അതിനെ ഉയർത്തുകയും ചെയ്തതാണ്. രാജാവിന്റെ വാസസ്ഥലംപോലെ ദൈവത്തിന്റെയും ഈ ഭൂമിയിലെ വാസസ്ഥലം ജറുസലേം ആയിരിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു. ഭൂമിശാസ്ത്ര പരമായി ഏറ്റവും യോജിച്ച സ്ഥലം തന്നെയാണ് ജറുസലേം. രാജ്യത്തിലെ ഏറ്റവും ഉയർന്നതും നാലുപാടും താഴ്‌വരകളുള്ളതുമായ ജറുസലേമിലേയ്ക്കു എത്തിച്ചേരുക ശത്രുക്കൾക്ക് അത്ര എളുപ്പമല്ല. മാത്രമല്ല വളരെ ഫലഭൂയിഷ്ഠമായിരുന്നു ജറുസലേം. സഹസ്രാബ്ദങ്ങളുടെ ചരിത്രം ഉറങ്ങുന്ന സ്ഥലവുമാണത്. അത് യഹൂദരുടെ തലസ്ഥാനമായതോടെ യഹൂദജനതയുടെ ആത്മാഭിമാനംതന്നെ പതിന്മടങ്ങു വർദ്ധിക്കാൻ ഇടയായി. ദാവീദ് ആരംഭിച്ച ആസ്ഥാനനഗരം ബി.സി 587-ൽ ബാബിലോൺകാർ നശിപ്പിക്കുന്നതുവരെ യഹൂദരുടെ തലസ്ഥാനമായും ദൈവത്തിന്റെ ആലയം നിലനില്ക്കുന്ന വിശുദ്ധ ഗിരിയായും തുടർന്നു. ബാബിലോൺ പ്രവാസത്തിനുശേഷം തിരിയെ വന്നവർ നഗരവും ദേവാലയവും പുതുക്കിപ്പണിയുകയും പഴയ പ്രശസ്തിയിലേക്ക് തിരിയെ കൊണ്ടുവരുകയും ചെയ്തു. എ.ഡി. 70-ൽ റോമാക്കാരാൽ നശിപ്പിക്കപ്പെട്ട ഈ നഗരം രണ്ടായിരത്തോളം വർഷം അവഗണിക്കപ്പെട്ടു കഴിഞ്ഞെങ്കിലും എ.ഡി. 1948-ൽ ഇസ്രായേൽ രാജ്യം പുനസ്ഥാപിക്കപ്പെട്ടപ്പോൾ ജറുസലേം തന്നെ അതിന്റെ തലസ്ഥാനമായി നിശ്ചയിക്കപ്പെട്ടു. ചില ഔദ്യോഗിക ഡിപ്പാർട്ടുമെന്റുകൾ ടെൽ അവീവിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെങ്കിലും ഇന്നും ജറുസലേം തന്നെയാണ് ഇസ്രായേലിന്റെ തലസ്ഥാനം.

ദാവീദിന്റെ ഭരണം ബി.സി. ആയിരം മുതൽ തൊള്ളായിരത്തി അറുപതുവരെ തുടർന്നു. 40 വർഷമാണ് ദാവീദ് യഹൂദജനതയെ ഭരിച്ചത്. ദാവീദ് ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ പിൻഗാമി ആരെന്ന് നിശ്ചയിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മക്കളിൽ മൂത്തവനായ അദോനിജ രാജാവാകൻ ആഗ്രഹിച്ച് ചിലയിടങ്ങളിലെല്ലാം ജനങ്ങളെ സംഘടിപ്പിച്ചെങ്കിലും ബെത്ഷെബായുടെ മകനായ സോളമനെയാണ് ദാവീദ് തന്റെ പിൻഗാമിയായി തെരഞ്ഞെടുത്തത്. പിൻഗാമിയെപ്പറ്റിയുള്ള ഈ പ്രശ്നം ദാവീദിന്റെ അരമനയിലെ സേവകരെയും പുരോഹിതന്മാരെയും രണ്ടു ഗണങ്ങളായി തിരിച്ചു. ദാവീദിന് രണ്ടു പുരോഹിതന്മാരുണ്ടായിരുന്നു. സാദോക്കും അബിമെലെക്കും (1 ദിന 24:31). ഇവരിൽ അബിമെലെക്ക് അദോനിജായെയും സാദോക്ക് സോളമനെയും പിൻതുണച്ചു. എന്നാൽ ദാവീദിന്റെ താത്പര്യം സോളമൻ തന്റെ പിൻഗാമിയാകണമെന്നായിരുന്നു. സോളമൻ രാജാവായശേഷം

www.malankaralibrary.com

അബിമെലെക്കിനെ രാജകൊട്ടാരത്തിൽനിന്ന് പുറംതള്ളി. പിന്നീട് അദ്ദേഹത്തിന്റെ കുടുംബത്തിന് പുരോഹിതവൃത്തി നിഷേധിക്കപ്പെട്ടു. ഈ കുടുംബത്തിലെ ഒരംഗമാണ് ജറമിയാ പ്രവാചകൻ.

ദാവീദിന്റെ പിൻഗാമിയായി ഭരണമേറ്റ സോളമനാണ് അന്താരാഷ്ട്രതലത്തിൽ ഏറ്റവും അധികം പ്രസിദ്ധനായത്. രാജ്യഭരണത്തിലുള്ള സാമർത്ഥ്യമോ ജനങ്ങളെ സ്നേഹിച്ച രാജാവെന്ന നിലയിലോ വിശ്വാസത്തിൽ വിശ്വസ്തത പുലർത്തിയ ഭരണാധികാരി എന്ന നിലയിലോ അല്ല സോളമൻ പ്രശസ്തനായി തീർന്നത്. അദ്ദേഹത്തിന്റെ ബുദ്ധിയും സാഹിത്യപരമായ നിപുണതയും പിതാവ് ആഗ്രഹിച്ചതും എന്നാൽ നിറവേറ്റാൻ കഴിയാതിരുന്നതുമായ ദേവാലയത്തിന്റെ പണി പൂർത്തിയാക്കിയതുമാണ് സോളമനെ പ്രശസ്തനാക്കിയത്. സോളമൻ ബുദ്ധിമാനായിരുന്നുവെന്നതിന് ബൈബിൾ നല്കുന്ന ഉദാഹരണം രണ്ടു സ്ത്രീകൾക്കിടയിലുണ്ടായ ഒരു വിവാദം വളരെ ബുദ്ധിപരമായി സോളമൻ പരിഹരിച്ചുവെന്നതാണ്. കഥയിങ്ങനെയാണ്:

രണ്ടു സ്ത്രീകൾ പരാതിയുമായി സോളമനെ സമീപിച്ചു. അവർ രണ്ടു കുഞ്ഞുങ്ങളെയും കൊണ്ടു വന്നിരുന്നു. ഒരു കുഞ്ഞ് ജീവനുള്ളതും മറ്റേത് മരിച്ചതും. പരാതി ഇങ്ങനെയാണ്. രണ്ടുപേരും തങ്ങളുടെ കുഞ്ഞിനോടൊപ്പം ഉറങ്ങാൻ കിടന്നു. രാത്രിയിൽ ഒരാൾ അറിയാതെ തന്റെ കുഞ്ഞിന്റെ മുകളിൽ കിടന്നു. ആ അമ്മയുടെ കുഞ്ഞ് മരിച്ചുപോയി. ഇങ്ങനെ ചെയ്തവൾ പിറ്റേന്നു രാവിലെ തന്റെ കുഞ്ഞു മരിച്ചുപോയി എന്നറിഞ്ഞിട്ടു മറ്റേ സ്ത്രീയുടെ അരികിൽ കിടക്കുന്ന ജീവനുള്ള കുഞ്ഞിനെ തന്റെ അടുക്കൽ കൊണ്ടു വന്നു കിടത്തുകയും തന്റെ മരിച്ച കുഞ്ഞിനെ മറ്റവളുടെ അടുത്തുകൊണ്ട് കിടത്തുകയും ചെയ്തു. നേരം വെളുത്തപ്പോൾ രണ്ടുപേരും തമ്മിൽ തർക്കമായി. ജീവനുള്ള കുഞ്ഞാണ് തന്റേതെന്ന് രണ്ടുപേരും വാദിച്ചു. വാദം സോളമന്റെ അടുക്കലെത്തി. ജീവിച്ചിരിക്കുന്ന കുഞ്ഞ് ആരുടേതാണെന്ന് എങ്ങനെ നിശ്ചയിക്കും. ആരാണ് കള്ളം പറയുന്നതെന്ന് എങ്ങനെ മനസ്സിലാക്കും. കുറേനേരം ആലോചിച്ചശേഷം സോളമൻ വിധി പ്രഖ്യാപിച്ചു.

ജീവിച്ചിരിക്കുന്ന കുട്ടി തന്റേതാണ്, അതിനെ തനിക്കു വിട്ടുതരണമെന്നാണല്ലോ രണ്ടുപേരും വാദിക്കുന്നത്. രാജാവ് ഒരു വാൾ വരുത്തി. ജീവിച്ചിരിക്കുന്ന കുട്ടിയെ നടുവേ പിളർന്നു ഒരു ഭാഗം ഒരു സ്ത്രീയ്ക്കും മറ്റേ ഭാഗം മറ്റേ സ്ത്രീയ്ക്കും കൊടുക്കാൻ കല്പനയായി. അപ്പോൾ ഒരു സ്ത്രീ നിലവിളിച്ചു പറഞ്ഞു: "കുഞ്ഞിനെ പിളർക്ക

www.malankaralibrary.com

രുത്. ജീവനുള്ള കുഞ്ഞിനെ മറ്റവൾക്ക് കൊടുത്തേക്കുക. തനിക്കു കുഞ്ഞ് നഷ്ടപ്പെട്ടാലും കുഞ്ഞ് ജീവിച്ചിരിക്കുമല്ലോ." ഇതു പറഞ്ഞവ ളാണ് ജീവിച്ചിരിക്കുന്ന കുഞ്ഞിന്റെ അമ്മയെന്ന് രാജാവ് മനസ്സിലാ ക്കി. മാതൃത്വത്തിന്റെ സ്വഭാവമാണ് ഇവിടെ വെളിപ്പെട്ടത്. തന്റെ കുഞ്ഞ് പിളർക്കപ്പെടാൻ യഥാർത്ഥ അമ്മ അനുവദിക്കുന്നില്ല. ബുദ്ധിമാനായ സോളമൻ ആ അമ്മയ്ക്ക് ജീവിച്ചിരിക്കുന്ന കുഞ്ഞിനെ നല്കിക്കൊണ്ട് വിവാദം അവസാനിപ്പിച്ചു.

സോളമനെ യഹൂദർ ഓർക്കുന്നതും ബഹുമാനിക്കുന്നതും പ്രധാനമായും ദേവാലയനിർമ്മിതിയെ പ്രതിയാണ്. ഈ പ്രവൃത്തി യഹൂദമതത്തോടും ദൈവത്തോടുമുള്ള വിശ്വസ്തതയ്ക്ക് ഉദാഹരണ മായി യഹൂദർ കണക്കാക്കുന്നു. ദേവാലയ നിർമ്മിതി സോളമനെ രാജ്യത്തിന് അകത്തും പുറത്തും പ്രസിദ്ധനാക്കി. അതുപോലെ ടയിർപോലെയുള്ള അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്തു ന്നതിനും ദേവാലയ നിർമ്മിതി കാരണമായി. അയൽരാജ്യങ്ങളുടെ ഉദാരമായ സഹായങ്ങൾ സ്വീകരിച്ചുകൊണ്ടാണ് സോളമൻ ദേവാല യത്തിന്റെ പണി പൂർത്തിയാക്കിയത്. ദേവാലയ നിർമ്മാണത്തിന് ഏഴു വർഷം വേണ്ടി വന്നു (1 രാജ 6:38).

എന്നാൽ സോളമന്റെ ആഡംബരജീവിതം അനേകരെ അദ്ദേഹ ത്തിൽനിന്ന് അകറ്റി. ആഡംബരത്തിനുവേണ്ടി ജനങ്ങളിൽനിന്ന് അമി തമായ കരം ഈടാക്കിയിരുന്നു. പിന്നീട്, സോളമന്റെ പിൻഗാമിയായ റെഹോബോവാമിന്റെ സമയത്ത് രാജ്യം രണ്ടായി വെട്ടിമുറിക്കപ്പെടു ന്നതിന് ഒരു കാരണം സോളമന്റെ ആഡംബരജീവിതവും ദയവില്ലാത്ത കരം പിരിവുമാണ്. ദേവാലയം പൂർത്തിയാക്കിയശേഷം സോളമന്റെ ശ്രദ്ധ തിരിഞ്ഞത് കൊട്ടാരനിർമ്മാണത്തിലേക്ക് ആയിരുന്നു. പതി മൂന്നു വർഷംകൊണ്ടാണ് കൊട്ടാരത്തിന്റെ പണി പൂർത്തിയാക്കിയത് (1രാജാ 7:1). ഇങ്ങനെ ആഡംബരജീവിതവും ബുദ്ധിപൂർവ്വകമായ പെരു മാറ്റവും സോളമനെ അയൽരാജ്യങ്ങളിൽ പ്രസിദ്ധനാക്കി. അതിന്റെ ഫലമായി അനേകം സന്ദർശകരെ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ സോളമനെ സന്ദർശിച്ച ഒരു വിദേശവനിതയെപ്പറ്റി ബൈബിൾ സംസാരിക്കുന്നുണ്ട്. രാജാവിനെ സന്ദർശിച്ച ആ വിദേശ വനിത ഷേബാരാജ്ഞിയായിരുന്നു. സോളമന്റെ കൊട്ടാരം സന്ദർശിച്ച ഷേബാരാജ്ഞിയുടെ പ്രതികരണത്തെപ്പറ്റി ബൈബിൾ പറയുന്നത് ഇങ്ങനെയാണ്:

 www.malankaralibrary.com

> സോളമന്റെ ജ്ഞാനം, അവൻ പണിയിച്ച ഭവനം, മേശയിലെ വിഭവങ്ങൾ, സേവകന്മാർക്കുള്ള പീഠങ്ങൾ, ഭൃത്യന്മാരുടെ പരിചരണം, അവരുടെ വേഷം, പാനപാത്രവാഹകർ, ദേവാലയത്തിൽ അവൻ അർപ്പിച്ച ദഹന ബലികൾ എന്നിവ കണ്ടപ്പോൾ ഷേബാരാജ്ഞി അന്ധാളിച്ചുപോയി (1 രാജാ 10:4,5).

ഭൗതിക പ്രൗഢിയിൽ സോളമൻ യഹൂദരാജാക്കന്മാരിൽ ഒന്നാമനായിരുന്നെങ്കിലും ദൈവത്തോടുള്ള വിശ്വസ്തതയിൽ സോളമൻ വളരെ താഴെയായിരുന്നു. അദ്ദേഹം ഭാര്യമാരായി സ്വീകരിച്ച വിദേശവനിതകളാണ് യഹോവയായ ദൈവത്തെവിട്ട് അന്യദേശക്കാരുടെ ദേവന്മാരെ സേവിക്കാൻ സോളമനെ പ്രേരിപ്പിച്ചത്. അദ്ദേഹത്തിന്റെ അപഥസഞ്ചാരത്തെപ്പറ്റി ബൈബിൾ പറയുന്നു:

> സോളമൻ സീദോന്യരുടെ ദേവിയായ അസ്താർത്തെയെയും അമ്മോന്യരുടെ മ്ലേഛവിഗ്രഹമായ മിൽക്കോമിനെയും ആരാധിച്ചു. അങ്ങനെ അവൻ കർത്താവിന്റെ മുമ്പിൽ അനിഷ്ടം പ്രവർത്തിച്ചു. തന്റെ പിതാവായ ദാവീദിനെപ്പോലെ അവൻ കർത്താവിനെ പൂർണ്ണമായി അനുഗമിച്ചില്ല (1രാജാ 11:56).

സോളമന്റെ ഭരണം നാല്പതുവർഷം ദീർഘിച്ചു. സോളമന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ റഹോബോവാം രാജാവായി ഭരണമേറ്റു.

യൂദായും ഇസ്രായേലും - യഹൂദരാദ്യം രണ്ടാകുന്നു

റഹോബോവാം ബുദ്ധിശൂന്യനായിരുന്നു. തന്റെ സുഹൃത്തുക്കളായ കുറേ യുവാക്കളുടെ ഉപദേശമനുസരിച്ചാണ് രാജ്യം ഭരിച്ചത്. സോളമന്റെ കാലത്തു തങ്ങളുടെ മേൽ ചുമത്തിയ ഭാരിച്ച കരം കുറച്ചുകൊടുക്കണമെന്ന് അപേക്ഷിച്ച് തന്നെ സമീപിച്ച ജനത്തെ അദ്ദേഹം അവഹേളിച്ചു പറഞ്ഞയച്ചു. അത് രാജ്യത്തിന്റെ വിഭജനത്തിനു കാരണമായി. യൂദാഗോത്രവും ബഞ്ചമിൻ ഗോത്രവും മാത്രം റഹോബോവാമിനു പിന്തുണ നല്കി. മറ്റുള്ള ഗോത്രങ്ങൾ തങ്ങൾക്കായി ജറോബോവാം എന്നൊരാളെ രാജാവായി തെരഞ്ഞെടുത്തു. അങ്ങനെ ഇസ്രായേൽ ജനം രണ്ടു രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടു. വടക്കൻ രാജ്യം ജറോബോവാമിന്റെ നേതൃത്വത്തിൽ ഇസ്രായേൽ രാജ്യമായും

www.malankaralibrary.com

തെക്കൻ രാജ്യം റഹോബോവാമിന്റെ നേതൃത്വത്തിൽ യൂദാരാജ്യമായും നിലനിന്നു. ഈ വിഭജനം ബി.സി 921-ൽ നടന്നുവെന്ന് കണക്കാക്കപ്പെടുന്നു.

അസീറിയൻ ആക്രമണം

ജറോബോവാമിന്റെ നേതൃത്വത്തിൽ ഒരു പുതിയ രാജ്യമായി വടക്കൻ ഗോത്രക്കാർ മാറിയെങ്കിലും അവർക്കും തെക്കൻ രാജ്യമായ യൂദായിലുള്ളവർക്കും ഒരേ ദേവാലയമേ ഉണ്ടായിരുന്നുള്ളു. അത് യൂദയായിലുള്ള ജറുസലേം ദേവാലയമായിരുന്നു. മോശയുടെ നിയമമനുസരിച്ച് യഹൂദജനതയ്ക്ക് ഒരു ദേവാലയമേ ഉണ്ടാകാൻ പാടുള്ളു. അത് ദൈവം തന്റെ നാമം നിക്ഷേപിക്കാൻവേണ്ടി തെരഞ്ഞെടുക്കുന്ന സ്ഥലത്തു തന്നെ ആയിരിക്കുകയും വേണം.

> നിങ്ങൾ ജോർദ്ദാൻ കടന്നു നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കവകാശമായി നല്കുന്ന ദേശത്ത് വാസമുറപ്പിക്കും. അപ്പോൾ തന്റെ നാമം സ്ഥാപിക്കാനായി നിങ്ങളുടെ ദൈവമായ കർത്താവ് ഒരു സ്ഥലം തെരഞ്ഞെടുക്കും. ഞാൻ നിങ്ങളോട് കല്പിക്കുന്നവയെല്ലാം, നിങ്ങളുടെ ദഹനബലികളും മറ്റുബലികളും ദശാംശങ്ങളും നീരാജനങ്ങളും കർത്താവിനു നേരുന്ന എല്ലാ ഉത്തമവസ്തുക്കളും അവിടെ കൊണ്ടുവരണം (നിയ.ആ.12:10-11)

ഈ നിയമത്തിൽ ദൈവം തന്റെ നാമം സ്ഥാപിക്കാൻ ഒരു സ്ഥലം തെരഞ്ഞെടുക്കുമെന്നല്ലാതെ ഏതു സ്ഥലമാണ് തെരഞ്ഞെടുക്കുന്നത് - അതായത് തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ പേര് പറയുന്നില്ല. എന്നാൽ പിന്നീടുള്ള പാരമ്പര്യത്തിൽ ജറുസലേമാണ് ദൈവം തനിക്കു വസിക്കാൻ തെരഞ്ഞെടുത്ത സ്ഥലം എന്ന വിശ്വാസം പ്രബലപ്പെട്ടു. ഈ വിശ്വാസം ചരിത്രഗ്രന്ഥങ്ങളിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്.

"ജറുസലേമിൽ ഞാൻ എന്റെ നാമം സ്ഥാപിക്കും എന്നു കർത്താവു പറഞ്ഞ അവിടുത്തെ ആലയത്തിൽ അവൻ (മനാസ്സെ രാജാവു) ബലിപീഠങ്ങൾ പണിതു" (2 രാജാ 21:4).

ഈ വിശ്വാസം 2 രാജാ 23:27. സങ്കീ 2:6; ജറ 3:16 f മുതലായി അനേക വാക്യങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

ജറോബോവാമിന്റെ വലിയ പ്രശ്നം താൻ വേർതിരിച്ചെടുത്ത ഇസ്രായേൽ രാജ്യത്തിന് പുറത്ത് യൂദാരാജ്യത്തിലാണ് ജറുസലേം

www.malankaralibrary.com

ദേവാലയം എന്നതായിരുന്നു. ഈ ദേവാലയത്തിൽ ആരാധിക്കാൻ ജനങ്ങളെ അനുവദിച്ചാൽ അവർ കാലാന്തരത്തിൽ തന്നെ വിട്ടു യൂദാ രാജാവായ റഹോബോവാമിനെ പിന്തുണയ്ക്കും എന്ന് അദ്ദേഹം ഭയപ്പെട്ടു. ഇത് കൂടുതൽ ഗൗരവമായ പാപത്തിലേക്കാണ് അദ്ദേഹത്തെ നയിച്ചത്. നിയമവും പാരമ്പര്യവും അടിസ്ഥാന വിശ്വാസവും ലംഘിച്ചുകൊണ്ട് ജറോബോവാം തന്റെ രാജ്യത്തിലെ ജനങ്ങൾക്ക് വേണ്ടി ബഥേലിലും ദാനിലുമായി രണ്ടു ദേവാലയങ്ങൾ നിർമ്മിച്ചു (1രാജാ 12:25-33). മാത്രമല്ല ഈ ദേവാലയങ്ങളിൽ കാളക്കുട്ടികളുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു ആരാധിച്ചു. ജറോബോവാന്റെ ഈ പുതിയ രാജ്യം ബി.സി. 721 വരെ നിലനിന്നു. ഇവിടെ ഭരിച്ച രാജാക്കന്മാർ താഴെ പറയുന്നവരാണ്:

ജറോബോവാം
നാദാബ്
ബാഷാ
ഏലാ
സിമ്രി
ഓമ്രി
ആഹാബ്
യോറാം
യേഹു
യഹോവാഹാസ്
യഹോവാഷ്
സഖറിയ
ഷല്ലും
മെനാഹെം
പെക്കാഹിയ
പെക്കാബ്
ഹോസിയ

ഇസ്രായേലിലെ അവസാനത്തെ രാജാവ് ഹോഷയാ രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് ഇസ്രായേൽ അസീറിയൻ സാമ്രാജ്യത്തിന്റെ ഒരു സാമന്ത രാജ്യമായി തീർന്നു കഴിഞ്ഞിരുന്നു. രാജ്യം എന്നുള്ള പേരു നിലനിന്നിരുന്നെങ്കിലും ഇസ്രായേൽ അസീറിയായുടെ ആജ്ഞാനുവർത്തിയായി അധഃപതിച്ചിരുന്നു തിഗ്ലത് പെലേസർ ആയിരുന്നു അസീറിയായുടെ ചക്രവർത്തി. ഇദ്ദേഹം മരിച്ചതോടെ

www.malankaralibrary.com

സ്വാതന്ത്ര്യം നേടാൻ ആഗ്രഹിച്ച ഹോഷയാ രാജാവ് അസീറിയയുടെ ശത്രുവായിരുന്ന ഈജിപ്തിന്റെ ഭാഗത്തു ചേർന്നു. ഇത് അസീറിയായെ ചൊടിപ്പിച്ചു. അസീറിയായുടെ പുതിയ ഭരണാധികാരിയായ സാൽമാനേസർ രണ്ടാമൻ ഒരു വലിയ സൈന്യവുമായി വന്ന് ഇസ്രായേലിനെ ആക്രമിച്ചു. ഇസ്രായേൽ പരാജയപ്പെട്ടുവെന്നു മാത്രമല്ല, ആ രാജ്യം ഭൂപടത്തിൽനിന്ന് തുടച്ചു മാറ്റപ്പെട്ടു. കൂടാതെ അന്നത്തെ അസീറിയാക്കാരുടെ നയം അനുസരിച്ച് യുദ്ധത്തിൽ കൊല്ലപ്പെടാതെ ബാക്കി വന്ന ഇസ്രായേൽ ജനതയെ അസീറിയായിലേക്ക് അടിമകളായി പിടിച്ചു കൊണ്ടുപോകുകയും അസീറിയാരാജ്യത്തിന്റെ പല ഭാഗങ്ങളിലായി താമസിപ്പിക്കുകയും ചെയ്തു. അങ്ങനെ യഹൂദരുടെ വടക്കൻ രാജ്യമായ ഇസ്രായേൽ ചരിത്രത്തിൽനിന്ന് തുടച്ചു മാറ്റപ്പെട്ടു. ഇത് ബി.സി. 721/722-ൽ നടന്നുവെന്ന് കണക്കാക്കപ്പെടുന്നു. അങ്ങനെ ഇസ്രായേൽ രാജ്യത്തിന് വെറും 200 വർഷത്തെ ആയുസേ ഉണ്ടായിരുന്നുള്ളു. അസീറിയായിലേക്ക് അടിമകളായി പിടിച്ചുകൊണ്ടുപോകപ്പെട്ടവർ കാലക്രമത്തിൽ തങ്ങളുടെ യഹൂദവിശ്വാസവും പാരമ്പര്യവും വിസ്മരിക്കുകയും വിജാതീയരുമായി വിവാഹബന്ധത്തിലേർപ്പെട്ടു വിജാതീയരുമായി കലരുകയും ചെയ്തു.

എന്നാൽ തെക്കൻ രാജ്യമായ യൂദയാ കുറേകാലംകൂടി നിലനിന്നു. മൂന്നാമത്തെ രാജാവായ സോളമനുശേഷം യൂദയാരാജ്യം ഭരിച്ച രാജാക്കന്മാർ താഴെ പറയുന്നവരാണ്.

റെഹോബോവാം
അബിയാം
ആസാ
ഓമ്രി
ഫാത്
യഹോഷാഫാത്
യഹോറാം
അഹസിയാ
യോവാഷ്
അമസിയ
അസറിയ
യോഷാം
ഉസ്സിയാ
ആഹാസ്

www.malankaralibrary.com

ഹെസക്കിയ
മനാസ്സെ
ആമോൻ
ജോസിയ
യഹോവാഹാസ്
യഹോയാക്കിം
യഹോയാക്കിൻ
സെദെക്കിയ

യൂദയാരാജ്യത്തിലെ അവസാന രാജാവ് സെദക്കിയയായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്ത് യൂദയാ ഒരു സ്വതന്ത്രരാജ്യമായിരുന്നില്ല, ബാബിലോണിന്റെ അധീനതയിലായിരുന്നു. എന്നാൽ സെദക്കിയാ യൂദയായെ സ്വതന്ത്രമാക്കാൻ ഒരു വിഫലശ്രമം നടത്തി. ബാബിലോണിനെ വിട്ട് ഈജിപ്തിനോടു പക്ഷം ചേരുകയായിരുന്നു. രാജാവിന്റെ ലക്ഷ്യം. അതു രാജ്യത്തിന് കൂടുതൽ നന്മയ്ക്കു കാരണമാകുമെന്ന് സെദക്കിയാ വിചാരിച്ചു. പക്ഷേ ഇത് യൂദയായുടെ അന്ത്യത്തിലാണ് കലാശിച്ചത്.

യൂദയാ ഈജിപ്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നുവെന്നറിഞ്ഞ ബാബിലോൺ രാജാവ് ഒരു വലിയ സൈന്യവുമായി വന്ന് യൂദയായെ വളഞ്ഞു. ബാബിലോൺ ജറുസലേം നഗരവും ദേവാലയവും പൂർണ്ണമായി നശിപ്പിച്ചു. മാത്രമല്ല, അന്നത്തെ യുദ്ധരീതിയനുസരിച്ച് ജറുസലേമിലുണ്ടായിരുന്ന യഹൂദജനത്തെ ബാബിലോണിലേയ്ക്ക് അടിമകളായി പിടിച്ചുകൊണ്ടുപോയി. ഇതു രണ്ടാമത്തെ പിടിച്ചുകൊണ്ടുപോകലാണ്. 597-ൽ ആദ്യത്തെ പിടിച്ചുകൊണ്ടുപോകൽ (പ്രവാസം) നടന്നു. പത്തു വർഷം കഴിഞ്ഞ് 587-ൽ രണ്ടാമത്തെ പ്രവാസം നടന്നു. ഇതോടെ യൂദയാ എന്ന രാജ്യം നാമാവശേഷമായി. ഇങ്ങനെ യഹൂദരുടെ പ്രവാസം നിലവിൽ വന്നു.

തോല്പിക്കപ്പെട്ട രാജ്യത്തിലെ ജനങ്ങളെ വിജയിച്ച രാജ്യത്തിലേക്ക് പിടിച്ചുകൊണ്ടുപോകുകയെന്നത് സമീപ പൂർവ്വദേശങ്ങളിലെ വളരെ പൂർവ്വികമായ പാരമ്പര്യമായിരുന്നു. ഇവരെ സ്വന്തം രാജ്യത്തിൽ തുടരാൻ അനുവദിച്ചാൽ വിജയിച്ച രാജാവിനെതിരേ അവൻ സംഘടിച്ച് ശക്തരാകുമെന്ന ഭയമാണ് ഇങ്ങനെ ചെയ്യാൻ അവരെ പ്രേരിപ്പിച്ചത്. ആദ്യകാലത്ത് പിടിച്ചുകൊണ്ടു പോകുന്നവരെ വിജയിച്ച രാജാവിന്റെയും പ്രഭുക്കളുടെയും അടിമകളാക്കുകയായിരുന്നു പതിവ്. ഇതിനു

www.malankaralibrary.com

മാറ്റം വരുത്തിയത് അസീറിയ രാജാവായിരുന്ന തിഗളത് പെലെസർ (Tigleth-Peleser III) ആണ്. അടിമകളാക്കുന്നതിനുപകരം പിടിച്ചുകൊണ്ടുവന്നവരെ തന്റെ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി താമസിപ്പിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. ഇങ്ങനെ പല സ്ഥലങ്ങളിലായി വിഭജിക്കപ്പെടുമ്പോൾ അവർക്ക് സംഘടിച്ചു ശക്തിപ്പെടുക അസാധ്യമായിരുന്നു.

ബാബിലോണിലേക്ക് പിടിച്ചുകൊണ്ടു പോകപ്പെട്ടവർ രാജാവും കൊട്ടരവാസികളും വിവിധ കലകളിലും പണികളിലും വിദഗ്ദ്ധന്മാരായവരുമാണ്. ഏറ്റവും പാവപ്പെട്ടവരും വിദ്യാവിഹീനരുമായവരെ മാത്രം ജറുസലേമിൽ തുടരാൻ അനുവദിച്ചു. ഇങ്ങനെ യൂദയാരാജ്യം കീഴടക്കി യഹൂദരെ ബാബിലോണിലേക്ക് നാടുകടത്തിയ ബാബിലോൺ രാജാവിന്റെ പേര് നെബുക്കദ്നേസർ (Nebuchadnezar) എന്നാണ്. ഇദ്ദേഹം ഒരു വലിയ യുദ്ധവീരനും പ്രബലനായ ഭരണാധികാരിയുമായിരുന്നു. യൂദയാ മാത്രമല്ല സമീപരാജ്യങ്ങൾ പലതും ആക്രമിച്ച് കീഴടക്കി തന്റെ രാജ്യത്തോടു ചേർത്തു. അന്നുവരെയും സമീപപൂർവ്വദേശത്തെ എതിരാളികളില്ലാത്ത രാജ്യമായിരുന്ന അസീറിയായെ തോല്പിച്ച് ബാബിലോൺ സാമ്രാജ്യം സ്ഥാപിച്ച ആളാണ് നെബുക്കദ്നേസർ. 597-ലും 587-ലും ആയി നടന്ന ഈ ബാബിലോൺ അടിമത്തത്തോടെ ഇസ്രായേലിന്റെ ചരിത്രത്തിൽ രണ്ടു വിഭാഗം യഹൂദർ രൂപപ്പെട്ടു. ഇസ്രായേൽ നാട്ടിൽത്തന്നെ കഴിഞ്ഞവരും പുരാതന പാരമ്പര്യത്തിൽ നിലനിന്നവരും പൂർവ്വപിതാക്കന്മാരുടെ ഭാഷയായ എബ്രായഭാഷ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചവരുമായ നാട്ടുയഹൂദരും മറുനാട്ടിലെ കുറേ ആചാരങ്ങളും ഗ്രീക്കുഭാഷയും സ്വീകരിച്ചെങ്കിലും യഹൂദവിശ്വാസം കൈവിടാതെ തുടർന്നു പ്രവാസികളായ യഹൂദരും. ഈ ബാബിലോൺ പ്രവാസം ഏതാണ്ട് 50 വർഷം തുടർന്നു. ബുദ്ധിജീവികളായ യഹൂദർ ബാബിലോണിൽ താമസിച്ചിരുന്നപ്പോഴാണ് യഹൂദരുടെ മതപരമായ പല ഗ്രന്ഥങ്ങളും എഴുതപ്പെട്ടതും നേരത്തെ എഴുതപ്പെട്ടവ പുനഃപരിശോധിക്കുകയും നവീകരിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്തത്. ചരിത്രഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന പുസ്തകങ്ങൾ (ജോഷ്വാ മുതൽ 2 രാജാക്കന്മാർവരെ) അന്ത്യരൂപം പ്രാപിച്ചത് ഈ കാലഘട്ടത്തിലാണ്. പല സങ്കീർത്തനങ്ങളും ഈ കാലഘട്ടത്തിലാണ് അന്തിമരൂപം പ്രാപിച്ചത്.

ഇതുപോലെ പ്രധാനപ്പെട്ട മറ്റൊന്നാണ് സിനഗോഗ് സമ്പ്രദായം ഈ കാലഘട്ടത്തിൽ നിലവിൽ വന്നുവെന്നത്. യഹൂദരുടെ പാരമ്പര്യ

www.malankaralibrary.com

മനുസരിച്ച് ഒരു ദേവാലയമേ ഉണ്ടാകാൻ പാടുള്ളൂ. അത് ദൈവം തന്റെ നാമം നിക്ഷേപിക്കാൻ തെരഞ്ഞെടുത്ത ജറുസലേമായിരിക്കണം. ബാബിലോൺകാർ ജറുസലേം നഗരവും ദേവാലയവും നശിപ്പിച്ചതോടെ ആരാധന (ബലിയർപ്പണം മുതലായവ) നടത്താൻ സാധിക്കാത്ത സ്ഥിതിയാണുണ്ടായത്. അത് യഹൂദ ചിന്തകരെ പുതിയ ചില ചിന്തകളിലേക്കും മതപരമായ കാഴ്ചപ്പാടിലേയ്ക്കും നയിച്ചു. ദേവാലയാധിഷ്ഠിതമായ മതത്തിനുപകരം ദൈവവചനമായ തോറ (നിയമഗ്രന്ഥങ്ങൾ)യിൽ അധിഷ്ഠിതമായ പുതിയ മതചിന്ത രൂപപ്പെട്ടു. ആദ്യകാലങ്ങളിൽ ദൈവം തന്റെ ആലയമായ ജറുസലേം ദേവാലയത്തിൽ കുടികൊള്ളുന്നുവെന്ന് വിശ്വസിച്ച യഹൂദർ ഇപ്പോൾ ദൈവത്തിന്റെ സാന്നിധ്യം ദൈവവചനമായ തോറയിൽ ഉണ്ടെന്നു വിശ്വസിക്കുകയും ജറുസേലം ദേവാലയത്തിൽ അർപ്പിച്ചിരുന്ന ബലികൾക്കും നേർച്ചകൾക്കും പകരം തോറ പഠനമാണ് ദൈവാരാധനയ്ക്കുള്ള മാർഗ്ഗമെന്നു വിശ്വസിക്കുകയും ചെയ്തു. തോറ പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യാൻ അവർ സാബത്തു ദിവസങ്ങളിൽ ഒരു പ്രത്യേക സ്ഥലത്തു ഒന്നിച്ചുകൂടുന്ന പതിവും നിലവിൽ വന്നു. ഇങ്ങനെ ഒന്നിച്ചു കൂടുന്ന സ്ഥലമാണ് പിന്നീട് സിനഗോഗ് എന്നറിയപ്പെട്ടത്. സിനഗോഗിലെ ആരാധനരീതി ബാബിലോണിൽ തുടങ്ങി പിന്നീട് യൂദയായിലേക്ക് തിരിയെപ്പോയശേഷവും തുടർന്നുവന്നു. നശിപ്പിക്കപ്പെട്ട ദേവാലയത്തിന്റെ സ്ഥാനത്ത് പ്രവാസം കഴിഞ്ഞ് മടങ്ങിയവർ പുതിയ ദേവാലയം പണിത് ബി.സി. 515-ൽ പ്രതിഷ്ഠിച്ചെങ്കിലും ബലിയർപ്പണത്തിനും മറ്റു പുരോഹിത നിയന്ത്രിതമായ ആരാധനകൾക്കും തിരുനാൾ ആഘോഷങ്ങൾക്കും മാത്രം ദേവാലയം ഉപയോഗപ്പെടുത്തുകയും എല്ലാ സാബത്തിലുമുള്ള ആരാധനയ്ക്ക് സിനഗോഗ് ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. പുനർനിർമ്മിക്കപ്പെട്ട ദേവാലയം ഹേറോദേസ് പരിഷ്കരിച്ച് മനോഹരമാക്കിയെങ്കിലും അത് അധികനാൾ നിലനിന്നില്ല. എ.ഡി. 70-ൽ റോമാക്കാർ അത് നിശേഷം നശിപ്പിച്ചു. പിന്നീടൊരിക്കലും (ഇന്നുവരെ) യഹൂദർക്ക് ഒരു ദേവാലയം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ബാബിലോണിൽ തുടങ്ങിയ സിനഗോഗ് സമ്പ്രദായം അഭംഗുരം തുടർന്നു വരുന്നു. യഹൂദന്മാർ എവിടെല്ലാമുണ്ടോ അവിടെല്ലാം സിനഗോഗുകൾ പണിത് ആരാധന അർപ്പിച്ചു വരുന്നു.

പ്രവാസം അവസാനിക്കുന്നു

ബാബിലോണിയൻ പ്രവാസം ഏതാണ്ട് അൻപതുവർഷമേ

www.malankaralibrary.com

ദീർഘിച്ചുള്ളു. പ്രവാസകാലം മതപരമായി വളരെ പ്രധാനപ്പെട്ട കാലമായിരുന്നുവെന്ന് മുകളിൽ പറഞ്ഞല്ലോ. മതഗ്രന്ഥങ്ങളുടെ രചനയും പുനഃപ്രസിദ്ധീകരണവും മാത്രമല്ല മൂന്നു പ്രധാന പ്രവാചകന്മാരുടെ ശുശ്രൂഷയും പ്രവാസികൾക്ക് ഈ സമയത്തു ലഭിച്ചു. ആദ്യത്തേത് എസക്കിയേൽ പ്രവാചകനാണ് ഇദ്ദേഹം പ്രവാസം തുടങ്ങുന്നതിനു മുമ്പുള്ള കാലഘട്ടത്തിൽ ജറുസലേമിലും പ്രവാസം തുടങ്ങിയശേഷം പ്രവാസികളോടൊപ്പം ബാബിലോണിലും ശുശ്രൂഷ ചെയ്തുവെന്നു വിശ്വസിക്കപ്പെടുന്നു. അതുപോലെ പ്രവാസികളെ ആശ്വസിപ്പിക്കുകയും അവർക്ക് ഒരു തിരിച്ചുപോക്കുണ്ടാകുമെന്ന് പ്രവചിക്കുകയും ചെയ്ത പ്രവാചകനാണ് രണ്ടാം ഏശയ്യാ എന്ന് അറിയപ്പെടുന്ന പ്രവാചകൻ. ഇദ്ദേഹത്തിന്റെ പേരിലാണ് ഏശയ്യാ പുസ്തകം 40 മുതൽ 55 വരെ അധ്യായങ്ങൾ അറിയപ്പെടുന്നത്. പേർഷ്യൻ രാജാവായ സൈറസ് ദൈവത്തിന്റെ അഭിഷിക്തനാണെന്നും അദ്ദേഹം വഴി ഇസ്രായേലിന് സ്വന്തം നാട്ടിലേക്ക് മടങ്ങാനാകുമെന്നും ഈ പ്രവാചകൻ പ്രവചിച്ചു (ഏശ 44:28;45:1). പ്രവാസികളെ ശക്തിപ്പെടുത്തിയ മറ്റൊരാൾ ഏശ 56 മുതൽ 66 വരെ അധ്യായങ്ങളുടെ ഉത്തരവാദിയെന്നറിയപ്പെടുന്ന മൂന്നാം ഏശയ്യായാണ്.

അൻഷാനിലെ രാജാവായ സൈറസ് ബി.സി. 546-ൽ ഏഷ്യാമൈനറിലെ പല രാജ്യങ്ങളും ആക്രമിച്ചു സ്വന്തമാക്കി. പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ച് 540-ൽ ഇദ്ദേഹം ബാബിലോണിനെയും വെല്ലുവിളിച്ചു. അതോടെ പ്രവാസികളായ യഹൂദരുടെ ഹൃദയത്തിൽ ആശാകിരണം ഉദിക്കാൻ തുടങ്ങി. 539-ൽ ടിഗ്രിസ് (Tigris)-ൽ വച്ച് സൈറസ് ബാബിലോണിയൻ സൈന്യത്തെ പരാജയപ്പെടുത്തി. അതോടെ സമീപ പൂർവ്വനാടുകളിലെ ഏറ്റവും വലിയ ശക്തിയായി പേർഷ്യ അറിയാൻ തുടങ്ങി. സൈറസ് മതപരമായ കാര്യങ്ങളിൽ വളരെ വിശാലമനസ്കനായിരുന്നു. ഓരോ ജനതയും തങ്ങളുടെ പരമ്പരാഗത വിശ്വാസങ്ങളിൽ തുടരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. ബാബിലോണിനെ പരാജയപ്പെടുത്തിയശേഷം 538-ൽ അദ്ദേഹം ഒരു വിളംബരം പ്രസിദ്ധീകരിച്ചു. ബാബിലോണിൽ പ്രവാസികളായി കഴിയുന്ന യഹൂദർ തങ്ങളുടെ മാതൃരാജ്യത്തിലേക്ക് മടങ്ങുകയും തങ്ങളുടെ ദേവാലയം പുനർനിർമ്മിച്ച് ആരാധനകൾ പാരമ്പര്യമനുസരിച്ച് നടത്തുകയും ചെയ്യണമെന്നാണ് വിളംബരത്തിൽ ആവശ്യപ്പെട്ടത്. അതനുസരിച്ച് 537 ഓടുകൂടി യഹൂദർ തങ്ങളുടെ മാതൃരാജ്യത്തിലേക്ക് മടങ്ങി. എന്നാൽ ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

www.malankaralibrary.com

യൂദയായിൽനിന്ന് ബാബിലോൺകാർ പിടിച്ചുകൊണ്ടുപോയവരാണ് മടങ്ങിവന്നത്. എന്നാൽ 721/22-ൽ അസീറിയാക്കാർ വടക്കൻ രാജ്യമായ ഇസ്രായേലിൽ നിന്ന് പിടിച്ചുകൊണ്ടുപോയവർ ഒരിക്കലും മടങ്ങിവന്നിട്ടില്ല. അവർ അസീറിയൻ ജനത്തിൽ ലയിച്ച് തങ്ങളുടെ യഹൂദ വിശ്വാസവും പാരമ്പര്യവും അനന്യതയും നഷ്ടപ്പെട്ടവരായി തീരുകയാണ് ചെയ്തത്.

ദേവാലയ പുനർനിർമ്മിതി

മടങ്ങിവന്നവരുടെ ശ്രദ്ധ ആദ്യം തിരിഞ്ഞത് ഏതെങ്കിലും വിധത്തിൽ ദേവാലയം പുനർനിർമ്മിക്കുകയെന്നതിലായിരുന്നു. എന്നാൽ സാമ്പത്തികമായി തകർന്നിരുന്ന ആ ജനതയ്ക്ക് അത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. എങ്കിലും ദേവാലയത്തിന്റെ അടിസ്ഥാനം പണിത് ബലിപീഠങ്ങൾ നിർമ്മിച്ച് ആരാധന പുനരാരംഭിച്ചു.

ദേവാലയ പുനർനിർമ്മിതി തുടങ്ങിയപ്പോൾ അവർക്ക് ഒരു പുതിയ പ്രശ്നം പരിഹരിക്കേണ്ടിവന്നു. അത് ബാബിലോണിലേയ്ക്ക് നാടുകടത്തപ്പെടാതെ യൂദയായിൽതന്നെ കഴിഞ്ഞ യഹൂദരോടുള്ള ബന്ധത്തെപ്പറ്റിയുള്ള പ്രശ്നമായിരുന്നു. ബാബിലോൺ പ്രവാസം യഹൂദരെ രണ്ടു ഗ്രൂപ്പുകളായി തിരിച്ചു. നാട്ടിലെ സമ്പന്നരും, വിദ്യാഭ്യാസമുള്ളവരും വിവിധ കലകളിലും തൊഴിലുകളിലും നൈപുണ്യമുള്ളവരുമാണ് ബാബിലോണിലേയ്ക്ക് നാടുകടത്തപ്പെട്ടത്. എന്നാൽ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും താഴേ നിലയിലുണ്ടായിരുന്നവരെ യൂദയായിൽത്തന്നെ തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. മറ്റുള്ളവർ പ്രവാസികളായി ബാബിലോണിൽ കഴിയുമ്പോൾ യൂദയായിൽക്കഴിഞ്ഞ ഈ പാവപ്പെട്ടവരെ മതപരമായും സാമൂഹികമായും നയിക്കാനും വളർത്താനും ആരുമില്ലായിരുന്നു. തത്ഫലമായി യഹൂദരുടെ പല ആചാരനുഷ്ഠാനങ്ങളും അവർ ലംഘിച്ചു. ഏറ്റവും പ്രധാനം ഗോത്രശുദ്ധി പാലിക്കുന്നതിൽ വന്ന വീഴ്ചയാണ്. യഹൂദർ എല്ലാവരും യാക്കോബിന്റെ പന്ത്രണ്ടു മക്കളിൽ നിന്നുവന്നവരാണെന്നാണല്ലോ വിശ്വാസം. ഈ ഗോത്രശുദ്ധി പാലിക്കുവാൻ അവർ യഹൂദസമൂഹത്തിന് പുറത്തുള്ളവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുമായിരുന്നില്ല. എന്നാൽ ബാബിലോൺ പ്രവാസകാലത്ത് പ്രവാസികളല്ലാതെ യൂദയായിൽ കഴിഞ്ഞവർ അവിടെയുള്ള വിജാതീയരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും ഗോത്രശുദ്ധി നഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു. ഈ മിശ്രഗോത്രമാണ് പിന്നീട് സമറായക്കാർ എന്ന് അറിയപ്പെട്ടത്.

www.malankaralibrary.com

മടങ്ങിവന്ന യഹൂദർ ദേവാലയ നിർമ്മിതി ആരംഭിച്ചപ്പോൾ ഈ സമറായാക്കാരും അതിൽ സഹകരിക്കാനും അവരുടേതുകൂടിയായ ഒരു പൊതുദേവാലയം നിർമ്മിക്കാനും ആഗ്രഹിച്ചു. എന്നാൽ ബാബിലോണിൽ നിന്ന് മടങ്ങി വന്നവർ അതിനോടു അനുകൂലിച്ചില്ല. സമറായക്കാരോടു സഹകരിച്ചാൽ തങ്ങളുടെ ഗോത്രശുദ്ധി നഷ്ടപ്പെടുമെന്ന് അവർ ഭയപ്പെട്ടു. എന്നാൽ ഇതിന്റെ അനന്തരഫലം യഹൂദർക്ക് വിനാശകരമായിരുന്നു. പുതിയ ദേവാലയനിർമ്മിതിയെ സമറായർ എതിർത്തു. ദേവാലയനിർമ്മിതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. മടങ്ങി വന്നവരുടെ ഇടയിലെ അനൈക്യവും ഇതിനു കാരണമായി.

പിന്നീട് രണ്ടു പ്രവാചകന്മാർ യഹൂദരുടെ ഇടയിൽ ഐക്യവും മതബോധവും വളർത്തി. സഖറിയാ, ഹഗ്ഗായി എന്നിവരാണ് ഈ പ്രവാചകന്മാർ. ഇവരുടെ പ്രോത്സാഹനഫലമായി 520-ൽ ദേവാലയത്തിന്റെ പണി പുനരാരംഭിക്കുകയും അഞ്ചുവർഷത്തെ പ്രയത്നഫലമായി 515-ൽ പണി പൂർത്തിയാക്കി പ്രതിഷ്ഠ നടത്തുകയും ചെയ്തു.

എസ്രായും നെഹേമിയായും

പിന്നീടുള്ള യഹൂദചരിത്രത്തിലെ രണ്ടു പ്രധാന വ്യക്തികളാണ് എസ്രായും നെഹേമിയായും. എസ്രാ ഒരു പുരോഹിതനായിരുന്നു. നെഹേമിയ ഒരു സമുദായനേതാവും. ദേവാലയം പണിതു പൂർത്തിയാക്കിയശേഷം യഹൂദരുടെ ശ്രദ്ധ തിരിഞ്ഞതു ജറുസലേം നഗരത്തിന്റെ മതിലുകൾ പണിതു നഗരം സുരക്ഷിതമാക്കുക എന്നതായിരുന്നു. എന്നാൽ ഇവിടെയും പല തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. സമറിയാക്കാരുടെയും ചില അയൽരാജ്യങ്ങളുടെയും എതിർപ്പും യഹൂദരുടെ ഇടയിലെ അനൈക്യവുമായിരുന്നു പ്രധാന തടസ്സങ്ങൾ. പ്രശ്നം പേർഷ്യൻ രാജാവിനെ അറിയിച്ചപ്പോൾ യഹൂദരുടെ സാമുദായിക നേതൃത്വം വഹിക്കാൻ പേർഷ്യൻ രാജാവായ അർട്ടസെക്സസ് ഒന്നാമൻ തന്റെ പാനപാത്രവാഹകനും യഹൂദനുമായ നെഹെമിയായെ യൂദയായുടെ ഗവർണറായി നിയോഗിച്ചു ജറുസലേമിലേക്ക് അയച്ചു. അദ്ദേഹത്തിന് പല എതിർപ്പുകളും നേരിടേണ്ടിവന്നെങ്കിലും നഗരത്തിന്റെ ചുറ്റുമതിൽ പണി ആരംഭിച്ചു. പക്ഷേ പൂർത്തിയാക്കുന്നതിനു മുമ്പ് അദ്ദേഹത്തിന് പേർഷ്യയിലേക്ക് മടങ്ങേണ്ടിവന്നു. അദ്ദേഹം യൂദയായുടെ ഗവർണറായി നിയമിക്കപ്പെട്ടത് ബി.സി.450-ന് അടുത്തുള്ള ഒരു കാലഘട്ടത്തിലാണ്. അദ്ദേഹം പേർഷ്യയിലേക്ക് മടങ്ങിയത് ബി.സി. 433-ലാണെന്നു കണക്കാക്കപ്പെടുന്നു. എന്നാൽ ജറുസലേ

www.malankaralibrary.com

മിലെ സ്ഥിതി വീണ്ടും വഷളായതിനാൽ കുറേനാൾ കഴിഞ്ഞ് അദ്ദേഹം വീണ്ടും വരുകയും യഹൂദർക്ക് നേതൃത്വം നല്കുകയും ചെയ്തു.

ഇക്കാലത്ത് യഹൂദർക്ക് മതപരമായ കാര്യങ്ങളിൽ നേതൃത്വം നല്കിയത് എസ്രാ എന്ന പുരോഹിതനായിരുന്നു. മോശയുടെ നിയമ പ്രകാരം അദ്ദേഹം ആരാധനാനുഷ്ഠാനങ്ങളെ ക്രമപ്പെടുത്തി. അതു പോലെ പ്രധാനപ്പെട്ടതാണ് അദ്ദേഹം മിശ്രവിവാഹത്തെ നിരോധിച്ചുവെന്നത്. ഗോത്രശുദ്ധിയായിരുന്നു ഇവിടെയും ലക്ഷ്യം. ബാബിലോൺ പ്രവാസകാലത്ത് ബാബിലോണിലെ യഹൂദർ ബാബിലോൺ സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചിരുന്നു. യൂദയായിലേക്ക് മടങ്ങിയപ്പോൾ ഇവർ തങ്ങളുടെ വിജാതീയ ഭാര്യമാരെയും കൊണ്ടുവന്നിരുന്നു. എന്നാൽ ഈ സ്ഥിതി ഗോത്രശുദ്ധിക്ക് തടസ്സമാകുമെന്നുകണ്ട എസ്രാ നിർബന്ധമായും ഇത്തരം വിജാതീയ ഭാര്യമാരെ ഉപേക്ഷിക്കാൻ യഹൂദരെ നിർബന്ധിച്ചു. മോശ മിശ്ര വിവാഹം മുടക്കിയിരുന്നെങ്കിലും വിവാഹശേഷം മതത്തിന്റെ പേരിൽ ഭാര്യയെ ഉപേക്ഷിക്കുകയെന്നത് യഹൂദരുടെ ഇടയിൽ കേട്ടുകേൾവിപോലും ഇല്ലാത്തതായിരുന്നു. എന്നാൽ എസ്രാ ഇക്കാര്യത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറായില്ല.

എലഫൻറയിൻ യഹൂദർ

യഹൂദരുടെ ചരിത്രത്തിൽ വിട്ടുകളയാൻ ആകാത്ത ഒന്നാണ് എലഫൻറയിൻ യഹൂദരെപ്പറ്റിയുള്ള വിവരം. യൂദയായിൽ പുനർനിർമ്മിക്കപ്പെട്ട ദേവാലയത്തെ കേന്ദ്രീകരിച്ച് യഹൂദമതം മുന്നേറുമ്പോൾ, യൂദയായ്ക്ക് പുറത്ത് ഈജിപ്തിലും ഒരു ശക്തമായ യഹൂദ സമൂഹം നിലനില്ക്കുന്നുണ്ടായിരുന്നു. ഈ പ്രവാസികളായ യഹൂദർ മോശയുടെ നിയമനുസരിച്ച് കർശനമായ ആചാരനുഷ്ഠാനങ്ങളോടെ യഹോവയെ ആരാധിച്ചുവന്നു. നൈൽ നദിയിലെ ഒരു ദ്വീപായ എലഫൻറയിൽ ദ്വീപിലെ യഹൂദർ എന്നാണ് അറിയപ്പെടുന്നത്. മോശയുടെ നിയമമനുസരിച്ചാണ് ഇവർ മതജീവിതം നയിച്ചിരുന്നതെങ്കിലും ഒരു ദേവാലയമേ പാടുള്ളൂ. അത് ദൈവം തെരഞ്ഞെടുത്ത സ്ഥലമായ ജറുസലേമിൽതന്നെ വേണമെന്നുമുള്ള നിയമം ഇവർ പാലിച്ചില്ല. തങ്ങൾക്കുവേണ്ടി എലഫൻറയിനിൽതന്നെ ഒരു ദേവാലയം നിർമ്മിച്ച് ഇവിടെ ആരാധന നടത്തിവന്നു. ബാബിലോൺ പ്രവാസികൾ തങ്ങൾക്ക് നിയമം പാലിക്കാൻവേണ്ടി നിർമ്മിച്ച സിനഗോഗുകൾപോലെയുള്ള ഒരു സിനഗോഗ് ആയിരുന്നില്ല, ഇത്. മറിച്ച് ഇത് ഒരു ദേവാലയം തന്നെയായിരുന്നു. ജറുസേലം ദേവാലയത്തിലെന്നപോലെ

www.malankaralibrary.com

ഇവിടെ ബലികളും ധൂപാർപ്പണവും എല്ലാം ക്രമമായി നടന്നുവന്നു. ഇവരുടെ ആരാധനയിൽ കനാൻകാരുടെ മതത്തിന്റെ ചില അനുഷ്ഠാനങ്ങളും കലർന്നിരുന്നു.

ഈ യഹൂദർ നൂറ്റാണ്ടുകളായി ഇവിടെ കഴിഞ്ഞുവന്നവരാണ്. ഈജിപ്തിലെ ഫറവോ രാജാക്കന്മാർ എത്യോപ്യാക്കാരിൽനിന്ന് തങ്ങൾക്ക് സംരക്ഷണം ലഭിക്കാൻവേണ്ടി യൂദയായിൽനിന്ന് കൊണ്ടുവന്ന് പാർപ്പിച്ചവരാണ് ഇവർ എന്നാണ് ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

യഹൂദർ ഗ്രീക്ക് ആധിപത്യത്തിൻ കീഴിൽ (ബി.സി. 333-67)

യഹൂദരുടെ മേലുള്ള പേർഷ്യൻ ആധിപത്യം ബി.സി. 333 വരെ തുടർന്നു. പിന്നീട് പേർഷ്യൻ സാമ്രാജ്യത്തിന്റെ വീഴ്ചയും ഗ്രീക്കു സാമ്രാജ്യത്തിന്റെ ഉയർച്ചയുമാണ് നാം കാണുന്നത്. മാസഡോണിയായിലെ രാജാവായിരുന്ന ഫിലിപ്പ് അന്നുവരെയും ബലഹീനമായി കഴിഞ്ഞ ഗ്രീക്കു ജനതയെ ശക്തിപ്പെടുത്തി. അദ്ദേഹം തുടങ്ങിവച്ച പുനരുദ്ധാരണ പദ്ധതി അദ്ദേഹത്തിന്റെ മകൻ അലക്സാണ്ടർ തുടർന്നുകൊണ്ടിരുന്നു. ബി.സി. 333-ലെ ഇസ്സസ് യുദ്ധത്തിൽ പേർഷ്യൻ സാമ്രാജ്യത്തെ അലക്സാണ്ടർ പരാജയപ്പെടുത്തി. 331-ൽ ഈജിപ്തിൽ അലക്സാൺട്രിയ എന്ന നഗരം സ്ഥാപിച്ചു. പേർഷ്യ പരാജയപ്പെട്ടതോടെ അതുവരെയും പേർഷ്യയുടെ അധികാരത്തിൻ കീഴിലായിരുന്ന യൂദയാരാജ്യം ഗ്രീക്കു സാമ്രാജ്യത്തിന്റെ ഭാഗമായി. അലക്സാണ്ടറിന്റെ സഹായത്തോടെ സമറിയാക്കാർക്ക് ഗെറിസിംപർവ്വതത്തിൽ ഒരു ദേവാലയം നിർമ്മിക്കപ്പെട്ടു. എന്നാൽ പിന്നീട് സമറിയാക്കാർ അലക്സാണ്ടറിനെതിരെ തിരിയുകയും അലക്സാണ്ടർതന്നെ ഗെറിസിം നഗരവും ദേവാലയും നശിപ്പിക്കുകയുമുണ്ടായി. അലക്സാണ്ടറിന്റെ മരണശേഷവും യൂദയാ ഗ്രീക്കു സാമ്രാജ്യത്തിന്റെ ഭാഗമായി തുടർന്നു. എന്നാൽ ഗ്രീക്കു സാമ്രാജ്യം അലക്സാണ്ടറിനുശേഷം ദുർബലമാകുകയും ബി.സി. 300-ൽ നാലു ചെറിയ രാജ്യങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തു. ഇവയിൽ രണ്ടു രാജ്യങ്ങളുടെ ചരിത്രവുമായി യഹൂദരുടെ ചരിത്രം കൂടിക്കുഴഞ്ഞു കിടക്കുന്നു. ആ രാജ്യങ്ങൾ ടോളമി രാജാക്കന്മാരുടെ അധികാരത്തിൽ രൂപപ്പെട്ട ഈജിപ്തും സെലൂസിഡ് രാജാക്കന്മാരുടെ അധികാരത്തിൻ കീഴിൽ രൂപപ്പെട്ട ഏഷ്യൻ രാജ്യവുമാണ്. ബി.സി. 300-നു ശേഷം യഹൂദർ ഇവയിൽ ഏതെങ്കിലും ഒരു രാജ്യത്തിന്റെ അധീനതയിൽ ആയിരുന്നു. ബി.സി. 300 മുതൽ 200

www.malankaralibrary.com

വരെയുള്ള കാലഘട്ടം യൂദയാ ടോളമിമാരുടെ അധികാരത്തിൻ കീഴി ലായിരുന്നു. ഇക്കാലത്തു നടന്ന സംഭവങ്ങളാണ് പ്രവചനരൂപത്തിൽ ദാനിയേൽ 11:5-45-ൽ പറഞ്ഞിരിക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു. ഇക്കാലത്തെ പ്രധാന സംഭവങ്ങൾ ഇവയാണ്. **1.** ബൈബിൾ ഗ്രീക്കു ഭാഷയിലേക്ക് ഭാഷാന്തരം ചെയ്യേണ്ടതായി വന്നു. വലിയ യഹൂദസ മൂഹങ്ങൾ അലക്സാണ്ട്രിയായിൽ താമസിക്കുന്നുണ്ടായിരുന്നു. അവർക്ക് ഹീബ്രുഭാഷ വശമില്ലായിരുന്നു. അതിനാൽ ദൈവവചനം വായിച്ച് മനസ്സിലാക്കണമെങ്കിൽ അത് അവരുടെ ഭാഷയായ - അന്നത്തെ ലോകഭാഷയും അതു തന്നെയായിരുന്നു - ഗ്രീക്കിലേക്ക് തർജ്ജമ ചെയ്യേണ്ടിയിരുന്നു. അത് ബി.സി. 200-ന് അടുത്തുള്ള ഒരു കാലഘട്ടത്തിൽ നിറവേറി. **2.** യൂദയായിൽ യഹൂദർ ഒരു മതപരമായ സംഘടനയായി നിലനിന്നു. ഈ സംഘടനയുടെ നിയന്താവും തല വനും പ്രധാന പുരോഹിതനായിരുന്നു. ഈ സംഘടന ശ്രേഷ്ഠന്മാ രുടെ ഒരു കൗൺസിലായിരുന്നു ഗെറൂസിയ (Gerousia) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. ഇതിന്റെ തലവനായ മഹാപുരോഹിതന് മതപരവും സാമൂഹികവുമായ അധികാരങ്ങൾ ഉണ്ടായിരുന്നു. വളരെ പ്രകടമായ രാഷ്ട്രീയ കാര്യങ്ങളിൽ മാത്രമേ ഇക്കാലത്ത് യഹൂദർക്ക് ടോളമിമാരെ ആശ്രയിക്കേണ്ടി വന്നുള്ളു. പ്രായോഗികമായി അവർ ഏതാണ്ട് സ്വതന്ത്രർ ആയിരുന്നു.

എന്നാൽ ഇക്കാലത്ത് മറ്റൊരു മാറ്റം സംഭവിച്ചുകൊണ്ടിരുന്നു. അത് യഹൂദരുടെ യവനവത്ക്കരണം ആയിരുന്നു (hellenization). ഗ്രീക്കു ഭാഷയോടും സംസ്കാരത്തോടും സാഹിത്യത്തോടും അടുത്തു വന്ന തോടെ യഹൂദരിൽ ഒരു ഗണ്യമായ വിഭാഗത്തിന് തങ്ങളുടെ സംസ്കാ രത്തോടും പാരമ്പര്യത്തോടുമുണ്ടായിരുന്ന ബഹുമാനം പതുക്കെ നഷ്ടപ്പെട്ടു തുടങ്ങി. പകരം ഗ്രീക്ക് സംസ്കാരത്തെയും ആചാരവി ശേഷങ്ങളെയും അവർ സ്നേഹിക്കാൻ തുടങ്ങി. ഇതോടെ യഹുദർ ഏതാണ്ട് വ്യക്തമായ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞു. പൂർവ്വികരുടെ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നവരും യവനസംസ്കാരത്തെ സ്വന്തമാ ക്കാൻ ശ്രമിച്ചവരും. ഈ കാലഘട്ടത്തിലെ സ്ഥിതിവിശേഷമാണ് മക്ക ബായർ എന്ന രണ്ടു പുസ്തകങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നത്. പൂർവ്വികരുടെ പാരമ്പര്യങ്ങളിൽ നിന്ന് അണുവിട മാറാൻ തയ്യാറാകാ ത്തവരുടെ പ്രതിനിധികളാണ് മക്കബായ കുടുംബത്തിലെ അംഗങ്ങൾ. അവരുടെ പ്രധാന ശത്രുക്കൾ ഭരണകർത്താക്കളായ ഗ്രീക്കുകാരല്ല, ഗ്രീക്കുസംസ്കാരത്തിനുവേണ്ടി സ്വന്തം പാരമ്പര്യങ്ങളെ തള്ളിപ്പറ യുന്ന യവനവത്കൃതരായ യഹൂദന്മാർ തന്നെയായിരുന്നു.

www.malankaralibrary.com

ടോളമിമാരുടെ ഭരണത്തിന് ബി.സി. 200-ഓടെ മാറ്റം വന്നു. ആ വർഷം സെലൂസിഡ് രാജാവായ അന്ത്യോക്കസ് മൂന്നാമൻ ടോളമി അഞ്ചാമനുമായി യുദ്ധം ചെയ്തു അദ്ദേഹത്തെ തോല്പിച്ചു. അതോടെ യൂദയ സെലൂസ്യ രാജ്യത്തിന്റെ ഭാഗമായി തീർന്നു. സെലൂസിഡ് പിൻമുറക്കാരനായ അന്ത്യോക്യൻ രാജാവിന് അന്താരാഷ്ട്ര ഇടപാടുകളിൽ വലിയ പരാജയമാണ് സംഭവിച്ചത്. റോമിന് വലിയ ഒരു തുക കപ്പം കൊടുത്തുകൊണ്ടാണ് അദ്ദേഹം തന്റെ രാജ്യത്തിന്റെ സ്വതന്ത്രത നിലനിർത്തിയത്. അയൽ രാജ്യങ്ങളെ കൊള്ളയടിച്ചാണ് കപ്പം കൊടുക്കാനുള്ള തുക കണ്ടെത്തിയത്. ബി.സി. 187-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത് സെലവൂക്കസ് നാലാമൻ എന്നും ഫിലോപാത്തർ എന്നും അറിയപ്പെട്ടിരുന്ന രാജാവാണ്. 2 മക്ക 3-ാം അധ്യായത്തിൽ ഇദ്ദേഹത്തെപ്പറ്റി പരാമർശമുണ്ട്. ഇദ്ദേഹം യഹൂദരുടെ ഒരു ശത്രുവായിരുന്നു. അദ്ദേഹം യഹൂദരുടെ ജറുസലേം ദേവാലയം കൊള്ളയടിച്ച് വിലപിടിപ്പുള്ള സാധനങ്ങളെല്ലാം കൊണ്ടുപോയി. ഇതിനുശേഷമാണ് മക്കബേയൻ വിപ്ലവം ആരംഭിക്കുന്നത്.

മക്കബേയൻ വിപ്ലവം

അന്ത്യോക്കസ് നാലാമൻ സെലൂസ്യ രാജാവായിരിക്കുമ്പോൾ യഹൂദരുടെ സാമൂഹികവും മതപരവുമായ നേതൃത്വം പുരോഹിതനായ ഓനിയാസിനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സഹോദരനായ ജാസൻ നീചമായ ചില കരുനീക്കങ്ങൾ വഴി ഓനിയാസിനെ പുറന്തള്ളുകയും പകരം മുഖ്യപുരോഹിതനായി സ്ഥാനം ഏൽക്കുകയും ചെയ്തു. എന്നാൽ ജാസൻ യവന സംസ്കാരത്തെ തന്റെ സ്വന്തം സംസ്കാരത്തെക്കാൾ അധികം സ്നേഹിച്ചു. പതുക്കെ യവനരീതികളും സംസ്കാരവും യഹുദരുടെ ഇടയിൽ പ്രചരിപ്പിച്ചു. ഇത് യഹൂദരുടെയിടയിൽ വിഭജനമുണ്ടാകാൻ കാരണമായി. യവനസംസ്കാരത്തെ അനുകൂലിക്കുന്ന ഒരു കൂട്ടരും അതിനെ എതിർക്കുന്ന മറ്റൊരു കൂട്ടരും. ബി.സി 171-ൽ മെനെലാവൂസ് പുതിയ പ്രധാന പുരോഹിതനായി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ യവനവത്കരണം ശക്തമായി മുന്നേറിക്കൊണ്ടിരുന്നു. അന്ത്യോക്യസ് രാജാവും യഹൂദരെ പീഡിപ്പിച്ചു തുടങ്ങി. യഹൂദരുടെ പരമ്പരാഗതാചാരമായ ചേലാകർമ്മം നിരോധിച്ചു. ബലിയർപ്പണം നിയമവിരുദ്ധമാക്കി. മാത്രമല്ല, യഹൂദരുടെ ദേവാലയമായ ജറുസലേം ദേവാലയത്തിൽ തന്നെ സേവൂസ് ദേവന് ഒരു ബലിപീഠം തയ്യാറാക്കി (ദാനി 9:27). ഇതോടെ സെലൂസ്യ രാജാക്കന്മാർക്കെതിരേ ശക്തമായ വിപ്ലവം ആരംഭിച്ചു. ഇതിന് നേതൃത്വം

www.malankaralibrary.com

കൊടുത്തത് മത്തിയാസ് എന്ന മക്കബേയ കുടുംബനാഥനാണ്. ദാനിയേലിന്റെ പുസ്തകം 7 മുതൽ 12 വരെ അധ്യായങ്ങൾ ഈ കാലത്തെ ചരിത്രമാണ് പ്രതിഫലിപ്പിക്കുന്നത്. മക്കബായർ 1,2 പുസ്തകങ്ങളിൽ ഈ കാലത്തെ ചരിത്രമാണുള്ളത്. യഹൂദരുടെ വിപ്ലവം ശക്തമായപ്പോൾ അന്ത്യോക്കസ് രാജാവ് യഹൂദർക്കെതിരെ യുദ്ധം ചെയ്യാൻ ലിസിയാസ് എന്ന ആളെ നിയോഗിച്ചു. എന്നാൽ ആരംഭത്തിൽ യഹൂദർക്കായിരുന്നു വിജയം. ബി.സി. 164-ൽ മത്തത്തിയാസിന്റെ മകനായ യൂദാസ് സൈന്യങ്ങളോടെ ദേവാലയത്തിലേക്ക് ഇരച്ചു കയറി വിജാതീയ ദേവന്റെ ബലിപീഠം തല്ലിതകർക്കുകയും ദേവാലയം ശുദ്ധീകരിച്ച് പരമ്പരാഗത മതകർമ്മങ്ങൾ പുനസ്ഥാപിക്കുകയും ചെയ്തു.

ഇതിനുശേഷം ലിസിയാസ് യഹൂദരുമായി യുദ്ധത്തിന് പുറപ്പെട്ടു. പക്ഷേ യുദ്ധം അവസാനിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന് മടങ്ങിപോകേണ്ടതായി വന്നു. അതിനാൽ ആ യുദ്ധം ഒരു സന്ധിയിൽ അവസാനിച്ചു. അതായത് യൂദയാ സെലൂസ്യ രാജാക്കന്മാരുടെ കീഴിലാണെങ്കിലും യഹൂദർക്ക് തങ്ങളുടെ മതകർമ്മങ്ങളും പാരമ്പര്യങ്ങളും തുടർന്നുകൊണ്ടുപോകാനുള്ള അനുവാദം നൽകി (1 മക്ക 6:59). ഇങ്ങനെ മക്കബായ വിപ്ലവത്തിന്റെ ലക്ഷ്യം സാധിതമായി.

കൂടുതൽ അധികാരങ്ങൾക്കുവേണ്ടി മക്കബായർ വിപ്ലവം തുടർന്നുകൊണ്ടിരുന്നു. യൂദാസിന്റെ മരണശേഷം അദ്ദേഹത്തിന്റെ സഹോദരനായ ജോനാഥൻ വിപ്ലവത്തിന് നേതൃത്വം നൽകി. പിന്നീട് അദ്ദേഹം കൂടുതൽ കൂടുതൽ അധികാരത്തിനായി ശ്രമിക്കുകയും അയൽ രാജ്യങ്ങളുമായി ബന്ധപ്പെടുകയും ചെയ്തു. ഇതെല്ലാം ശ്രദ്ധിച്ചു കൊണ്ടിരുന്ന സെലൂസ്യ രാജാവ് 143 ബി.സി.യിൽ ജോനാഥനെ അറസ്റ്റ് ചെയ്ത് ടൊളേമായ്സ് (ptolemais) എന്ന സ്ഥലത്ത് തടങ്കലിൽ ഇടുകയും ചെയ്തു. പിന്നീട് യഹൂദരുടെ വിപ്ലവം തുടർന്നത് മത്തിയാസിന്റെ മറ്റൊരു മകനായ സൈമൺ ആണ്. ഇദ്ദേഹത്തിന് യഹൂദർ തന്നെ മതപരവും രാഷ്ട്രീയവുമായ നേതൃത്വം അനുവദിച്ചു കൊടുത്തു. പിന്നീട് സെലൂസ്യ രാജാവായി വന്നത് അന്തോക്യസ് സിഡേറ്റസ് (Antiochus sidetes). ഇദ്ദേഹം യഹൂദരുടെ ശത്രുവായിരുന്നു. തുടർന്നുണ്ടായ യുദ്ധത്തിൽ സൈമൺ കൊല്ലപ്പെട്ടു എങ്കിലും യഹൂദർക്കായിരുന്നു വിജയം. ഇതോടെ മക്കബായ ഒന്നാം പുസ്തകം അവസാനിക്കുന്നു, ബൈബിളിൽ നിന്ന് ലഭിക്കുന്ന യഹൂദചരിത്രവും. പിന്നീടുള്ള ചരിത്രത്തിന് നാം ആകെ ആശ്രയിക്കുന്നത് ജോസേഫൂസ് എന്ന യഹൂദ ചരിത്രകാരനെയാണ്.

www.malankaralibrary.com

ഹാസ്മോണിയൻ നേതൃത്വം

ബി.സി 134 മുതൽ 63 വരെ യഹൂദരുടെ നേതൃത്വം വഹിച്ചത് ഹാസ്മോണിയൻസ് എന്നറിയപ്പെടുന്ന ഭരണാധികാരികളാണ്. ഇതിൽ ആദ്യത്തെ ഭരണാധികാരിയാണ് സൈമന്റെ മകനായ ഹിർക്കാനോസ് (Hircanus) രാഷ്ട്രീയവും മതപരവുമായ നേതൃത്വം ഇദ്ദേഹത്തിനായിരുന്നു. അദ്ദേഹം ബി.സി. 104 വരെ യഹൂദർക്ക് നേതൃത്വം നൽകി. ഈ സമയത്ത് അന്ത്യോക്യസ് സിഡേറ്റസ് ജറുസലേമിനെ ആക്രമിച്ചു. എന്നാൽ റോമൻ സാമ്രാജ്യത്തിന്റെ സമ്മർദ്ദം യുദ്ധം തുടരാൻ അദ്ദേഹത്തെ അനുവദിച്ചില്ല. പിന്നീട് പാർഥ്യാക്കാരുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടി വന്നു. ഈ സമയത്ത് ഹിർക്കാനൂസ് അന്ത്യോക്കസ് സിഡേറ്റസിനെ സഹായിച്ചു. പിന്നീട് സെലൂസ്യ രാജാവായി വന്നത് ഡെമെട്രിയൂസ് 11- (Demarius 11) മനാണ്. അദ്ദേഹം യഹൂദരുടെ അയൽരാജ്യങ്ങളെയും ആക്രമിച്ച് കീഴടക്കി. എന്നാൽ ആഭ്യന്തര കലഹം സെലൂസ്യ രാജ്യത്തെ ശിഥിലമാക്കിക്കൊണ്ടിരുന്നു. ഈ സമയത്ത് ഹിർക്കാനൂസിന്റെ മകനായ അരിസ്റ്റോബുളുസ് (Aristobulus) സമറായാക്കാരെ ആക്രമിച്ച് സമരിയാദേശം യഹൂദരാജ്യത്തിന്റെ ഭാഗമാക്കി. ഈ സമയത്താണ് യഹൂദസമുദായത്തിലെ ശക്തമായ രണ്ട് സമൂഹങ്ങൾ ഉത്ഭവിക്കുന്നത് - ഫരിസേയരും സദുക്കായരും.

അലക്സാണ്ടർ ജാനയൂസ് (Alexander Janneus) (BC 103-76)

അരിസ്റ്റോബൂലൂസിന് ശേഷം യഹൂദരുടെ നേതൃത്വം ഏറ്റെടുത്തത് അലക്സാണ്ടർ ജാനയൂസാണ്. പല അയൽരാജ്യങ്ങളും ആക്രമിച്ച് അവർ കവർന്നെടുത്ത യഹൂദരാജ്യത്തിന്റെ പ്രദേശങ്ങൾ പലതും അദ്ദേഹം തിരിച്ചു പിടിച്ചു. ദാവീദിന്റെ സാമ്രാജ്യത്തിന്റെ എല്ലാ സ്ഥലങ്ങളും തന്നെ വീണ്ടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതുപോലെ യഹൂദരുടെ പാരമ്പര്യങ്ങളും ആചാരങ്ങളും പുനഃസ്ഥാപിക്കപ്പെട്ടു. ഗ്രീക്കു പാരമ്പര്യങ്ങൾ നിലനിന്നിരുന്ന നഗരങ്ങളെ അദ്ദേഹം യൂദവത്കരിച്ചു. 76-ൽ അലക്സാണ്ടർ ജാനയൂസ് മരിച്ചശേഷം അദ്ദേഹത്തിന്റെ വിധവയായ സലോമിയാണ് രാഷ്ട്രീയ നേതൃത്വം ഏറ്റെടുത്തത്. അവരുടെ മകനായ ഹിർക്കാനൂസ് രണ്ടാമൻ പ്രധാന പുരോഹിതനായും ചുമതല ഏറ്റു. സലോമി മരിച്ചശേഷം അരിസ്റ്റോഗുലൂസ് രാഷ്ട്രീയ നേതൃത്വം ഏറ്റെടുത്തു. അങ്ങനെ അദ്ദേഹം ഒരേ സമയം രാജാവും പ്രധാനപുരോഹിതനുമായി യഹൂദർക്ക് നേതൃത്വം നൽകി. എന്നാൽ പിന്നീട് അദ്ദേഹവും സഹോദരൻ ഹിർക്കാനോസും തമ്മി

www.malankaralibrary.com

ലുള്ള വൈരം പല വിപ്ലവങ്ങൾക്കും കാരണമായി. ബി.സി. 63-ൽ സിറിയയുടെ ഭരണാധിപനായ പോംപി ജറുസലേമിനെ ആക്രമിച്ചു. ജറുസലേം പൂർണമായി പരാജയപ്പെട്ടു. സിറിയ ഒരു സ്വതന്ത്ര രാജ്യമല്ലായിരുന്നു, റോമൻ സാമ്രാജ്യത്തിന്റെ ഒരു പ്രോവിൻസ് മാത്രമായിരുന്നു. അങ്ങനെ യഹൂദരാജ്യമായ പലസ്തീന റോമൻ സാമ്രാജ്യത്തിന്റെ പ്രോവിൻസായ സിറിയയുടെ ഭാഗമായി തീർന്നു. ഇത് ബി.സി 63 ലാണ്.

യഹൂദർ റോമിന്റെ കീഴിൽ

63 മുതലുള്ള യഹൂദരുടെ ചരിത്രത്തെ റോമൻ കാലഘട്ടം എന്ന് വിളിക്കാം. റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായ സിറിയൻ പ്രോവിൻസ് ഭരിച്ചു കൊണ്ടിരുന്നത് റോമൻ ചക്രവർത്തി നിയമിക്കുന്ന പ്രതിനിധികളായിരുന്നു. ഇങ്ങനെ യഹൂദർ റോമൻ സാമ്രാജ്യത്തിന്റെ അധീനതയിൽ വന്നു. യഹൂദരുടെ നേതൃത്വം ഹിർക്കാനൂസ് രണ്ടാമനായിരുന്നു. ബി.സി. 49-ൽ സിറിയൻ പ്രോവിൻസിന്റെ റോമൻ പ്രതിനിധിയായ പോംബെയും റോമൻ ചക്രവർത്തിയായ ജൂലിയസ് സീസറും തമ്മിൽ യുദ്ധമുണ്ടായി. എന്നാൽ പോംബെ പരാജയപ്പെട്ടു. പിന്നീട് ഹിർക്കാനൂസും അലക്സാണ്ഡ്രിയായിലെ പ്രവാസികളായ യഹൂദരും ജൂലിയസ് സീസറിനെ പിന്തുണച്ചു. അതിന്റെ ഫലമായി ബി.സി. 47-ൽ സീസർ ഹിർക്കാനൂസിനെ എത്നാർക്ക് (Ethnarch) (സമുദായ ഭരണകർത്താവ്) എന്ന സ്ഥാനം നൽകി ബഹുമാനിച്ചു.

ബി.സി. 44-ൽ റോമൻ ചക്രവർത്തിയായ ജൂലിയസ് സീസർ വധിക്കപ്പെട്ടു. ഘാതകരിൽ ഒരുവനായ ഖാസിയൂസ് സിറിയയിൽ വന്ന് അതിന്റെ നിയന്ത്രണം ഏറ്റെടുത്തു. ആന്റിപാറ്റർ (Antipater) എന്ന യഹൂദനും അദ്ദേഹത്തിന്റെ മകനായ ഹെറോദും (Herod) ഖാസിയൂസിന് പിന്തുണ നൽകി. അങ്ങനെ ഈ കുടുംബം ഖാസിയൂസിന്റെ സ്നേഹിതരായി മാറി. പിന്നീട് ബി.സി. 37-ൽ ഹിർക്കാനൂസ് തന്റെ പൗത്രിയായ മറിയാമിനെ (Mariamme) ഹെറോദിന് വിവാഹം കഴിച്ചു കൊടുത്തു. ഇങ്ങനെ ഹിർക്കാനൂസും ഹെറോദിന്റെ കുടുംബവും തമ്മിൽ സൗഹൃദം സ്ഥാപിച്ചു. അതിനുശേഷം യൂദയായിലെ ചില പ്രശ്നങ്ങൾ കാരണം ഹെറോദും അന്റിപാറ്ററും റോമിൽ അഭയം തേടി. അന്ന് റോമൻ ചക്രവർത്തി മാർക്ക് ആന്റണി ആയിരുന്നു. ചക്രവർത്തിയുടെ സൗഹൃദം ലഭിച്ച ഹെറോദിനെ മാർക്ക് ആന്റണി യൂദയായുടെ രാജാവായി പ്രഖ്യാപിച്ചു. ഇത് ബി.സി. 37 ലായിരുന്നു. അതുമുതൽ

www.malankaralibrary.com

ബി.സി. 4 വരെ (ഏതാണ്ട് 33 വർഷം) ഹെറോദേസ് പലസ്തീനാ യുടെ മുഴുവൻ രാജാവായി ഭരിച്ചു. എന്നാൽ പലസ്തീന ഒരു സ്വതന്ത്ര രാജ്യമല്ലായിരുന്നു. റോമിന്റെ കീഴിലുള്ള സിറിയൻ പ്രോവിൻസിലെ ഒരു നാട്ടു രാജ്യം എന്നുവേണം മനസിലാക്കാൻ.

ഹെറോദേസ് രാജാവ് (37-4 ബി.സി)

ഹെറോദേസ് വലിയ നയതന്ത്രജ്ഞനായിരുന്നു. ധൈര്യത്തിൽ അദ്ദേഹത്തെ വെല്ലാൻ അധികം പേരില്ലായിരുന്നു. ഇതൊക്കെയാണെങ്കിലും ഒരു ക്രൂരനും മനുഷ്യപ്പറ്റില്ലാത്തവനുമായിരുന്നു ഹെറോദേസ്. റോമൻ സാമ്രാജ്യത്തിന്റെ കീഴിൽ ഒരു നാട്ടുരാജാവായി ഭരണം ആരംഭിച്ച അദ്ദേഹം വളരെ വേഗം പ്രസിദ്ധനാകുകയും എന്നും റോമിന്റെ സൗഹൃദം അനുഭവിച്ചു വരുകയും ചെയ്തു. അതിനാൽ തന്നെ പ്രായോഗികമായി ഒരു സ്വതന്ത്രരാജാവിന്റെ അവസ്ഥയായിരുന്നു ഹേറോദേസിന്റേത്. യുദ്ധം, മറ്റ് രാജ്യങ്ങളുമായുള്ള നയതന്ത്രബന്ധം എന്നിവയിൽ മാത്രമേ ഹേറോദേസിന് റോമിന്റെ അനുവാദം വേണ്ടി വന്നുള്ളൂ. ഹോറോദേസിന്റെ കാലത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

37-25 ബി.സി.

ഈ കാലഘട്ടം യഹൂദരുടെ ഏക ഭരണാധികാരിയായി ഹെറോദേസ് സ്വയം അവരോധിച്ച കാലമാണ്. നാട്ടിലുണ്ടായിരുന്ന എല്ലാ ശത്രുക്കളെയും വകവരുത്തുകയും തന്റെ അധികാരം സുരക്ഷിതമാക്കുകയും ചെയ്തു. അക്കൂട്ടത്തിൽ കൊല്ലപ്പെട്ട നിരപരാധികളാണ് അരിസ്റ്റേഗുലൂസ് മൂന്നാമൻ ഹിർക്കാനൂസ് രണ്ടാമൻ, തന്റെ തന്നെ സഹോദരിയുടെ ഭർത്താവായ ജോസഫ്, സ്വന്തം ഭാര്യയായ മറിയാം, അലക്സാണ്ടർ മുതലായവർ. ഇവരിൽ പലരെയും വധിച്ചത് പിൽക്കാലത്ത് തനിക്ക് ഇവരിൽ നിന്ന് ശത്രുതയുണ്ടാകുമോ എന്ന ഭയത്താലാണ്. അങ്ങനെ ഈ കാലഘട്ടം ഹേറോദേസിന്റെ ക്രൂരതയുടെ കാലഘട്ടമാണ്. യഹൂദർ കണ്ട ക്രൂര ഭരണകർത്താക്കളിൽ ഒന്നാമൻ എന്ന സ്ഥാനമാണ് ഹെറോദേസിന് ചരിത്രകാരന്മാർ നൽകുന്നത്.

25-13 ബി.സി

ഹെറോദേസ് ജനങ്ങളിൽ നിന്ന് വളരെ വലിയ നികുതിയാണ് പിരിച്ചുവന്നത്. ഇതുകൊണ്ട് സാംസ്കാരികമായ ചില നവീകരണങ്ങളും നവോത്ഥാനങ്ങളും കൊണ്ടുവരാൻ ഹെറോദേസ് ശ്രമിച്ചു. ഈ കാലത്ത് ഹെറോദേസ് ചെയ്ത മൗഢ്യങ്ങളിലൊന്ന് ചക്രവർത്തി ആരാ

www.malankaralibrary.com

ധന പലസ്തീനയിൽ കൊണ്ടുവന്നു എന്നതാണ്. ചക്രവർത്തി ആരാധനക്കുവേണ്ടി ചക്രവർത്തി ദേവാലയങ്ങളും തിയേറ്ററുകളും സ്ഥാപിച്ചു. യഹൂദരുടെ പുരാതനമായ പാരമ്പര്യങ്ങൾ പലതും ചോദ്യം ചെയ്യപ്പെട്ടു. ജറുസലേമിൽതന്നെ തിയേറ്ററുകളും പാർക്കുകളും പൂങ്കാവനങ്ങളും അദ്ദേഹം നിർമ്മിച്ചു. ഇതൊക്കെ യഹൂദ പാരമ്പര്യത്തിന് നിരക്കാത്തതിനാൽ തന്നെ യഹൂദർ അദ്ദേഹത്തെ എതിർത്തു. ബുദ്ധിമാനായ ഹെറോദേസ് യഹൂദരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി മറ്റൊന്നുകൂടി ചെയ്തു. ജറുസലേം ദേവാലയം പുതുക്കി പണിയുക എന്നതായിരുന്നു അത്. ഇക്കാരണത്താൽ തന്നെ അദ്ദേഹത്തിന്റെ ക്രൂരതകൾ മറന്ന് യഹൂദർ അദ്ദേഹത്തെ പിന്തുണച്ചു.

ഹെറോദേസ് യഹൂദ മതത്തിൽ പെട്ട ആളാണ്. പക്ഷേ പരമ്പരാഗത യഹൂദനല്ല. അതായത് അബ്രഹാമിന്റെ മകൻ എന്ന സ്ഥാനം അദ്ദേഹത്തിനില്ല. പലസ്തീനയുടെ തെക്ക് കിടക്കുന്ന ഇദുമിയ എന്ന പ്രദേശത്തിന്റെ ഗവർണറായിരുന്ന ആന്റി പാറ്ററിന്റെ മകനാണ് ഹെറോദേസ്. ജോൺ ഹിർക്കാനുസ് ഇദൂമിയ ആക്രമിച്ച് ആ പ്രദേശത്തെ യഹൂദരാജ്യത്തിന്റെ ഭാഗമാക്കി. അന്ന് അവിടെയുണ്ടായിരുന്ന വിജാതീയരെ ബലം പ്രയോഗിച്ച് യഹൂദമതത്തിൽ ചേർത്തു. അങ്ങനെയാണ് ഈ കുടുംബം യഹൂദ മതത്തിലെത്തിയത്. ഹെറോദേസിന്റെ അമ്മ ഒരു അറേബ്യൻ രാജകുമാരിയായിരുന്നു. അവരുടെ പേര് സൈപ്രിസ് (cypris) എന്നായിരുന്നു. ദേവാലയ പുനരുദ്ധാരണം മതത്തോടോ ദേവാലയത്തോടോ ഉള്ള ഭക്തിയിൽ നിന്നു വന്നതല്ല. യഹൂദരെ പ്രീതിപ്പെടുത്താൻ വേറെ മാർഗമില്ലാത്തതിനാൽ ചെയ്യേണ്ടി വന്നതാണ്. അനേകവർഷങ്ങൾ നീണ്ട പുനരുദ്ധാരണ പദ്ധതിയാണ് ഹെറോദേസ് ഏറ്റെടുത്തത്. പണി എല്ലാം പൂർത്തിയായത് എ.ഡി. 63 ലാണ്. എന്നാൽ പൂർത്തിയായ ദേവാലയം വെറും 7 വർഷമേ നിലനിന്നുള്ളു. എ.ഡി. 70ൽ റോമാക്കാർ ഈ ദേവാലയം സമ്പൂർണമായി നശിപ്പിച്ചു. ഇക്കാലത്ത് ഹെറോദേസ് യഹൂദരുടെ പ്രധാനപുരോഹിതന്മാരെ തന്റെ ഇഷ്ടമനുസരിച്ച് നിയമിക്കുകയും മാറ്റുകയും ചെയ്തുകൊണ്ടിരുന്നു. ഇതും യഹൂദർക്ക് സഹിക്കാനാകുമായിരുന്നില്ല. ക്രൂരത ഉപയോഗിച്ചാണ് ഹെറോദേസ് യഹൂദരെ നിലക്കു നിർത്തിയത്.

13-4 ബി.സി

ഈ കാലഘട്ടം ഹെറോദേസിന്റെ കുടുംബത്തിൽ വലിയ വിപ്ലവത്തിന്റെ കാലമായിരുന്നു. അതിനു കാരണം തന്റെ അധികാരത്തിന്

www.malankaralibrary.com

കുടുംബാംഗങ്ങൾ തടസമാകുമോ എന്ന ഭീതിയിൽ നിരപരാധരായ പലരെയും വധിച്ചു എന്നതാണ്. ഹെറോദേസിന് അഞ്ചു ഭാര്യമാരുണ്ടായിരുന്നു. അതിൽ ചിലരെ അദ്ദേഹം വധിച്ചു. മറ്റു ചിലരെ ഉപേക്ഷിച്ചു. മറിയാം എന്നു പേരുള്ള ഭാര്യയുടെ മൂത്ത രണ്ടു പുത്രന്മാരിൽ നിന്നാണ് ഹേറോദേസിന് ശത്രുത ഉണ്ടായത്. അവരുടെ പേര് അലക്സാണ്ടർ എന്നും അരിസ്റ്റോബുലൂസ് എന്നും. ഇവരെ രണ്ടുപേരെയും ഹെറോദേസ് വധിച്ചു. പിന്നീട് ആന്റിപാറ്റർ എന്ന മറ്റൊരു മകൻ ഹെറോദേസിനെതിരെ തിരിഞ്ഞു. ബി.സി.4-ൽ ഇദ്ദേഹത്തെയും വധിച്ചു. ഹെറോദേസിന്റെ തന്നെ മരണത്തിന്റെ വെറും അഞ്ച് ദിവസം മുമ്പാണ് ആന്റിപാറ്ററിനെ കൊല്ലുന്നത്. അതിനുശേഷം അതേ വർഷം ഹേറോദേസ് മരിക്കുന്നു. പെസഹാക്ക് കുറേ ദിവസങ്ങൾ മുമ്പാണ് ഹെറോദേസ് മരിച്ചത്.

ലൂക്കാ സുവിശേഷമനുസരിച്ച് (1:5; 2:1) ഹെറോദേസിന്റെ ഭരണകാലത്താണ് യേശുവിന്റെ ജനനം. അപ്പോൾ റോമൻ സാമ്രാജ്യത്തിന്റെ ചക്രവർത്തി അഗസ്റ്റസ് സീസറായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു പേരാണ് ഒക്ടേവിയൻ (octavian). ഹെറോദേസിന്റെ സമയത്താണ് യേശുവിന്റെ ജനനമെന്ന് മത്തായി 2:3-ൽ നിന്ന് മനസിലാക്കാം. ഹേറോദേസ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പുത്രന്മാരിൽ 4 പേരാണ് ജീവിച്ചിരുന്നത്. അർക്കലാവൂസ് (Archelaus) ഫിലിപ്പ് (Philip) ആന്റിപ്പാസ് (Antipas) മറ്റൊരു ഫിലിപ്പ് (Philip). തന്റെ രാജ്യം ഇതിൽ ആദ്യത്തെ മൂന്നു പേർക്കുമായി വിഭജിക്കണമെന്ന് വിൽപത്രം എഴുതിവച്ച ശേഷമാണ് ഹെറോദേസ് മരിക്കുന്നത്. വിൽപത്രം സ്ഥിരീകരിക്കേണ്ടത് റോമൻ ഭരണാധികാരിയാണ്.

മൂന്ന് ഭരണപ്രദേശങ്ങൾ

ഹെറോദേസിന്റെ വിൽപത്രമനുസരിച്ച് ജറുസലേം ഉൾപ്പെടെ യൂദയാ നാടു മുഴുവൻ അർക്കലവൂസിന് സ്വന്തമായി. ഗലീലി പ്രദേശങ്ങളാണ് ആന്റിപാസിന് നൽകപ്പെട്ടത്. പെരെയാ എന്ന പ്രദേശവും ആന്റിപ്പാസിന്റെ അധികാരത്തിൽ വന്നു. ഫിലിപ്പിന് കിട്ടിയത് വിജാതീയ പ്രദേശങ്ങളാണ്. ബാഷൻ, ട്രാക്കോണിറ്റിസ്, ഇത്തൂറീയ മുതലായവ ഫിലിപ്പിന്റെ ഭരണപ്രദേശങ്ങളായിരുന്നു. ഹെറോദേസിന്റെ വിൽപ്പത്രമനുസരിച്ച് തന്നെ എല്ലാം അഗസ്തസ് സീസർ സ്ഥിരീകരിച്ചുകൊടുത്തു നാലാമത്തെ പുത്രനായ ഫിലിപ്പിന് അധികാരമൊന്നും നൽകിയില്ല. അതുപോലെ മൂന്ന് ഭരണകർത്താക്കൾക്കും രാജാവ് എന്ന സ്ഥാനം ചക്രവർത്തി നിൽകിയില്ല.

www.malankaralibrary.com

ബി.സി. 4 മുതൽ എ.ഡി. 6 വരെ അർക്കലവൂസ് യൂദയാ പ്രദേശം ഭരിച്ചു. യഹൂദർ വെറുത്ത ഒരു ഭരണാധിപനാണ് അർക്കലെവൂസ്. യഹൂദർ റോമിൽ ചെന്ന് അഗസ്തസ് സീസറിന് പരാതി കൊടുത്തു. അർക്കലവൂസിന്റെ ക്രൂരതയ്ക്കെതിരേ. അവരുടെ അപേക്ഷ ഇതായിരുന്നു. യൂദയാ പ്രദേശം ആർക്കലേവൂസിൽ നിന്നെടുത്ത് സിറിയ ഗവർണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാക്കുക. എന്നാൽ ഈ അപേക്ഷ ചക്രവർത്തി സ്വീകരിച്ചില്ല. പക്ഷേ അർക്കലേവൂസിന് രാജാവ് എന്ന പദവി നിഷേധിക്കപ്പെട്ടു. അദ്ദേഹം അറിയപ്പെട്ടിരുന്നത് എത്നാർക്ക് (Ethnarc) എന്നാണ്. ഹെറോദേസിന്റെ രാജ്യത്തിന്റെ പകുതി ഭാഗവും അർക്കലേവൂസിനായിരുന്നു. ആന്റിപ്പാസിനും ഫിലിപ്പിനും ടെട്രാർക്ക് (tetrarch) എന്ന പദവിയാണ് ലഭിച്ചത്. നാലിലൊരു ഭാഗത്തിന്റെ അധികാരി എന്നർത്ഥം. പിന്നീട് അർക്കലേവൂസിൽ കണ്ട ക്രൂരത കാരണം ചക്രവർത്തി അദ്ദേഹത്തെ ഭരണത്തിൻ നിന്ന് നീക്കുകയും വിയന്നലേക്ക് നാടുകടത്തുകയും ചെയ്തു. യൂദയാ പ്രദേശം ഒരു റോമൻ പ്രൊക്കുറേറ്ററിന്റെ അധികാരത്തിൽ കൊണ്ടുവന്നു. എ.ഡി. 70 വരെ ഇതായിരുന്നു സ്ഥിതി. യേശുവിന്റെ പരസ്യജീവിത കാലത്ത് യൂദയായുടെ പ്രൊക്കുറേറ്റർ പൊന്തിയോസ് പീലാത്തോസ് ആയിരുന്നു.

ഫിലിപ്പ് ചക്രവർത്തിയെ പ്രീതിപ്പെടുത്താൻ വേണ്ടി കേസറിയ ഫിലിപ്പി എന്ന നഗരം സ്ഥാപിക്കുകയും അവിടെ ചക്രവർത്തി ആരാധന തുടങ്ങുകയും ചെയ്തു. ഇദ്ദേഹം 37 വർഷത്തോളം ഭരിച്ച ശേഷം എ.ഡി. 33-ൽ മരിച്ചു. ആന്റിപ്പാസ് ഗലീലി പ്രദേശങ്ങളുടെ ഭരണാധികാരി ആയിരുന്നു എന്നു പറഞ്ഞല്ലോ. തിബേരിയാസ് എന്ന പേരിൽ ഒരു നഗരം സ്ഥാപിച്ച് തിബേരിയൂസ് എന്ന ചക്രവർത്തിയുടെ പ്രീതി സമ്പാദിച്ചു. ഗലീലി കടലിന്റെ പടിഞ്ഞാറ് ഭാഗമാണ് ഈ നഗരം. ഇദ്ദേഹവും പൊന്തിയൂസ് പീലാത്തോസും തമ്മിൽ ശത്രുതയിലായിരുന്നു എന്ന് ലൂക്കാ 23:12-ൽ നിന്ന് മനസ്സിലാക്കാം.

ഭരണം ലഭിക്കാതിരുന്ന ഫിലിപ്പിന്റെ ഭാര്യയാണ് ഹെറോദിയ. ഇവൾ ഫിലിപ്പിനെ വിട്ട് ആന്റിപ്പാസിനെ ഭർത്താവായി സ്വീകരിച്ചു. അതോടെ ആന്റിപ്പാസിന്റ ഭാര്യ അദ്ദേഹത്തെ വിട്ടുപോയി. നബാത്തിയൻ രാജാവിന്റെ പുത്രിയായിരുന്നു ആന്റിപ്പാസിന്റെ ആദ്യ ഭാര്യ. ഫിലിപ്പിന്റെ ഭാര്യയായ ഹെറോദിയായെ സ്വീകരിച്ചതിനെപ്പറ്റിയാണ് സ്നാപകയോഹന്നാൻ ആന്റിപ്പാസിനെ കുറ്റപ്പെടുത്തിയത്. അത് അദ്ദേഹ

www.malankaralibrary.com

ത്തിന്റെ മരണത്തിന് കാരണമായി. ഈ ആന്റിപ്പാസിനെയാണ് യേശു കുറുക്കൻ (ലൂക്കാ 13:32) എന്ന് വിളിക്കുന്നത്.

യഹൂദരുടെ പിന്നീടുള്ള ചരിത്രം പുതിയനിയമത്തിന്റെ ഭാഗമാകയാൽ അത് ഇവിടെ വിവരിക്കുന്നില്ല. യേശുവിന്റെ ജനനം ബി.സി. 4-ൽ സംഭവിച്ചു എന്നാണ് മുകളിൽ പറഞ്ഞ വസ്തുതകളിൽ നിന്ന് അനുമാനിക്കാവുന്നത്. യേശു ജനിച്ചപ്പോൾ റോമൻ ചക്രവർത്തി അഗസ്തസ് സീസറും റോമൻ സാമ്രാജ്യത്തിന്റെ ഒരു പ്രൊവിൻസായ സിറിയയുടെ ഭരണാധിപൻ കിരിനിയോസും സിറിയൻ പ്രോവിൻസിലെ ഒരു നാട്ടുരാജ്യമായ പലസ്തീനയുടെ ഭരണാധികാരി ഹെറോദേസ് രാജാവും ആയിരുന്നു.

www.malankaralibrary.com

അധ്യായം - 2

ബൈബിൾ: പേരുകളും പേരുകളുടെ ഉത്പത്തിയും

ബൈബിൾ എന്ത് എന്ന് ചോദ്യത്തിന് പൊതുവേ ലഭിക്കുന്ന ഉത്തരം ക്രൈസ്തവരുടെ വേദഗ്രന്ഥം എന്നാണ്. എന്നാൽ ക്രൈസ്തവരുടെ മാത്രം വേദഗ്രന്ഥമല്ല ബൈബിൾ. യഹൂദരുടെ വേദഗ്രന്ഥവും ബൈബിൾ തന്നെയാണ്, ക്രൈസ്തവരുടെ ബൈബിൾ മുഴുവനായും അതിൽ ഉൾപ്പെടുന്നില്ല എന്നു മാത്രം. യഹൂദരുടെ ബൈബിളിൽ മാത്രമല്ല ഈ വ്യത്യാസമുള്ളത്, എല്ലാ ക്രൈസ്തവ സഭകളും ഉപയോഗിക്കുന്ന ബൈബിളുകൾ ഒരുപോലെയല്ല. ചിലത് ചെറുതും മറ്റു ചിലതു വലുതുമാണ്. എന്താണ് ഈ വ്യത്യാസങ്ങൾക്ക് കാരണം എന്ന് മറ്റൊരു അധ്യായത്തിൽ വിശദീകരിക്കുന്നതാണ്. ഇവിടെ ബൈബിൾ എന്നു വിളിക്കപ്പെടുന്ന ഈ ഗ്രന്ഥത്തിന്റെ പേരിനെപ്പറ്റി ചിന്തിക്കാം.

ബൈബിൾ എന്ന പേര് മലയാളത്തിൽ സാധാരണമായി ഉപയോഗിക്കാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. അതുപോലെ സാധാരണക്കാരന്റെ കൈകളിൽ ബൈബിൾ എത്തിയിട്ടും ദീർഘകാലം ആയിട്ടില്ല. കേരളത്തിലെ ക്രൈസ്തവസമൂഹങ്ങൾ ആരാധനയിൽ സുറിയാനി ഭാഷയാണല്ലോ ഉപയോഗിച്ചിരുന്നത്. ആരാധനയിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങളും സുറിയാനിയിലായിരുന്നതിനാൽ സാധാരണക്കാരന് അതു വായിച്ചു മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ഇതു പേപ്പറും അച്ചടിയുമൊക്കെ പ്രചാരത്തിലായ ശേഷമുള്ള സ്ഥിതിയാണ്. അതിനുംമുമ്പ് ചില വ്യക്തികൾ, പ്രത്യേകിച്ചും പുരോഹിതന്മാർ, ആരാധനയിൽ ഉപയോഗിക്കേണ്ട വേദഭാഗങ്ങൾ എഴുതി സൂക്ഷിക്കുകയാണ് ചെയ്തിരുന്നത്.

www.malankaralibrary.com

പ്രോട്ടസ്റ്റന്റ് വിപ്ലവത്തോടെയാണ് ബൈബിൾ സാധാരണക്കാരന്റെ കൈയിൽ എത്താൻ തുടങ്ങിയത്. അതും അച്ചടി നടപ്പിലായശേഷം.

അന്നൊക്കെ ബൈബിൾ എന്ന ക്രൈസ്തവ മതഗ്രന്ഥത്തിന് വേദപുസ്തകം എന്ന പേരാണ് കൊടുത്തിരുന്നത്. ഹൈന്ദവരുടെ മതഗ്രന്ഥങ്ങളിൽ ഒന്നാം സ്ഥാനം ശ്രുതി എന്ന് അറിയപ്പെടുന്ന പുസ്തകങ്ങൾക്കാണ്. ശ്രുതിയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് വേദങ്ങളാണ്. നാലു വേദങ്ങളാണ് ഹിന്ദു പാരമ്പര്യത്തിലുള്ളത് (ഋക്, യജൂർ, സാമം, ആഥർവം). ഇവയിൽ ഒന്നാമത്തേത് ഋക്‌വേദമാണ്. ഹിന്ദുമതത്തിലെ മതഗ്രന്ഥങ്ങളെ വേദങ്ങൾ എന്ന് വിളിക്കുന്ന പാരമ്പര്യമനുസരിച്ച് ക്രൈസ്തവമതഗ്രന്ഥമായ ബൈബിളിനെയും വേദപുസ്തകം എന്ന് വിളിക്കുന്ന പാരമ്പര്യമാണ് ഇവിടെയുണ്ടായി രുന്നത്. മാത്രമല്ല ക്രിസ്തുമതം തന്നെ മൂന്നാം വേദമെന്നാണ് അറിയപ്പെട്ടിരുന്നത്. ഈ മൂന്നാം വേദത്തിന്റെ മതഗ്രന്ഥത്തിനു വേദപുസ്തകം എന്ന പേരും ലഭിച്ചു.

ക്രൈസ്തവമതഗ്രന്ഥത്തിനു ഇംഗ്ലീഷിൽ ബൈബിൾ (bible) എന്നാണല്ലോ പറയുക. ഈ പേരിന്റെ ഉത്പത്തിയും അർത്ഥവുമെന്താണെന്നു നോക്കാം. ബൈബിൾ എന്ന പദം ഗ്രീക്കിൽ നിന്നു വന്നതാണ്. അവിടെ ബിബ്ളിയോൺ (biblion) എന്നൊരു പദമുണ്ട്. അതിന്റെ അർത്ഥം പുസ്തകം എന്നാണ്. ബൈബിൾ ഒരു പുസ്തകശേഖരമാണല്ലോ. ഒരു പുസ്തകമല്ല, 73 പുസ്തകങ്ങൾ ചേർന്നതാണ് ബൈബിൾ. അതിനാൽ പുസ്തകങ്ങളുടെ ബഹുത്വം സൂചിപ്പിക്കാൻ വേണ്ടി ആ പദത്തിന്റെ ബഹുവചനരൂപമായ ബിബ്ളിയ (biblia) എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചുവന്നത്. ചുട്ടെഴുത്തുകൂടി ചേർത്ത് റ്റാ ബിബ്ളിയ (ta biblia) (the books) എന്ന് ഗ്രീക്കുകാർ ബൈബിളിനെ വിളിച്ചു. ഈ പദം ലത്തീനിലെത്തിയപ്പോൾ അതു ഏകവചനമായി തെറ്റിദ്ധരിക്കപ്പെട്ടു. കാരണമുണ്ട്. ലത്തീൻ ഭാഷയിൽ സാധാരണമായി 'അ'യിൽ അവസാനിക്കുന്ന നാമം സ്ത്രീലിംഗ ഏകവചനമായാണ് കണക്കാക്കുക. അതായത് ഗ്രീക്കിലെ നപുംസകലിംഗ ബഹുവചനമായ ബിബ്ളിയ (biblia) എന്ന പദത്തെ ലത്തീൻകാർ സ്ത്രീലിംഗ ഏകവചനമായി തെറ്റിദ്ധരിക്കുകയും ആ പദം (biblia) ബൈബിളിന്റെ പേരായി സ്വീകരിക്കുകയും ചെയ്തു. അതോടൊപ്പം ഗ്രീക്കിലെ ചുട്ടെഴുത്തായ റ്റ (ta) ഉപേക്ഷിക്കുകയും ചെയ്തു. കാരണം ലത്തീനിൽ ചുട്ടെഴുത്തില്ല. അങ്ങനെ ബൈബിൾ ലത്തീൻ ഭാഷയിൽ ബിബ്ളിയ

www.malankaralibrary.com

എന്ന് അറിയപ്പെടാൻ തുടങ്ങി. ഈ പദത്തെ ആംഗലരൂപത്തിലാക്കി യാണ് ഇംഗ്ലീഷുകാർ ബൈബിൾ (bible) എന്ന പദമുണ്ടാക്കിയത്.

യഹൂദനാമം

ബൈബിളിന്റെ ആദ്യഭാഗമായ പഴയനിയമം യഹൂദരുടെയും മതഗ്രന്ഥമാണല്ലോ. അവരിൽ നിന്നാണല്ലോ ഈ ഒന്നാം ഭാഗം ക്രൈസ്തവർക്ക് ലഭിച്ചത്. പക്ഷേ യഹൂദർ തങ്ങളുടെ മതഗ്രന്ഥമായ ബൈബിളിന് (പഴയനിമയത്തിന്) ബൈബിൾ എന്ന പേരല്ല ഉപയോഗിക്കുന്നത്. ക്രൈസ്തവരുടെ സ്വാധീനത്താൽ ബൈബിൾ എന്ന് കേട്ടാൽ അവർക്കു മനസ്സിലാകുമെങ്കിലും അവർ സാധാരണ മായി ഉപയോഗിക്കുന്ന പേര് തെനക് (tenek) എന്നതാണ്. ഈ പദം മൂന്നു പദങ്ങളുടെ (തോറ, നിബിയും, കെത്തുബിം) ആദ്യാക്ഷരങ്ങൾ യോജിപ്പിച്ചു രൂപപ്പെടുത്തിയതാണ്. ഈ പദങ്ങൾ പഴയനിയമത്തിന്റെ മൂന്നു ഭാഗങ്ങളെ കുറിക്കുന്നു. ഇവയെപ്പറ്റി മറ്റൊരു അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നതാണ്.

www.malankaralibrary.com

അധ്യായം – 3

ബൈബിൾ: ദൈവവചനം

സംഘടിതമതങ്ങൾക്കും മതങ്ങളിലെ ഉപവിഭാഗങ്ങൾക്കും തങ്ങളുടേതായ മതഗ്രന്ഥങ്ങൾ ഉണ്ട്. മാത്രമല്ല ഈ മതഗ്രന്ഥങ്ങൾക്ക് ദൈവികമായ ഉത്പത്തിയാണു ഉള്ളതെന്നും ഈ മതങ്ങളും ഉപവിഭാഗങ്ങളും വിശ്വസിക്കുന്നു. ഹൈന്ദവമതഗ്രന്ഥങ്ങൾ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ശ്രുതിയും സ്മൃതിയും. ഇവയിൽ ശ്രുതിയാണ് ഏറ്റവും പരിശുദ്ധമായി കണക്കാക്കപ്പെടുന്നത്. ശ്രുതിയെന്ന പദത്തിന് ശ്രവിക്കപ്പെട്ടത് എന്നാണർത്ഥം. പരബ്രഹ്മത്തിൽ നിന്ന് കേട്ട് മനസ്സിലാക്കിയവയാണ് ശ്രുതിയെന്നതാണ് വിശ്വാസം. ഹൈന്ദവമതഗ്രന്ഥങ്ങളിൽ രണ്ടാം സ്ഥാനമാണ് സ്മൃതികൾക്കു ഉള്ളത്. പുരാണങ്ങളാണ് സ്മൃതിയെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മഹാഭാരതം, രാമായണം മുതലായവയും സ്മൃതിയെന്ന ഗണത്തിൽപ്പെടുന്നു. ഓർമ്മിക്കപ്പെട്ടത് എന്നാണ് സ്മൃതിയെന്ന പദത്തിന് അർത്ഥം. എന്നാൽ പ്രായോഗിക ജീവിതത്തിലും ജനങ്ങളുടെ അറിവിലും ഒന്നാം സ്ഥാനം നല്കപ്പെടുന്നത് ഭഗവത്ഗീതയ്ക്കാണ്. മാത്രമല്ല മറ്റേതൊരു ഹൈന്ദവ മതഗ്രന്ഥത്തെയുംകാൾ ഏറെ അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്നതും ഉപയോഗപ്പെടുത്തപ്പെടുന്നതും ഭഗവത്ഗീതയാണ്. എന്നാൽ അത് വേദങ്ങളുടെ ഭാഗമല്ല, (അതായത് ശ്രുതിയല്ല) മഹാഭാരതത്തിന്റെ ഭാഗമാണ് (സ്മൃതിയുടെ ഭാഗം). ഇസ്ലാംമതഗ്രന്ഥമായ ഖുർആൻ ദൈവത്തിന്റെ മാലാഖ പറഞ്ഞു കൊടുത്തതനുസരിച്ച് എഴുതപ്പെട്ടതാണെന്നാണ് വിശ്വാസം. ഏതാണ്ട് ഇതേ വിശ്വാസമാണ് മറ്റു മതഗ്രന്ഥങ്ങളെപ്പറ്റി ആ മതങ്ങൾ പുലർത്തുന്നത്.

യഹൂദ-ക്രൈസ്തവമതങ്ങൾ ബൈബിൾ ദൈവത്തിൽനിന്ന് വന്നതാണെന്ന് വിശ്വസിക്കുന്നു. 'ദൈവത്തിൽ നിന്ന്' എന്ന് പൊതുവേ

www.malankaralibrary.com

പറയാമെങ്കിലും എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഈ ദൈവിക ഉത്പത്തി ഒരേ പോലെയല്ല മനസ്സിലാക്കുന്നത്. പറഞ്ഞുകൊടുത്ത് എഴുതിക്കുക (dictation) എന്ന അർത്ഥത്തിലാണ് ഈ ദൈവിക ഉത്പത്തിയെപ്പറ്റി ഇസ്ലാം മനസ്സിലാക്കുന്നത്. ചില പെന്തക്കോസ്തു വിഭാഗങ്ങളും ഏതാണ്ട് ഇതേ ആശയമാണ് പുലർത്തുന്നത്. ഈ ദൈവിക ഉത്പത്തിയെപ്പറ്റി മറ്റു ചില ക്രൈസ്തവവിഭാഗങ്ങൾ പുലർത്തുന്ന ആശയം ഈ പുസ്തകങ്ങൾ എഴുതാൻ എഴുത്തുകാർക്ക് ബാഹ്യമായ സഹായം മാത്രം ദൈവം നല്കിയെന്നാണ്. ഇവിടെ നാം ചർച്ച ചെയ്യുന്നത് കത്തോലിക്കാസഭ ദൈവിക ഉത്പത്തിയെപ്പറ്റി എന്ത് മനസ്സിലാക്കുന്നവെന്നാണ്.

ബൈബിൾ ദൈവത്തിന്റെ വചനമെന്ന് കത്തോലിക്കാസഭ വിശ്വസിക്കുന്നു. അങ്ങനെ വിശ്വസിക്കാൻ കാരണം ബൈബിൾ ദൈവത്താൻ നിവേശിതമായി രചിക്കപ്പെട്ടുവെന്നതാണ്. അതായത് ബൈബിൾ എഴുതിയത് മനുഷ്യവ്യക്തികൾ തന്നെയാണ്. എന്നാൽ ഈ എഴുത്തുകാർക്ക് ദൈവനിവേശനം ലഭിച്ചിരുന്നു. അതിനാൽ ഈ എഴുത്തുക്കാരുടെ രചന ദൈവവചനമായിത്തീർന്നു.

ദൈവനിവേശനം എന്നതിന് divine inspiration എന്നാണ് ഇംഗ്ലീഷിൽ പറയുന്നത് Inspiration എന്ന പദം ലത്തീൻ ഭാഷയിലെ രണ്ടു പദങ്ങൾ ചേർന്നതാണ് - in + spirare. In എന്നാൽ in എന്നോ into എന്നോ മനസ്സിലാക്കാം. Spirare എന്നതിന് ഊതുക, ഊതിക്കയറ്റുക എന്നൊക്കെയാണ് അർത്ഥം. അങ്ങനെ ചിന്തിക്കുമ്പോൾ inspiration എന്നതിന് ഊതിക്കയറ്റൽ എന്ന് അർത്ഥം പറയാം. എന്താണ് ഊതിക്കയറ്റുന്നത്? പരിശുദ്ധാത്മാവിനെ. അതായത് ബൈബിളിലെ പുസ്തകങ്ങൾ എഴുതിയ എഴുത്തുകാരിലേയ്ക്ക് പരിശുദ്ധാത്മാവിനെ ഊതിക്കയറ്റിയെന്നും ആ പരിശുദ്ധാത്മാവിന്റെ ശക്തിയിലാണ് ബൈബിൾ എഴുതപ്പെട്ടതെന്നുമാണ് വിശ്വാസം. ഗായകൻ ഫ്ളൂട്ടിലൂടെ സംഗീതം പുറപ്പെടുവിക്കുന്ന പ്രതീകമാണ് ഇവിടെയുള്ളത്. ബൈബിളിലെ വചനം (സന്ദേശം) ദൈവത്തിൽ നിന്നുവരുന്നു. എന്നാൽ അതു മനുഷ്യ എഴുത്തുകാരിലൂടെയാണ് വരുന്നതെന്നു മാത്രം. ദൈവത്തിൽ നിന്ന് വരുന്നതാകയാൽ ബൈബിൾ ദൈവചനമാണ്. എന്നാൽ മനുഷ്യനിലൂടെ വരുന്നതുകൊണ്ട് ബൈബിൾ മനുഷ്യവചനം കൂടിയാണ്.

www.malankaralibrary.com

ഇത് ഇങ്ങനെ വിശദീകരിക്കാം. ഫിലോസഫിയുടെ സഹായം തേടുകയാണെങ്കിൽ, രണ്ടു കാരണങ്ങൾ ഒരുമിച്ച് പ്രവർത്തിച്ച് ഒരു ഉത്പന്നം ഉണ്ടാക്കുന്നതുപോലെയാണിത്. ആശാരി ഉളി ഉപയോഗിച്ച് തടിക്ക് രൂപഭേദം നല്കി കസേരയുണ്ടാക്കുന്നുവെന്ന് വിചാരിക്കുക. ആശാരി ഇവിടെ പ്രധാന കാരണമാണ്, ഉളി ഇവിടെ ഉപകരണമാണ്. ഏതാണ്ട് ഇതുപോലെയാണ് വേദപുസ്തകരചനയിൽ ദൈവത്തിന്റെയും മനുഷ്യന്റെയും പങ്ക്-ദൈവം പ്രധാന കാരണവും മനുഷ്യൻ (മനുഷ്യ ഗ്രന്ഥകാരൻ) ഉപകരണവും.

ഈ വിശദീകരണം ശരിയാണെങ്കിലും ഇതു വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതായത് ഉപകരണത്തിന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. എഴുതുകയെന്ന പ്രവൃത്തിയെപ്പറ്റി ചിന്തിക്കാം. ഇവിടെ എഴുത്തുകാരനാണ് പ്രധാന കാരണം. പേനയും പേപ്പറുമാണ് ഉപകരണങ്ങൾ. എഴുതപ്പെടുന്ന സന്ദേശം അതാണ് ഉത്പന്നം. എഴുത്തുകാരൻ എത്ര സമർത്ഥനാണെങ്കിലും എഴുതപ്പെടുന്ന അക്ഷരങ്ങളുടെ വടിവ് പേനയെയും പേപ്പറിനെയും ആശ്രയിച്ചാണ് ഇരിക്കുന്നത്. പേന വളരെ മോശമെങ്കിൽ, പേപ്പർ വളരെ പരുപരുത്തതെങ്കിൽ, അക്ഷരങ്ങൾക്ക് നല്ല വടിവുണ്ടായിരിക്കുകയില്ല. പേനയും പേപ്പറും നിർജ്ജീവവസ്തുക്കളാണ്. എങ്കിലും ഉപകരണമെന്ന നിലയിൽ അവയുടെ പങ്ക് വളരെ പ്രധാനപ്പെട്ടതും. വേദപുസ്തകരചനയിൽ ദൈവം ഉപയോഗിക്കുന്ന മനുഷ്യൻ എന്ന ഉപകരണം ജീവനുള്ളവൻ എന്നു മാത്രമല്ല, ബുദ്ധിയും ഇച്ഛാശക്തിയുമുള്ളവനാണ്. അതിനാൽ ബൈബിൾ എന്ന ഉത്പന്നത്തിന്റെ നിർമ്മിതിയിൽ മനുഷ്യന്റെ പങ്ക് എത്ര പ്രധാനമെന്ന് വിവരിക്കാനേ പ്രയാസം.

ഫിലോസഫിയുടെ സഹായം തേടിയാൽ വേദപുസ്തക രചനയിൽ മനുഷ്യന്റെയും ദൈവത്തിന്റെയും പങ്ക് ഇപ്രകാരം വിശദീകരിക്കാനാകും. അസ്തിത്വത്തിലുള്ള എന്തും രണ്ടു അംശങ്ങൾ ചേർന്നതാണെന്നാണ് ഗ്രീക്കു തത്ത്വചിന്ത പഠിപ്പിക്കുന്നത്. സത്ത (matter) യും രൂപ (form) വും. ഒരു കസേരയെപ്പറ്റി ചിന്തിച്ചാൽ അതിലെ മരം അതിന്റെ സത്തയാണ്. കസേരയുടെ രൂപം അതിന്റെ രൂപവും. ഒരു ആഭരണം (മാല) ഉദാഹരണമായെടുത്താൽ, മാലയിലെ സ്വർണ്ണം സത്തയാണ്. ആ സ്വർണ്ണം സ്വീകരിച്ച മാലയുടെ രൂപമാണ് അതിന്റെ രൂപം. ബൈബിളിലേയ്ക്കു പോയാൽ ബൈബിളിലെ സന്ദേശം അതിന്റെ സത്തയാണ്. ആ സത്തയാണ് ദൈവത്തിൽ നിന്നു വരുന്നത്. ആ സന്ദേശം എഴുതപ്പെട്ട വാക്കുകളാണ് മനുഷ്യന്റെ ഭാഗത്തു നിന്നു വരുന്നത്.

www.malankaralibrary.com

ദൈവനിവേശനം, യഹൂദവീക്ഷണത്തിൽ

ബൈബിൾ ദൈവനിവേശിതമാണെന്നത് ക്രിസ്തുവിന് മുമ്പു തന്നെ യഹൂദർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസമാണ് ബൈബിളിനെ ആധികാരികഗ്രന്ഥമായി സ്വീകരിക്കാൻ യഹൂദരെ പ്രേരിപ്പിച്ചത്. യഹൂദരുടെ വിശ്വാസത്തെ താഴെ പറയും പ്രകാരം വിശദീകരിക്കാം.

പ്രവാചകരുടെ ദൈവനിവേശിതത്വം

പ്രവാചകന്മാർ ദൈവത്താൽ നിവേശിക്കപ്പെട്ടവരാണെന്ന് യഹൂദർ ആദ്യകാലം മുതൽ തന്നെ വിശ്വസിച്ചിരുന്നു. അതിനാൽ അവർ പറയുന്ന വചനം ദൈവത്തിന്റെ വചനമാണെന്നും അതു അനുസരിക്കപ്പെടേണ്ടതാണെന്നും യഹൂദർ വിശ്വസിച്ചിരുന്നു. പ്രവാചകന്മാർ എന്നു പറഞ്ഞാൽ ആധുനിക ക്രൈസ്തവചിന്തയനുസരിച്ച് പ്രവാചകന്മാരെന്ന് പേരെടുത്തു പറയുന്ന നാലു വലിയ പ്രവാചകന്മാരും പന്ത്രണ്ടു ചെറിയ പ്രവാചകന്മാരും മാത്രമല്ല, യഹൂദജനതയെ നയിച്ച മോശ മുതലായ നേതാക്കന്മാരെയാണ് പ്രവാചകൻ എന്ന പദംകൊണ്ട് അവർ ഉദ്ദേശിച്ചിരുന്നത്. മോശ തുടങ്ങിയ ഈ പ്രവാചകന്മാരെ അവർ ബഹുമാനിക്കാനുള്ള കാരണം ഇവർ ദൈവത്തിൽ നിന്നുള്ള പ്രേരണയാലാണ് സംസാരിക്കുന്നതെന്നും അക്കാരണത്താൽ അവർ സംസാരിക്കുന്നതു ദൈവവചനമാണെന്നും യഹൂദർ വിശ്വസിച്ചിരുന്നു എന്നതാണ്.

എഴുതപ്പെട്ട വചനവും ദൈവനിവേശനവും

പ്രവാചകന്മാർക്ക് ദൈവനിവേശം ഉണ്ടെന്നു വിശ്വസിക്കുമ്പോൾ പോലും അവരിൽ നിന്നു വരുന്ന വചനം എഴുതപ്പെടുന്നത് ദൈവനിവേശത്താലാണെന്നും അങ്ങനെ എഴുതപ്പെട്ടവ ദൈവനിവേശിതമാണെന്നും യഹൂദർ വിശ്വസിച്ചിരുന്നതായി നമുക്കു വ്യക്തമായ രേഖകളൊന്നുമില്ല. എന്നാൽ കാലക്രമത്തിൽ പ്രവാചകന്മാരുടെ നിവേശിതത്വത്തിൽ നിന്ന് അവരുടെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും ദൈവനിവേശിതമാണ് എന്ന ആശയത്തിലേയ്ക്ക് യഹൂദർ എത്തിച്ചേർന്നു. ചില യഹൂദനേതാക്കന്മാരുടെ രചനയിൽ നിന്ന് ഇതു മനസ്സിലാക്കാം.

അലക്സാൺട്രിയായിലെ ഫീലോ

യഹൂദതത്വചിന്തകനും എഴുത്തുകാരനുമായ ഫിലോ പ്രവാചക

www.malankaralibrary.com

ന്മാരെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്: "പ്രവാചകന് തന്റേതായ വാക്കില്ല. അദ്ദേഹത്തിന്റെ വചനമെല്ലാം മറ്റൊരിടത്തു നിന്നാണ് വരുന്നത്; അദ്ദേഹത്തിന്റെ വചനം മറ്റൊരാളിന്റെ വചനത്തിന്റെ മാറ്റൊലിയാണ്. ദുഷ്ടന് ഒരിക്കലും ദൈവത്തിന്റെ വ്യാഖ്യാതാവാകാൻ പറ്റുകയില്ല. അതിനാൽ ഔൽകൃഷ്ട്യമില്ലാത്ത ഒരുവനും ദൈവനിവേശിതനാകുവാൻ പറ്റുകയില്ല, ശരിയായ അർത്ഥത്തിൽ."[1] ഇവിടെ പ്രവാചകനു ലഭിക്കുന്ന നിവേശനത്തെപ്പറ്റിയാണ് ഫീലോ സംസാരിക്കുന്നത്, എഴുതപ്പെട്ട ഗ്രന്ഥത്തെപ്പറ്റിയല്ല. ഇങ്ങനെ ദൈവ നിവേശനം ലഭിച്ച പ്രവാചകന്മാരിൽ അഗ്രഗണ്യനായി ഫീലോ അവതരിപ്പിക്കുന്നത് മോശയെയാണ്. "എല്ലായിടത്തും പ്രവാചകനായി ആഘോഷിക്കപ്പെടുന്നവനാണ്"[2] മോശയെന്നാണ് ഫീലോയുടെ അഭിപ്രായം. നോഹ, ഇസഹാക്ക്, യാക്കോബ് മുതലായവരെയും ഫീലോ പ്രവാചകന്മാരായി കണക്കാക്കുന്നു.

മോശ പ്രവാചകനാണെന്നു പറയുന്ന ഫീലോ ഒരു പടി കൂടി മുന്നോട്ടു പോയി മോശയാൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങളും നിവേശനം ലഭിച്ചതാണെന്നു പറഞ്ഞുവയ്ക്കുന്നു. ഇവയെല്ലാം മോശയാൽ പറയപ്പെട്ട പ്രവചനങ്ങൾ ആണെന്നാണ് ഫീലോയുടെ അഭിപ്രായം. അക്കാരണത്താൽ നിയമം (തോറ) മോശയാൽ എഴുതപ്പെട്ടതെന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നതിനാൽ, ദൈവനിവേശിതമായ പ്രവചനമാണ് ഉൾക്കൊള്ളുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു.

ബാബിലോണിയൻ താൽമുഡ്

ഫീലോയുടെ വിശ്വാസത്തെക്കാൾ ഒരു പടി മുന്നോട്ടു പോകുന്നു യഹൂദരുടെ ഒരു ഗ്രന്ഥമായ ബാബിലോണിയൻ താൽമുഡ്. തോറയെപ്പറ്റി ഈ ഗ്രന്ഥം പറയുന്നത് "ദൈവികമായി വെളിപ്പെടുത്തപ്പെട്ടത്" എന്നാണ്. ഇതിന്റെ വെളിച്ചത്തിൽ തോറ സ്വീകരിക്കാത്തവൻ ദൈവ വചനത്തെ സ്വീകരിക്കാത്തവനാണെന്ന് യഹൂദഗുരുക്കന്മാർ പഠിപ്പിച്ചു. സംഖ്യ 15:31-ൽ പറയുന്ന വാക്യം തോറാ സ്വീകരിക്കാത്തവരെപ്പറ്റിയാണെന്ന് അവർ പഠിപ്പിച്ചു.

ഇവിടെ നിന്നെല്ലാം നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്. പ്രവാചകർ ദൈവനിവേശനം ഉള്ളവരാണെന്ന വിശ്വാസത്തിൽ നിന്നാരംഭിച്ചു അവരുടെ വചനം ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും ദൈവനിവേശിതമാണെന്ന വിശ്വാസത്തിലേയ്ക്ക് യഹൂദർ എത്തി

www.malankaralibrary.com

ച്ചേരുകയായിരുന്നു. തോറയ്ക്ക് ഉണ്ടെന്ന് അവർ വിശ്വസിച്ച ദൈവ നിവേശിതത്വം പിന്നീട് പ്രവാചക ഗ്രന്ഥങ്ങൾക്കും (നിബിയിം) മറ്റു രചനകൾക്കും (കെത്തുബിം) ഉണ്ടെന്ന് കാലാന്തരത്തിൽ അവർ വിശ്വസിച്ചു. അതായത് തെനക് (Tenak) (പഴമനിയമ ബൈബിൾ മുഴുവൻ) ദൈവനിവേശിതമാണെന്ന വിശ്വാസത്തിലേയ്ക്ക് യഹൂദർ എത്തിച്ചേർന്നു.

ആദ്യകാല ക്രൈസ്തവവിശ്വാസം

യഹൂദരുടെ ഈ വിശ്വാസമാണ് ആദിമ ക്രൈസ്തവരും സ്വീകരിച്ചത്. ആ വിശ്വാസം 2 പത്രോ. 1:20-21-ലും 2 തിമോ. 3:16-17-ലും പ്രതിഫലിക്കുന്നു. 2 പത്രോ. 1:20-21-ൽ ഇങ്ങനെ കാണുന്നു:

> വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്. (2 പത്രോ. 1:20-21)

യഹൂദരുടെ ആദ്യകാല വിശ്വാസം എങ്ങനെ ക്രിസ്തുമതം അനുവർത്തിച്ചുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇവിടെ നിവേശനം പ്രവചനത്തിനാണ് നല്കപ്പെട്ടിരിക്കുന്നത്, ലിഖിത ഗ്രന്ഥത്തിനല്ല. എന്നാൽ 2 തിമോ. 3:16-17-ൽ കുറേകൂടി വ്യക്തമായ വിശ്വാസമാണു കാണുന്നത്; ഇവിടെ പ്രവചനത്തിന്റെ ദൈവനിവേശനമല്ല എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ ദൈവനിവേശനമാണ് ഏറ്റുപറയുന്നത്. ആ വിശ്വാസം ഇങ്ങനെയാണ്:

> വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാകുകയും ചെയ്യുന്നു. (2 തിമോ. 3:16-17).

www.malankaralibrary.com

ഇവിടെയാണ് വിശുദ്ധ ഗ്രന്ഥങ്ങളുടെ പരിശുദ്ധാത്മ നിവേശി തത്വത്തെപ്പറ്റിയുള്ള ആദിമസഭയുടെ വിശ്വാസത്തിന്റെ വ്യക്തമായ രൂപം കാണാൻ കഴിയുന്നത്. ഈ വാക്യങ്ങൾ എഴുതപ്പെട്ട കാലത്തു പുതിയനിയമം ഇന്നത്തെ രൂപത്തിൽ ഇല്ലായിരുന്നല്ലോ. എങ്കിലും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ സഭയിൽ പ്രചാരത്തിലുണ്ടായിരുന്നു. അവ നിവേശിതമാണെന്നു സഭ വിശ്വസിച്ചിരുന്നുവെന്നതിന് പത്രോസിന്റെ സാക്ഷ്യം നമുക്കു ലഭിക്കുന്നുണ്ട്. അതു ഇങ്ങനെയാണ്:

“നമ്മുടെ പ്രിയപ്പെട്ട സഹോദരനായ പൗലോസ് തനിക്കു ലഭിച്ച ജ്ഞാനമനുസരിച്ച് ഇക്കാര്യം തന്നെ നിങ്ങൾക്കു എഴുതിയിട്ടുണ്ടല്ലോ.....മനസ്സിലാക്കാൻ വിഷമമുള്ള ചില കാര്യങ്ങൾ അവയിലുണ്ട്.... ചിലർ, മറ്റു വിശുദ്ധ ലിഖിതങ്ങളെപ്പോലെ അവയെയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു” (2 പത്രോ. 3:15-16).

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെപ്പററിയാണ് ഇവിടെ പറയുന്നത്. അവയെപ്പറ്റി പറയുമ്പോൾ മറ്റു വിശുദ്ധ ലിഖിതങ്ങളെപ്പോലെ എന്നാണ് ലേഖകൻ എഴുതിയിരിക്കുന്നത്. അതായത് പൗലോസിന്റെ ലേഖനങ്ങളെയും വിശുദ്ധ ലിഖിതങ്ങളായി ഈ ലേഖകൻ കണക്കാക്കുന്നുവെന്നാണല്ലോ അർത്ഥം. വിശുദ്ധ ലിഖിതമാണെങ്കിൽ നിവേശിതമാണെന്ന് എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ.

---

1. cf. Philio of Alexandria, Quis rerum, 259.
2. cf. Philio of Alexandria, Quis rerum 262.

www.malankaralibrary.com

അധ്യായം - 4

വേദപുസ്തക ഗ്രന്ഥങ്ങളുടെ കാനോനികത

ഇന്ന് വളരെ സാധാരണമായി ഉപയോഗിക്കുന്ന പദമാണ് കാനോനികത (canonicity) എന്നത്. ഓരോ എഴുത്തുകാരന്റെയും രചനകളെപ്പറ്റി ഈ പദം ഇന്ന് ഉപയോഗിച്ചു വരുന്നു, വിശേഷിച്ചും പുരാതന ഗ്രന്ഥകാരന്മാരുടെ രചനകളെപ്പറ്റി പറയുമ്പോൾ ഒരു എഴുത്തുകാരൻ തന്നെ എഴുതിയ പുസ്തകമാണെങ്കിൽ ആ പുസ്തകം അദ്ദേഹത്തിന്റെ പുസ്തകമെന്ന നിലയിൽ കാനോനികമാണെന്ന് പറയാം. ഷേക്സ്പിയറിന്റെ കാനൻ എന്നാൽ ഷേക്സ്പിയർ തന്നെ എഴുതിയത് എന്ന് വ്യക്തമായി പറയാവുന്നവ എന്നർത്ഥം. ഈ പദത്തിന്റെ പ്രയോഗവും അർത്ഥവും ഏറ്റവും ആവശ്യമായിരിക്കുന്നത് പുരാതന രചനകൾക്കാണ്. പുരാതന പാരമ്പര്യത്തിൽ എഴുത്തുകാരനെക്കാൾ രചനയ്ക്ക് പ്രാധാന്യം കൊടുത്തിരുന്നു. അതിനാൽത്തന്നെ പലപ്പോഴും എഴുത്തുകാരൻ തന്റെ പേര് വെളിപ്പെടുത്താതെ രചനകൾ നിർവ്വഹിച്ചിരുന്നു. തന്റെ രചന ആളുകൾ വായിച്ച് മനസ്സിലാക്കുകയും അതനുസരിച്ച് പ്രതികരിക്കുകയും വേണമെന്നതാണ് എഴുത്തുകാരന്റെ പ്രധാന ലക്ഷ്യം, ഒരു എഴുത്തുകാരൻ എന്ന നിലയിൽ താൻ പ്രസിദ്ധനാകണം എന്നതല്ലായിരുന്നു. തന്റെ രചനയ്ക്കു പ്രചുരപ്രചാരം ലഭിക്കാൻ വേണ്ടി രചയിതാവു തന്നെ അന്ന് പ്രസിദ്ധനായിക്കഴി ഞ്ഞിരുന്ന ആരുടെയെങ്കിലും പേരിൽ താൻ എഴുതിയ പുസ്തകം പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഉദാഹരണങ്ങൾ പലതാണ്. ഷേക്സ്പിയറിന്റെ പേരിൽ അദ്ദേഹത്തിന്റെ കാലത്തും അതിനുശേഷവും ജീവിച്ചിരുന്ന പല എഴുത്തുകാരും തങ്ങളുടെ രചനകൾ പ്രസിദ്ധീകരിച്ചിരുന്നു. ഇതു തന്നെയാണ് കാളിദാസന്റെ കാര്യത്തിലും സംഭവിച്ചത്. കാളിദാസൻ രചിക്കാത്ത പല പുസ്തകങ്ങളും കാളിദാസന്റെ പേരിൽ പ്രസിദ്ധീകരി

www.malankaralibrary.com

ക്കപ്പെട്ടിട്ടുണ്ട്. ഈ അവസ്ഥയിൽ കാളിദാസൻ എഴുതിയവ മാത്രം തെരഞ്ഞെടുത്തു പ്രസിദ്ധീകരിച്ചാൽ ആ പ്രസിദ്ധീകരണത്തിലെ പുസ്തകങ്ങളെ കാളിദാസന്റെ കാനൻ എന്നു വിളിക്കാം.

ഈ രീതി തന്നെ ബൈബിളിനും ഉപയോഗപ്പെടുത്തപ്പെടുന്നു. കഴിഞ്ഞ അധ്യായത്തിൽ ബൈബിൾ ദൈവവചനമാണെന്നും അതു ദൈവവചനമാകുന്നത് പരിശുദ്ധാത്മാവ് മനുഷ്യവ്യക്തികളെ ഉപയോഗപ്പെടുത്തി രചന നിർവ്വഹിക്കുന്നതുകൊണ്ടാണെന്നും വിശദീകരിച്ചല്ലോ. പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്താൽ രൂപപ്പെട്ട കൃതികളെയാണ് ബൈബിളിലെ കാനൻ എന്ന് പറയുന്നത്. പരിശുദ്ധാത്മാവിന്റെ പ്രചോദനം കൂടാതെ എഴുതപ്പെട്ട് പ്രചാരത്തിൽ വരുന്നവയെ കാനോനികത ഇല്ലാത്തവയെന്നും വിളിക്കുന്നു. പഴയനിയമത്തിന്റെ അന്ത്യത്തിലും പുതിയനിയമത്തിന്റെ ആരംഭത്തിലും ദൈവവചനമെന്ന് അവകാശപ്പെട്ട് പല പുസ്തകങ്ങളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവ ദൈവനിവേശനം ഇല്ലാത്തവയെന്ന് സഭ കണ്ടെത്തുകയും അവയെ തിരസ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ദൈവവചനത്തിന്റെ കാനൻ സഭ നിജപ്പെടുത്തിയിട്ടുണ്ട്, ഷേക്സ്പിയറിന്റെയും മറ്റും കാനൻ ഭാഷാ-സാഹിത്യപണ്ഡിതന്മാർ നിജപ്പെടുത്തുന്നതു പോലെ.

ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ബൈബിളിലെ പുസ്തകങ്ങളെയും (പരിശുദ്ധാത്മ നിവേശിത ഗ്രന്ഥങ്ങളെയും) ബൈബിളിൽ ചേർക്കപ്പെടേണ്ടവയെന്ന നിലയിൽ പ്രത്യക്ഷപ്പെട്ട ഗ്രന്ഥങ്ങളെയും ചേർത്ത് മൂന്നു തരം ഗ്രന്ഥങ്ങൾ ഉണ്ടെന്നു പറയാം.

1. പ്രഥമ കാനോനിക ഗ്രന്ഥങ്ങൾ (Proto canonical books)
2. ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Deutero canonical books)
3. അപ്രാമാണിക ഗ്രന്ഥങ്ങൾ (Apocryphal books)

ഈ വിഭജനം ബൈബിളിലെ പുസ്തകങ്ങൾക്ക് സഭയിൽ ലഭിച്ച അംഗീകാരത്തിന്റെ ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രഥമ കാനോനികവും ഉത്തര കാനോനികവും സഭ അംഗീകരിച്ച പുസ്തകങ്ങളാണ്. അവ ദൈവനിവേശിതവുമാണ്. ഇവ തമ്മിൽ ദൈവനിവേശനത്തിന്റെ കാര്യത്തിൽ വ്യത്യാസമില്ല. അതായത് പ്രഥമ കാനോനികം ഉത്തര കാനോനിക ഗ്രന്ഥത്തെക്കാൾ കൂടുതൽ ദൈവനിവേശനമുള്ളതോ കുറച്ചു ദൈവനിവേശനമുള്ളതോ അല്ല.

www.malankaralibrary.com

ദൈവനിവേശനത്തിൽ അവ തുല്യമാണ്. എന്നാൽ ചില സഭകളിൽ ഇവയുടെ ദൈവനിവേശനത്തെപ്പറ്റി ഒരു കാലത്ത് സംശയമുണ്ടായിരുന്നതുകൊണ്ടും ഇന്ന് യഹൂദരും ചില ക്രൈസ്തവസമൂഹങ്ങളും അവ അംഗീകരിക്കാത്തതുകൊണ്ടുമാണ് അവ ഉത്തര കാനോനികം എന്ന് അറിയപ്പെടുന്നത്. പ്രഥമ കാനോനികം ഉത്തര കാനോനികം എന്ന ഈ വിഭജനം പഴയനിയമ ഗ്രന്ഥങ്ങൾക്കു മാത്രമുള്ളതാണ്. അപ്രാമാണിക ഗ്രന്ഥങ്ങൾ ചില സമൂഹങ്ങളിൽ ഒരു കാലത്ത് ഉപയോഗിക്കപ്പെട്ടിരുന്നവയും എന്നാൽ ഏതെങ്കിലും ക്രൈസ്തവസമൂഹമോ യഹൂദരോ ഇന്ന് ഔദ്യോഗികമായി അംഗീകരിക്കാത്തവയുമാണ്. ഇവയ്ക്ക് ദൈവനിവേശം ഇല്ല.

ദൈവനിവേശനവും കാനോനികവും

ദൈവനിവേശനവും കാനോനികതയും തമ്മിൽ വലിയ ബന്ധമുണ്ട്, എന്നാൽ വ്യത്യാസവുമുണ്ട്. ദൈവനിവേശനം പുസ്തകത്തിനു ലഭിക്കുന്ന ഗുണമാണ്. അതായത് ദൈവത്താൽ (ദൈവം പ്രഥമ ഗ്രന്ഥക്കർത്താവു എന്ന നിലയിൽ) എഴുതപ്പെട്ടത് എന്ന ഗുണമാണ് ആ പുസ്തകത്തിന്റെ ദൈവനിവേശനം. ഇത് ദൈവത്തിൽനിന്ന് വരുന്ന ഗുണവിശേഷമാണ്. കാനോനികത സഭയിൽ നിന്ന് വരുന്ന അംഗീകാരമാണ്. അതായത് പുസ്തകം ദൈവനിവേശനത്തിൽ എഴുതപ്പെട്ടതാണെന്ന സഭയുടെ പ്രഖ്യാപനം അല്ലെങ്കിൽ അംഗീകാരം. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടതാണെന്ന് മുകളിൽ പറഞ്ഞല്ലോ. എങ്ങനെയാണ് അവ ബന്ധപ്പെട്ടിരിക്കുന്നത്? കാനോനികത സഭയുടെ അംഗീകാരം മാത്രമാണ്. കാനോനികമെന്ന് സഭ പ്രഖ്യാപിക്കുന്നതുകൊണ്ട് ആന്തരികമായി ദൈവനിവേശിതമാണ് പ്രഖ്യാപിക്കപ്പെട്ട പുസ്തകത്തിന് പുതുതായി ഒരു ഗുണവും ലഭിക്കുന്നില്ല. കാനോനികത പുസ്തകത്തിലേയ്ക്ക് ഒന്നും പുതുതായി ചേർക്കുന്നില്ല, പുസ്തകത്തിനുള്ള ഗുണം (പരിശുദ്ധാത്മ നിവേശനത്തിലാണ് അതു എഴുതപ്പെട്ടത് എന്ന ഗുണം) അംഗീകരിച്ച് പ്രഖ്യാപിക്കുന്നുവെന്നുമാത്രം. ദൈവനിവേശനം ഇല്ലാത്തതിനെ നിവേശനമുള്ളതാക്കാനോ, ദൈവനിവേശനമുള്ളതിനെ നിവേശനം ഇല്ലാത്തതാക്കാനോ സഭയ്ക്ക് കഴിയുകയില്ല.

പ്രഥമ കാനോനിക ഗ്രന്ഥങ്ങൾ

പ്രഥമ കാനോനികം ഉത്തര കാനോനികം എന്ന വേർതിരിവ് പഴയനിയമ ഗ്രന്ഥങ്ങൾക്ക് മാത്രമുള്ളതാണ്. പുതിയ നിയമ ഗ്രന്ഥങ്ങൾ

www.malankaralibrary.com

എല്ലാം തന്നെ പ്രഥമ കാനോനികമാണ്. പഴയനിയമത്തിലെ പ്രഥമ കാനോനിക ഗ്രന്ഥങ്ങൾ ഇവയാണ്. ഉത്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം, ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, 1, 2 സാമുവൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തം, എസ്രാ, നെഹമിയ, എസ്തേർ, ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ഏശയ്യ, ജെറമിയ, വിലാപങ്ങൾ, എസക്കിയേൽ, ദാനിയേൽ, ഹോസിയ, ജോയേൽ, ആമോസ്, ഒബാദിയ, യോന, മീഖ, നാഹും, ഹബക്കുക്ക്, സെഫാനിയ, ഹഗ്ഗായി, സഖറിയ, മലാക്കി. ആകെ 39 ഗ്രന്ഥങ്ങൾ. ഈ 39 ഗ്രന്ഥങ്ങളും യഹൂദരും പ്രൊട്ടസ്റ്റന്റ് ക്രൈസ്തവരും കത്തോലിക്കരും സ്വീകരിക്കുന്ന ഗ്രന്ഥങ്ങളാണ്. അവയെപ്പറ്റി അഭിപ്രായ വ്യത്യാസങ്ങൾ ഇല്ല.

ഉത്തര കാനോനിക ഗ്രന്ഥങ്ങൾ

കത്തോലിക്കരും പൗരസ്ത്യസഭകളും അംഗീകരിച്ച് സ്വീകരിക്കുകയും പ്രൊട്ടന്റ് സഭകളും യഹൂദരും അംഗീകരിക്കാത്തതുമായ ഗ്രന്ഥങ്ങളാണ് ഉത്തര കാനോനിക ഗ്രന്ഥങ്ങൾ. പഴയനിയമത്തിലെ ഈ ഗ്രന്ഥങ്ങൾ ഉത്തര കാനോനികമെന്ന് വിളിക്കപ്പെടുന്നെങ്കിലും പ്രഥമ കാനോനിക ഗ്രന്ഥങ്ങളെക്കാൾ ആധികാരികതയിൽ ഒട്ടും കുറഞ്ഞവയല്ല. ഇവയും പരിശുദ്ധാത്മനിവേശനത്താൽ എഴുതപ്പെട്ടവയെന്നാണ് കത്തോലിക്കർ വിശ്വസിക്കുന്നത്. താഴെ പറയുന്നവയാണ് ഉത്തര കാനോനിക ഗ്രന്ഥങ്ങൾ.

തോബിത്, യൂദിത്ത്, 1 മക്കബായർ, 2 മക്കബായർ, ജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക്. ആകെ ഏഴ് ഗ്രന്ഥങ്ങൾ.

ഉത്തര കാനോനിക ഗ്രന്ഥങ്ങളെപ്പറ്റി പറയുമ്പോൾ കത്തോലിക്കരും പൗരസ്ത്യസഭകളും തമ്മിലുള്ള ചില വ്യത്യാസങ്ങൾ കൂടി എടുത്തു പറയേണ്ടതുണ്ട്. ഒന്നാമത്തെ വ്യത്യാസം പേരിന്റെ കാര്യത്തിലാണ്. കത്തോലിക്കർ 1 സാമുവേൽ എന്ന് വിളിക്കുന്ന ഗ്രന്ഥത്തിന് 1 രാജ്യങ്ങൾ എന്നും 2 സാമുവൽ എന്നു വിളിക്കുന്ന ഗ്രന്ഥത്തിന് 2 രാജ്യങ്ങൾ എന്നും 1 രാജാക്കന്മാർ എന്നു വിളിക്കുന്ന ഗ്രന്ഥത്തിന് 3 രാജ്യങ്ങൾ എന്നും 2 രാജാക്കന്മാർ എന്ന പുസ്തകത്തിന് 4 രാജ്യങ്ങൾ എന്നുമാണ് ഓർത്തഡോക്സ് സഭ നാമകരണം ചെയ്തിരിക്കുന്നത്. അതുപോലെ എസ്രാ എന്ന് കത്തോലിക്കർ വിളിക്കുന്ന പുസ്തകത്തെ മൂന്നായിട്ടാണ് പൗരസ്ത്യ ഓർത്തഡോക്സുകാർ കണക്കാക്കുന്നത്. അവർക്ക് മക്കബായർ എന്നു പേരുള്ള

www.malankaralibrary.com

പുസ്തകം നാല് എണ്ണമുണ്ട്. കൂടാതെ ജെറമിയയുടെ ലേഖനം എന്ന ഒരു പുസ്തകവും പൗരസ്ത്യ-ഓർത്തഡോക്സ് സഭയിലുണ്ട്. കത്തോലിക്കർ ദാനിയേൽ എന്ന പുസ്തകത്തിന്റെ ഭാഗമായി കാണുന്ന സൂസന്നയുടെ കഥയും വേലിന്റെയും വേതാളത്തിന്റെയും കഥയും രണ്ട് വ്യത്യസ്ത പുസ്തകങ്ങളായാണ് പൗരസ്ത്യ ഓർത്തഡോക്സുകാർ കണക്കാക്കുന്നത്. അതായത് സെപ്ത്വജിന്റിലെ പുസ്തകങ്ങൾ എല്ലാം തന്നെ പൗരസ്ത്യ ഓർത്തഡോക്സുകാർ സ്വീകരിക്കുന്നു.

മുകളിൽ നാം പ്രഥമ കാനോനിക, ഉത്തര കാനോനിക ഗ്രന്ഥങ്ങളെപ്പറ്റിയാണ് പറഞ്ഞത്. ഇവ കൂടാതെ ചില പുസ്തകങ്ങളുടെ ചില ഭാഗങ്ങളും ഉത്തര കാനോനികമായി നിലനിൽക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്. എസ്തേർ 10:4-16 : 24, ദാനി. 3:24-90, ദാനിയേൽ 13-ാം അധ്യായവും 14-ാം അധ്യായവും.

പുതിയനിയമ ഗ്രന്ഥങ്ങൾ

പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾക്ക് പ്രഥമ കാനോനികം ഉത്തര കാനോനികം എന്ന വ്യത്യാസമില്ലെന്ന് മുകളിൽ കണ്ടല്ലോ. ആകെ 27 പുസ്തകങ്ങളാണുള്ളത്. അവയെല്ലാം പ്രഥമ കാനോനികം തന്നെയാണ്. എങ്കിലും പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം വന്ന കാലഘട്ടത്തിൽ യാക്കോബിന്റെ ലേഖനത്തോട് ഒരു നിഷേധാത്മക മനോഭാവമാണ് പ്രൊട്ടസ്റ്റന്റുകാർ പുലർത്തിയിരുന്നത്. അതിന് പ്രധാന കാരണം പ്രൊട്ടസ്റ്റന്റ് വിശ്വാസങ്ങൾക്ക് വിരുദ്ധമായ ചില വാക്യങ്ങൾ ആ ലേഖനത്തിൽ ഉണ്ട് എന്നതാണ്. വിശ്വാസമാണ് രക്ഷയ്ക്കുള്ള മാർഗമെന്നും പ്രവൃത്തികൾ ഒന്നും രക്ഷയ്ക്കു കാരണമാകുകയില്ലെന്നും പ്രൊട്ടസ്റ്റന്റുകാർ പഠിപ്പിച്ചിരുന്നു. ഈ തത്വത്തെ ഖണ്ഡിക്കുന്ന ഒരു വാക്യമാണ് യാക്കോബ് 2:17. അവിടെ നമ്മൾ ഇങ്ങനെ വായിക്കുന്നു. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജീവമാണ് (യാക്കോ. 2:17). ഇതിന്റെ വെളിച്ചത്തിൽ യാക്കോബിന്റെ ലേഖനത്തെപ്പറ്റി ലൂഥർ ഇങ്ങനെ എഴുതിയിട്ടുണ്ട്: "യാക്കോബിന്റെ ലേഖനം വെറും കച്ചി ലേഖനമാണ്." ഇതിന്റെയെല്ലാം ഫലമായി കുറേക്കാലം പ്രൊട്ടസ്റ്റന്റ് ബൈബിളുകളിൽ യാക്കോബിന്റെ ലേഖനം അച്ചടിച്ചിരുന്നില്ല. എങ്കിലും പിൽകാലത്ത് ആ ലേഖനവും ചേർത്ത് പുതിയനിയമത്തിലെ 27 പുസ്തകങ്ങളും ദൈവനിവേശിതമായി, ദൈവവചനമായി, പ്രൊട്ടസ്റ്റന്റുകാരും സ്വീകരിച്ചു. പുതിയനിയമത്തിലെ

www.malankaralibrary.com

ഗ്രന്ഥങ്ങൾ ഇവയാണ്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ, അപ്പസ്തോലപ്രവൃത്തികൾ, റോമർ, 1 കൊരിന്തോസ്, 2 കൊരിന്തോസ്, ഗലാത്തി, എഫേസൂസ്, ഫിലിപ്പിയർ, കൊളോസോസ്, 1 തെസ്സലോനിക്ക, 2 തെസ്സലോനിക്ക, 1 തിമോത്തി, 2 തിമോത്തി, തീത്തൂസ്, ഫിലെമോൻ, ഹെബ്രായർ, യാക്കോബ്, 1, 2 പത്രോസ്, 1, 2, 3 യോഹന്നാൻ, യൂദാ, വെളിപാട്. ആകെ പുതിയനിയമത്തിൽ 27 പുസ്തകങ്ങൾ. പുതിയനിയമവും പഴയനിയമവും കൂട്ടുമ്പോൾ കത്തോലിക്കർ ദൈവവചനമായി സ്വീകരിക്കുന്ന പുസ്തകങ്ങളുടെ ആകെ സംഖ്യ (പഴയനിയമത്തിലെ പ്രഥന കാനോനിക ഗ്രന്ഥങ്ങൾ + പഴയനിയമത്തിലെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ + പുതിയനിയമ ത്തിലെ ഗ്രന്ഥങ്ങൾ) 73 ആണ്.

അപ്പോക്രിഫ

കാനോനികതയെപ്പറ്റി ചിന്തിക്കുമ്പോൾ വിട്ടുകളയാനാകാത്ത ആശയമാണ് അപ്പോക്രിഫ എന്നത്. ഈ വാക്കിന്റെ അർഥം അപ്രാമാണിക ഗ്രന്ഥങ്ങൾ എന്നാണ്. പഴയനിയമ കാലത്ത് പ്രത്യേകിച്ച് അതിന്റെ അന്ത്യത്തിൽ പല ഗ്രന്ഥങ്ങളും എഴുതപ്പെടുകയും അവയിൽ ചിലത് ദൈവവചനം എന്ന നിലയിൽ ചില സഭകളിലെങ്കിലും പ്രചാരത്തിൽ വരികയും ചെയ്തു. എന്നാൽ പില്ക്കാലത്ത് അവയുടെ ഉത്പത്തിയും ഉള്ളടക്കവും പരിഗണിച്ച് സഭ തള്ളിക്കളഞ്ഞു. പഴയ നിയമ കാലഘട്ടത്തിന്റെ ഒടുവിലും പുതിയനിയമ കാലഘട്ടത്തിന്റെ ആരംഭത്തിലും പ്രത്യക്ഷപ്പെട്ടവയാണ് ഈ ഗ്രന്ഥങ്ങൾ. പഴയനിയമ ഗ്രന്ഥങ്ങളെ ആധാരമാക്കി എഴുതപ്പെട്ടവയെ പഴയനിയമ അപ്രമാണിക ഗ്രന്ഥങ്ങൾ (Old Testament Apocrypha) എന്നും പുതിയനിയമ ഗ്രന്ഥങ്ങളെ അനുകരിച്ച് രൂപപ്പെട്ട അപ്രമാണിക ഗ്രന്ഥങ്ങളെ പുതിയ നിയമ അപ്രമാണിക ഗ്രന്ഥങ്ങൾ (New Testament Apocrypha) എന്നും വിളിക്കും. ഇവ നൂറു കണക്കിനുണ്ട്. ഒരു കാലത്ത് ദൈവനിവേശിതം എന്ന അവകാശവാദത്തോടെ പ്രത്യക്ഷപ്പെട്ടവയാണിവ. എന്നാൽ സഭ ഇവയെ അംഗീകരിച്ചില്ല. പഴയനിയമ അപ്രമാണിക ഗ്രന്ഥങ്ങൾ ചില വ്യക്തികൾക്ക് ലഭിച്ച ദർശനങ്ങൾ എന്ന നിലയിലാണ് എഴുതപ്പെട്ടിരി ക്കുന്നത്. പുതിയ നിയമ അപ്രമാണിക ഗ്രന്ഥങ്ങളിൽ സുവിശേഷങ്ങൾ, ലേഖനങ്ങൾ, വെളിപാടുകൾ മുതലായവയുണ്ട്. ചില ഉദാഹരണങ്ങൾ താഴെ വരുന്നവയാണ്.

www.malankaralibrary.com

തോമ്മായുടെ പ്രവൃത്തികൾ, അബ്രഹാമിന്റെ ഉടമ്പടി, തോമായുടെ സുവിശേഷം, മോശയുടെ ദർശനം ഇങ്ങനെ പലതും.

ഇവിടെ പേരുകളെപ്പറ്റി ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ട തുണ്ട്. കത്തോലിക്കർ അംഗീകരിക്കുന്ന ഉത്തര കാനോനിക ഗ്രന്ഥ ങ്ങൾ (പഴയ നിയമത്തിലെ 7 പുസ്തകങ്ങൾ) കത്തോലിക്കരുടെ ഇട യിൽ ഉത്തര കാനോനികം എന്നറിയപ്പെടുമ്പോൾ പ്രൊട്ടസ്റ്റന്റുകാർ ഇവയെ വിളിക്കുന്നത് അപ്പോക്രിഫ എന്നാണ്. ദൈവനിവേശിതമല്ല എന്നു പറഞ്ഞ് കത്തോലിക്കർ തള്ളിക്കളയുന്ന അപ്രമാണിക ഗ്രന്ഥ ങ്ങൾക്ക് പ്രൊട്ടസ്റ്റന്റുകാർ കൊടുക്കുന്ന പേര് പ്സ്യൂസ് എപ്പിഗ്രാഫ് (വ്യാജ രചനകൾ, Pseudepigraph) എന്നാണ്.

www.malankaralibrary.com

അധ്യായം - 5

പ്രഥമാർത്ഥവും ദ്വിതീയാർത്ഥവും

എന്താണ് പ്രഥമാർത്ഥം? വാക്കുകളുടെ അക്ഷരാർത്ഥത്തിൽ നിന്ന് ലഭിക്കുന്ന അർത്ഥമാണ് പ്രഥമാർത്ഥം. ഏത് പ്രസ്താവനയിലും ആദ്യമായി ലഭിക്കുന്ന അർത്ഥമാണ് പ്രഥമാർത്ഥം. ഈ അർത്ഥം സാഹചര്യവുമായോ പറയുന്നവന്റെ അല്ലെങ്കിൽ എഴുതുന്നവന്റെ ഉദ്ദേശ്യവുമായോ യാതൊരു തരത്തിലും ബന്ധമില്ലാതെ വാക്കുകളുടെ അക്ഷരാർത്ഥത്തെ മാത്രം ആശ്രയിച്ചു നില്ക്കുന്നതാണ്. ഈ അർത്ഥത്തിന് സ്ഥലകാലഭേദമനുസരിച്ചു വ്യത്യാസമുണ്ടാകുകയില്ല. ഈ അർത്ഥത്തെ വാച്യാർത്ഥമെന്ന് വിളിക്കാം. വാച്യാർത്ഥം വാക്കിന്റെ അർത്ഥമാണ്. എന്നാൽ ഒരു വാക്കിന് ഒരർത്ഥമേയുള്ളുവെന്നും വാക്കിന്റെ അക്ഷരങ്ങൾ ചേർത്തുവച്ചാൽ കിട്ടുന്ന അർത്ഥം മാത്രമെന്നോ തന്നെയെന്നോ പറയാൻ സാധിക്കുകയില്ല. ചില ഉദാഹരണങ്ങൾ നോക്കാം.

മലയാളത്തിൽ സർവ്വസാധാരണമായി ഉപയോഗിക്കുന്ന പദമാണ് ഭയങ്കരം എന്നത്. എന്താണ് ഈ വാക്കിന്റെ അർത്ഥം?

ഭയം കരോതി ഇതി ഭയങ്കരം എന്നാണ് ഈ വാക്കിന് സംസ്കൃതത്തിൽ നിർവ്വചനം കൊടുത്തിരിക്കുന്നത്. അതായത് ഭയം ഉണ്ടാക്കുന്നതാണ് ഭയങ്കരം. പക്ഷേ ഈ അർത്ഥത്തിലല്ല ഈ പദം മലയാളത്തിൽ സാധാരണമായി ഉപയോഗിക്കുന്നത്. നല്ല ഭക്ഷണം കഴിച്ചിട്ട് മലയാളികൾ പറയാറില്ലേ കറികൾക്കു ഭയങ്കര രുചിയായിരുന്നെന്ന്. രുചി അവരെ ഭയപ്പെടുത്തിയിട്ടാണോ ഇങ്ങനെ പറയുന്നത്? ഈ അർത്ഥം പദത്തോടും അതിന്റെ ഉത്പത്തിയോടും ബന്ധമില്ലാതെ ഉപയോഗം കൊണ്ടു വന്നു ചേർന്നതാണ്. ഈ പുതിയ അർത്ഥം വന്നുചേർന്നതോടെ ഭയപ്പെടുത്തുന്ന എന്ന അർത്ഥം ഈ പദത്തിനു നഷ്ടപ്പെട്ടു. ഇന്ന് ഭയപ്പെടുത്തുന്ന എന്ന് പറയണമെങ്കിൽ ഭീകരമെന്നോ ഭയാനകം

www.malankaralibrary.com

എന്നോ ഒക്കെ പറഞ്ഞെങ്കിലേ അർത്ഥം ശരിയായി കേൾവിക്കാരനു മനസ്സിലാകുകയുള്ളു.

പദവും അർത്ഥവും തമ്മിലുള്ള ബന്ധം കാണിക്കാൻ മറ്റൊരു ഉദാഹരണം കാണാം. ജലജ എന്ന പദംതന്നെ എടുക്കാം. ജലത്തിൽ ജനിച്ചവൾ എന്നാണ് ഈ പദത്തിന്റെ അർത്ഥം. എന്താണ് ജലത്തിൽ ജനിച്ചത്? താമര. അങ്ങനെ ജലജ എന്നതിന് താമരയെന്ന പ്രായോഗികമായ അർത്ഥം കൈവന്നു. ഈ അർത്ഥത്തിൽ ഈ പദം അനേകം പെൺകുട്ടികളുടെ പേരായി മാറി. എന്നാൽ ജലത്തിൽ ജനിച്ചത്. താമര മാത്രമല്ലല്ലോ മത്സ്യങ്ങളും ജലത്തിലല്ലേ ജനിക്കുന്നത്. മത്സ്യത്തെക്കുറിക്കാൻ ഈപദം എന്തുകൊണ്ട് ഉപയോഗിച്ചുകുടാ?

ഇനിയും മറ്റൊരു പദം കൂടി ചിന്തിക്കാം. ആന എന്ന വാക്കിന്റെ അർത്ഥം എന്താണെന്നു നമുക്കറിയാം. അതൊരു മൃഗത്തെ കുറിക്കുന്നു. നീണ്ടവാലും വിസ്തൃതമായ ചെവിയും നീണ്ട തുമ്പിക്കൈയും അസാധാരണമായ രൂപവുമൊക്കെയുള്ള വലിയൊരു മൃഗം. എന്നാൽ ഒരു മനുഷ്യൻ കുറേ കാലം മറ്റൊരിടത്തു താമസിച്ച ശേഷം തടിയനായി തിരിയെ വരുന്നുവെന്നു വിചാരിക്കുക. അവനെ കണ്ടിട്ടു ഒരാൾ "എടാ നീയൊരു ആനയായല്ലോ" എന്ന് പറഞ്ഞാൽ എന്താണു ഉദ്ദേശിക്കുന്നത്? അയാൾക്കു തുമ്പിക്കൈ ഉണ്ടായെന്നോ ചെവികൾ വളരെ വലുതായെന്നോ അല്ല. പൊതുവിൽ അയാൾ വണ്ണം വച്ചു എന്നു മാത്രമാണർത്ഥം. ഇവിടെ "ആന" എന്ന പദത്തിന് സ്ഥല കാല സാഹചര്യങ്ങളൊന്നും കണക്കാക്കാതെയുള്ള ഒരർത്ഥം ലഭിക്കുന്നില്ല. എന്നാൽ വാച്യാർത്ഥത്തിൽ ആനയെന്നാൽ ഒരു പ്രത്യേകതരം മൃഗമെന്നു മാത്രമാണർത്ഥം. ഈ അർത്ഥം കേൾവിക്കാരനെയോ പറയുന്നുവനെയോ അവരുടെ സ്ഥലത്തെയോ സമയത്തെയോ സാഹചര്യത്തെയോ ആശ്രയിച്ചു നില്ക്കുന്നതല്ല. ഈ അർത്ഥം പൊതുവായതാണ്. ആരെ സംബന്ധി ച്ചും ഇത് വ്യത്യാസമില്ലാതെ തുടരുന്നു. എന്നാൽ വണ്ണം വച്ചു തിരിയെ വന്നവനെ ആനയെന്നു വിളിക്കുന്നതിലെ 'ആന' എന്ന പദത്തിന് ഇത്തരം അർത്ഥമല്ല ഉള്ളത്. ഒരു സവിശേഷ സാഹചര്യത്തിൽ ഒരു സവിശേഷ വ്യക്തിയെ ക്കുറിക്കാൻ, ഒരു സവിശേഷ സമയത്ത് സംസാരിക്കുന്ന ആളിന്റെ ഉദ്ദേശ്യമനുസരിച്ച് ലഭിക്കുന്ന ആശയമാണ് അത്. വണ്ണം വച്ചു തിരിയെ വന്നപ്പോൾ ആനയെന്നു നാം വിളിച്ച അതേ ആളിനെ കുറേക്കഴിഞ്ഞു അയാൾ മെലിഞ്ഞുപോകുന്നെങ്കിൽ നീർക്കോലിയെന്നും നാം

www.malankaralibrary.com

വിളിച്ചെന്നിരിക്കും ഈ രണ്ടു പദങ്ങൾക്കും സ്ഥലകാല ബദ്ധമില്ലാത്ത അർത്ഥമില്ല, സ്ഥലകാല ബദ്ധമായ അർത്ഥമാണുള്ളത്.

മുകളിൽ പറഞ്ഞ അർത്ഥങ്ങളോടു ബന്ധമുള്ളതും എന്നാൽ എല്ലാ രീതിയിലും ആ അർത്ഥമല്ലാത്തതുമായ ഒന്നാണ് ബൈബിളിൽ കാണുന്ന ദ്വിതീയാർത്ഥം. ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. ഉത്പത്തി 22-ൽ വിവരിക്കുന്ന ഇസഹാക്കിന്റെ ബലി നല്ലൊരുദാഹരണ മാണ്. യേശുവിന്റെ ബലിയോടു വളരെ അടുത്ത സമാനതകൾ പുലർ ത്തുന്നതാണ് ഇസഹാക്കിന്റെ ബലി. ദൈവത്തിന്റെ കല്പനയനുസരി ച്ചാണ് ഇസഹാക്കിനെ ബലികഴിക്കാൻ മൊറിയാ മലയിലേക്കു കൊണ്ടുപോകുന്നത്.

യേശുവിന്റെ കുരിശിലെ യാഗം പിതാവിന്റെ ഇംഗിതത്തോടുള്ള അനുസരണമാണ്- "എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം മാത്രം (മർ 14:36). ഇസഹാക്കിനെ ബലികഴിച്ചത് ഒരു മലമുകളിലാണ്, മോറിയാ മലമുകളിൽ; യേശുവിനെയും മലമുകളിൽ തന്നെയാണ് ബലികഴിച്ചത്. ജറുസലേം മലമുകളിൽ; ഇസഹാക്ക് തന്റെ ബലിക്കുള്ള ഉപകരണം-വിറക്-ചുമന്നുകൊണ്ടുപോയി, യേശു തന്റെ ബലിക്കുള്ള ഉപകരണമായ കുരിശ് ചുമന്നുകൊണ്ടുപോയി. ബലികഴിക്കാൻ എല്ലാം തയ്യാറായശേഷം ഇസഹാക്ക് ജീവനോടെ ബലിപീഠത്തിൽ നിന്ന് പുറത്തുവന്നു; ബലിപൂർത്തിയായശേഷം യേശു ഉയിർത്തെഴുന്നേറ്റു. ഇങ്ങനെ പല സമാനതകളുണ്ട് ഇസഹാക്കിന്റെ ബലിയെപ്പറ്റിയുള്ള വർണ്ണനയും (ഉത്പത്തി 22) യേശുവിന്റെ ബലിയും തമ്മിൽ. അതിനാൽ ഇസഹാക്കിന്റെ ബലിവർണ്ണനയ്ക്ക് ഒരു ദ്വിതീയാർത്ഥമുണ്ടെന്നു പറയാം. ഇവിടെ മാത്രമല്ല, മറ്റു പല സ്ഥലങ്ങളിലും പഴയനിയമ ഭാഗങ്ങൾക്ക് ദ്വിതീയാർത്ഥമുണ്ട്.

എങ്കിലും എവിടെയും ദ്വിതീയാർത്ഥം കണ്ടെത്താൻ ശ്രമി ക്കുന്നതു ശരിയല്ല. ഈ ദ്വിതീയാർത്ഥം മനുഷ്യഗ്രന്ഥകാരൻ ഉദ്ദേശി ച്ചതോ അദ്ദേഹത്തിനു മനസ്സിലാകുന്നതോ അല്ല. മനുഷ്യരചയിതാ ക്കൾ ഒന്നോ രണ്ടോ പുസ്തകങ്ങൾ മാത്രം എഴുതിയവരാണ്. എന്നാൽ മുഴുവൻ ബൈബിളിന്റെയും ഉത്തരവാദി ദൈവമാണല്ലോ. ദൈവം ഉദ്ദേശിച്ച, എന്നാൽ പ്രത്യക്ഷത്തിൽ കണ്ടെത്താനാകാത്ത അർത്ഥമാണ് ദ്വിതീയാർത്ഥം.

www.malankaralibrary.com

ദ്വിതീയാർത്ഥം കണ്ടെത്തുന്നതിൽ ചില നിയമങ്ങളുണ്ട്. (1) സമാനത (2) പുനരുത്പാദനം.

സമാനതയെപ്പറ്റി മുകളിൽ, ഇസഹാക്കിന്റെ കഥയിൽ സൂചിപ്പിക്കുകയുണ്ടായി. ഇസഹാക്കിന്റെയും യേശുവിന്റെയും ബലികൾ തമ്മിലുള്ള സമാനതയാണ് അവിടെ ദ്വിതീയാർത്ഥമുണ്ടെന്നു പറയാൻ നമ്മെ സഹായിച്ചത്.

പുരനരുത്പാദനം എന്നാൽ അർത്ഥം പഴയനിയമത്തിൽ പറയുന്ന കഥ പുതിയനിയമത്തിൽ പൂർത്തിയായിരിക്കണം എന്നതാണ്. ഇസഹാക്കിന്റെ ബലിപോലെ യേശുവിന്റെ ബലി നടന്നതുകൊണ്ടാണ്, ഇസഹാക്കിന്റെ ബലിവർണ്ണനയിൽ ദ്വിതീയാർത്ഥം ഉണ്ടെന്നു പറയുന്നത്.

www.malankaralibrary.com

അദ്ധ്യായം - 6

ബൈബിളും തെറ്റില്ലായ്മയും

ബൈബിൾ ദൈവത്തിന്റെ വചനമാണ്. ദൈവത്തിന് തെറ്റ് വരുത്താൻ കഴിയുകയില്ലല്ലോ. അതിനാൽ പൊതുവേ ബൈബിളിലും തെറ്റുകൾ ഇല്ല എന്നു വിശ്വസിക്കുന്നു. അതേസമയം ഈ തെറ്റില്ലായ്മ യെപ്പറ്റി വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. അതിന് ബൈബിളിന്റെ രചനാകാലവും രചയിതാവിന്റെ വിദ്യാഭ്യാസവും പൊതുവായ അറിവും രചനാകാലത്തെ മനുഷ്യകുലത്തിന്റെ പൊതുധാരണകളും മനസിലാക്കേണ്ടതുണ്ട്. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന ശാസ്ത്രീയ അറിവിന്റെ വെളിച്ചത്തിൽ ബൈബിളിനെ വിലയിരുത്താൻ പാടില്ല. സൃഷ്ടിയെ പറ്റി തന്നെ ചിന്തിക്കാം. ഉത്പത്തി 1:1 മുതൽ 2:4 വരെയുള്ള വചനഭാഗം സൃഷ്ടിയെപ്പറ്റിയാണ് പറയുന്നത്. അവിടെ സമയത്തെ ഏഴ് ദിവസങ്ങളുള്ള ഒരു ആഴ്ച എന്ന വണ്ണം വിഭാവനം ചെയ്തിരി ക്കുന്നു. ആദ്യത്തെ ആറ് ദിവസം കൊണ്ട് പ്രപഞ്ചത്തെയും അതിലുള്ള എല്ലാ ജീവജാലനങ്ങളെയും സൃഷ്ടിച്ചെന്നും ഏഴാം ദിവസം സൃഷ്ടി കർമ്മം പൂർത്തിയാക്കി ദൈവം വിശ്രമിച്ചെന്നുമാണ് ഈ സൃഷ്ടി വിവരണത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഇന്നത്തെ ശാസ്ത്രം ഈ വിവരണത്തോട് യോജിക്കുകയില്ല. പ്രധാനമായും രണ്ട് പ്രശ്നം ഇവിടെയുണ്ട്. ദിവസം എന്ന് ബൈബിളിൽ പറയുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത്? ഇതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തേത് സൃഷ്ടി യുടെ ക്രമമാണ്. എന്താണ് ആദ്യത്തെ സൃഷ്ടി. എന്താണ് രണ്ടാമത്തെ സൃഷ്ടി എന്നിവയാണ്. ഈ രണ്ട് കാര്യത്തിലും ശാസ്ത്രം ബൈബിളി നോട് യോജിക്കുകയില്ല. സൃഷ്ടവസ്തുക്കൾ പല ഘട്ടങ്ങളിലൂടെ കടന്ന് മനുഷ്യവംശത്തിലെത്തിച്ചേരാൻ ആറ് ഘട്ടങ്ങൾ വേണ്ടി വന്നു എന്നാണോ ബൈബിൾ ഉദ്ദേശിക്കുന്നത്? അതിനോടും ആധുനിക ശാസ്ത്രത്തിന് യോജിക്കാൻ സാധിക്കുകയില്ല. ബൈബിളിൽ ആദ്യ സൃഷ്ടി പ്രകാശമാണ്. (ഉത്. 1:3). എന്നാൽ സൂര്യനെയും ചന്ദ്രനെയും

www.malankaralibrary.com

സൃഷ്ടിക്കുന്നത് നാലാം ദിവസമാണ് (ഉത്. 1:14-19) അതായത് സൂര്യനും ചന്ദ്രനും സൃഷ്ടിക്കപ്പെടുന്നതിന് മുമ്പുതന്നെ ദൈവം പ്രകാശത്തെ സൃഷ്ടിച്ചു എന്നർത്ഥം. എന്നാൽ ഭൂമിക്കു ലഭിക്കുന്ന പ്രകാശം സൂര്യനിൽ നിന്നും ചന്ദ്രനിൽ നിന്നും ലഭിക്കുന്ന പ്രകാശം മാത്രമാണെന്നാണ് ആധുനിക ശാസ്ത്രത്തിന്റെ നിലപാട്. പ്രകാശ ത്തിന് മറ്റൊരു ഉറവിടവുമില്ല. ഇങ്ങനെ ആധുനിക ശാസ്ത്രത്തിന് യോജിക്കാത്ത അനേകം പ്രസ്താവനകൾ ബൈബിളിൽ ഉണ്ട്. അങ്ങനെയെങ്കിൽ ബൈബിൾ തെറ്റാത്ത ദൈവവചനമാണോ?

ഈ ചോദ്യത്തിനുത്തരം ബൈബിളിന്റെ ലക്ഷ്യം എന്താണെന്ന മറ്റൊരു ചോദ്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ശാസ്ത്രം പഠിപ്പി ക്കുക എന്നത് ബൈബിളിന്റെ ലക്ഷ്യമല്ല. എല്ലാം ദൈവത്തിൽ നിന്ന് വരുന്നുവെന്നും എല്ലാം ദൈവത്തിന്റേതാണ് എന്നും ദൈവത്തിന്റെ സാക്ഷികളാകണം എല്ലാം എന്നുമാണ് ബൈബിൾ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ ബൈബിളിന് തെറ്റ് പറ്റിയിട്ടില്ല. ബൈബിൾ പറയുന്നത് തന്നെയാണ് സത്യം. ഇവിടെ സൃഷ്ടിയെപ്പറ്റി നമുക്ക് രണ്ട് ചോദ്യങ്ങൾ ചോദിക്കാം: എന്തുകൊണ്ട് (Why), എങ്ങനെ? (The manner). ആദ്യത്തെ ചോദ്യം ഓരോ സൃഷ്ടിയുടെയും ആത്യന്തിക കാരണത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. മനുഷ്യൻ എന്തുകൊണ്ടുണ്ടായി? മൃഗങ്ങൾ എന്തുകൊണ്ടുണ്ടായി? ചെടികൾ എന്തുകൊണ്ട് ഉണ്ടായി? എല്ലാറ്റിനും ഒന്നേയുള്ളൂ ഉത്തരം, ദൈവം അവയെ ഉണ്ടാക്കിയതുകൊണ്ടാണ്. എല്ലാറ്റിന്റെയും ആത്യന്തിക കാരണം ദൈവമാണ്. രണ്ടാമത്തെ ചോദ്യം എങ്ങനെ ദൈവം ഇവയെ ഉണ്ടാക്കി എന്നാണ്? നേരിട്ട് കൈകൊണ്ട് മെനഞ്ഞുണ്ടാക്കിയോ? അതോ തന്റെ ശക്തിയേറിയ വചനത്താൽ സൃഷ്ടിച്ചോ? ഇങ്ങനെ യുള്ള അനേകം ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾക്ക് (എങ്ങനെ എന്നുള്ള ചോദ്യങ്ങൾക്ക്) ഉത്തരം നൽകുക എന്നത് ബൈബിളിന്റെ ഉത്തരവാദി ത്വമല്ല. അത് ശാസ്ത്രത്തിന്റെ ഉത്തരവാദിത്വമാണ്. ഇന്ന് ശാസ്ത്രം ഒരു ഉത്തരം പറഞ്ഞു എന്നു വരും. നാളെ കൂടുതൽ പഠനത്തിന്റെ വെളിച്ചത്തിൽ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞു എന്നു വരും. ഈ പഠനങ്ങളിൽ ചിലത് ബൈബിളിൽ പ്രതിഫലിച്ചു എന്നുവരും. അതു പക്ഷേ ബൈബിളിന്റെ പ്രബോധന ലക്ഷ്യമല്ല. എങ്ങനെ എന്ന ചോദ്യത്തിനുത്തരം കാണാൻ ശാസ്ത്രത്തെയാണ് നാം ആശ്രയി ക്കേണ്ടത്. എന്നാൽ എന്തുകൊണ്ട് എന്ന ചോദ്യം-അത് ആത്യന്തിക

www.malankaralibrary.com

കാരണത്തെപ്പറ്റിയുള്ള ചോദ്യമാണ്-ആ ചോദ്യത്തിന് ബൈബിളിൽ ഉത്തരം ലഭിക്കും. ലഭിക്കുന്ന ഉത്തരം ഇതുതന്നെ-ദൈവം. ദൈവമാണ് എല്ലാറ്റിന്റെയും കാരണം, ഉത്തരവാദി.

എങ്ങനെ എന്ന ചോദ്യത്തിന് ബൈബിൾ നൽകുന്ന ഉത്തരങ്ങൾ തെറ്റാകാൻ സാധ്യതയുള്ളതാണെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

പൂർവാപര വൈരുദ്ധ്യം

ഒരു സ്ഥലത്ത് ഒന്നു പറയുകയും അതിന് വിരുദ്ധമായോ വ്യത്യസ്തമായോ വേറൊന്ന് വേറൊരിടത്ത് പറയുകയും ചെയ്യുന്നതാണ് പൂർവാപരവൈരുദ്ധ്യം. ഇത്തരം വൈരുദ്ധ്യം ബൈബിളിൽ പല സ്ഥലത്തുണ്ട്. സൃഷ്ടിയെപ്പറ്റി തന്നെ ചിന്തിക്കാം. ഉത്പ. 1:1-24 വരെയുള്ള വചനഭാഗത്ത് ദൈവം എല്ലാം സൃഷ്ടിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ട് വിശ്രമിച്ചു എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇതിനുശേഷം വരുന്ന ആദ്യത്തെ വാകൃത്തിൽ തന്നെ (ഉത്പ. 2:5) ഭൂമിയിൽ പുല്ലോ ചെടിയോ മുളച്ചിരുന്നില്ല. കാരണം അവിടുന്ന് ഭൂമിയിൽ മഞ്ഞോ, മഴയോ പെയ്യിച്ചിരുന്നില്ല. കൃഷി ചെയ്യാൻ മനുഷ്യരുമുണ്ടായിരുന്നില്ല എന്നു കാണുന്നു (ഉത്പ. 2:5). ഉത്പ. 1:12-ൽ പറയുന്ന ഹരിത സസ്യങ്ങൾ എവിടെ പോയി? ഉത്പ. 1:26-ൽ പറയുന്ന മനുഷ്യൻ എവിടെ പോയി? വേറൊരു പ്രശ്നം ഉത്പ. 1:26-ഉം 2:7-ഉം തമ്മിൽ ഉള്ളതാണ്. ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നു 1:26-ൽ പറയുമ്പോൾ മണ്ണെടുത്ത് മനുഷ്യരൂപം ഉണ്ടാക്കി അതിന്റെ നാസിക യിൽ നിശ്വസിച്ചു എന്നാണ് ഉത്പ. 2:7-ൽ പറയുന്നത്. ജലപ്രളയ കാലത്ത് എത്ര ജീവികളെയാണ് പ്രളയത്തിൽ നിന്ന് രക്ഷിച്ചത്? ജീവനുള്ള സകല ഇനത്തിൽ നിന്നും ഈരണ്ട് വീതം നോഹയോടു കൂടെ പെട്ടകത്തിൽ കടന്നു (ഉത്പ. 7:15) എന്ന് ഒരിടത്ത് പറയുമ്പോൾ "ആകാശത്തിലെ പറവകളിൽ നിന്നും പൂവനും പിടയുമായി ഏഴ് ജോഡിയെ കൂടെക്കൊണ്ടു പോകുക (ഉത്പ. 7:3) എന്നാണ് ദൈവത്തിന്റെ നിർദ്ദേശം. വാസ്തവത്തിൽ എത്ര ജോഡികൾ സംരക്ഷിക്കപ്പെട്ടു? ഒന്നോ ഏഴോ?

യോഹന്നാന്റെ സുവിശേഷം 7:8-ൽ കൂടാരത്തിരുനാളിന് താൻ പോകുന്നില്ല എന്ന് യേശു തന്റെ സഹോദരന്മാരോട് പറയുന്നു.... "നിങ്ങൾ തിരുനാളിന് പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിന് പോകുന്നില്ല." എന്നാൽ യോഹ. 7:14-ൽ നാം ഇങ്ങനെ വായിക്കുന്നു,

www.malankaralibrary.com

"തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചു തുടങ്ങി." യേശു തിരുനാളിനു പോയോ പോകാതിരുന്നോ? ഇതുപോലെ പൂർവാപര വിരുദ്ധമായ പ്രസ്താവനകൾ പലതുണ്ട് ബൈബിളിൽ. എന്നാൽ ഓരോ പുസ്തകത്തിന്റെയും രചനാ ചരിത്രം പഠിക്കുമ്പോൾ ഇവിടെയെങ്ങും വൈരുദ്ധ്യമില്ലെന്ന് മനസ്സിലാക്കാൻ കഴിയും. ഒരു പുസ്തകത്തിന്റെ ഒരു ഭാഗം ഒരാൾ എഴുതുകയും മറ്റൊരു ഭാഗം മറ്റൊരാൾ എഴുതുകയും ചെയ്യുമ്പോൾ ഒരോരുത്തരും തന്റെ പ്രത്യേകമായ ദൈവശാസ്ത്രമനുസരിച്ചും അറിവ് അനുസരിച്ചുമാണ് എഴുന്നത്. എല്ലാം അറിഞ്ഞവരേ ബൈബിളിന്റെ പുസ്തകങ്ങൾ എഴുതാൻ പാടുള്ളൂ എന്നു പറയാനാവില്ല. കാരണം ചരിത്രം പഠിപ്പിക്കുകയല്ല ഈ രചയിതാക്കളുടെ ലക്ഷ്യം. മറിച്ച് ചരിത്രത്തിലൂടെ വെളിപ്പെടുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കുകയാണ്. മനുഷ്യരക്ഷയ്ക്ക് അത്യാവശ്യമായ ഒന്നിനെക്കുറിച്ചും ബൈബിളിൽ വൈരുദ്ധ്യമില്ല. മനുഷ്യരക്ഷയ്ക്ക് അത്യാവശ്യമായവ വിശ്വാസവും വിശ്വാസത്തിന് അനുരൂപമായ ധാർമ്മികതയുമാണ്. ഇക്കാര്യങ്ങളിൽ ബൈബിളിന് തെറ്റ് പറ്റിയിട്ടില്ല. മറ്റു കാര്യങ്ങളിൽ ബൈബിൾ പറയുന്നവയെല്ലാം ശരിയാകണമെന്നില്ല.

www.malankaralibrary.com

അദ്ധ്യായം - 7

ബൈബിൾ എഴുതപ്പെട്ട ഭാഷകൾ

ബൈബിളിൽ പഴയനിയമമെന്നും പുതിയ നിയമമെന്നും രണ്ടു ഭാഗങ്ങളുള്ളതുപോലെയും ഓരോ വിഭാഗത്തിലും പല പുസ്തകങ്ങളു ള്ളതുപോലെയും ബൈബിളിലെ പുസ്തകങ്ങൾ എഴുതപ്പെട്ട ഭാഷ യിലും പല വ്യത്യാസങ്ങളുണ്ട്. അവയെപ്പറ്റിയുള്ള കുറേ അടിസ്ഥാന ചിന്തകളാണ് താഴെ കൊടുക്കുന്നത്.

1. ഹീബ്രുഭാഷ: പഴയനിയമത്തിലെ മിക്കവാറും ഗ്രന്ഥങ്ങൾ എഴുതപ്പെട്ടത് ഹീബ്രു എന്ന ഭാഷയിലാണ്. ഈ ഭാഷ പല വിധത്തിൽ പഴയനിയമത്തിൽ വിളിക്കപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട നെഹെമിയ എന്ന പുസ്തകത്തിൽ ഈ ഭാഷ യൂദയൻ എന്നാണ് അറിയപ്പെടുന്നത് (നെഹെ 13:24). അഞ്ചാം നൂറ്റാണ്ടോടുകൂടി ഈ പേര് നിലവിൽ വന്നുവെന്നു വിചാരിക്കാം.

എന്നാൽ ഏതാണ്ട് എട്ടാം നൂറ്റാണ്ടിലെ ഏശയ്യായുടെ പ്രവചന ത്തിൽ ഈ ഭാഷ കനാൻ ഭാഷ (ഏശയ്യ 19:18) എന്നാണ് അറിയപ്പെ ടുന്നത്. കനാൻകാരെ യുദ്ധത്തിൽ തോല്പിച്ച് ആ ദേശം സ്വന്തമാക്കിയ യഹൂദർ കനാൻകാരുടെ ഭാഷയും സംസ്കാരവും തങ്ങളുടേതിനേ ക്കാൾ മെച്ചമാണെന്ന് മനസ്സിലാക്കി അത് സ്വന്തമാക്കിയെന്നു വേണ മല്ലോ മനസ്സിലാക്കാൻ. യഹൂദരുടെ സ്വന്തം സംസ്കാരം ആട്ടിടയന്മാ രുടെ സംസ്കാരമായിരുന്നു. ഒരേ സ്ഥലത്ത് താമസിച്ച് കൃഷി ചെയ്തു ജീവിക്കുകയും വിശ്രമനേരങ്ങൾ ചിന്തയ്ക്കും കലയ്ക്കും വേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്ത കനാൻകാരുടെ സംസ്കാരത്തോളം മെച്ചമല്ലായിരുന്നു നാടോടികളായ യഹൂദരുടേതെന്ന് ചിന്തിക്കാം. കനാൻദേശത്തുനിന്ന് സ്വായത്തമാക്കിയതിനാലാകാം ആദ്യകാലങ്ങ ളിൽ കനാൻഭാഷയെന്ന് ഇതു അറിയപ്പെട്ടുവന്നത്.

www.malankaralibrary.com

ഈ ഭാഷ പിന്നീട് പരിഷ്കരിക്കപ്പെട്ടു പുതിയ രൂപം പ്രാപിച്ചത് യേശുവിന്റെ കാലത്തിനു കുറച്ചു മുൻപു മാത്രമാണ്. ഈ പുനരുദ്ധാരണ കാലത്ത് രചിക്കപ്പെട്ടവയാണ് മിഷ്ണ എന്ന് അറിയപ്പെടുന്ന യഹൂദഗ്രന്ഥശേഖരം. ഏശയ്യായുടെ പ്രവചനവും (ബി.സി.എട്ടാം നൂറ്റാണ്ട്) മിഷ്ണയും പൊതുവേ ഒരു ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത് (ഹീബ്രുഭാഷയിൽ) എന്നു പറയാമെങ്കിലും പദപ്രയോഗത്തിലും ശൈലിയിലും ഇവ തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. പഴയനിയമത്തിലെ മിക്ക ഗ്രന്ഥങ്ങളുടെയും ഭാഷയാണിത്.

2. അറമായ ഭാഷ: പഴയനിയമത്തിലെ ഒരു പുസ്തകവും മുഴുവനായി ഈ ഭാഷയിൽ എഴുതപ്പെട്ടിട്ടില്ല. എന്നാൽ പല പുസ്തകങ്ങളുടെയും ചില ഭാഗങ്ങൾ അറമായ ഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ട്. ഇത് കനാൻ ദേശത്ത് വന്നു താമസിക്കുന്നതിനു മുമ്പേ യഹൂദരുടെ പൂർവ്വികർ സംസാരിച്ചുവന്ന ഭാഷയാണ്. വടക്കുപടിഞ്ഞാറൻ സെമിറ്റിക് ഭാഷയാണ് അറമായ ഭാഷ. വ്യവസായപരമായ യാത്രകളും കുടിയേറ്റങ്ങളും കാരണം ഈ ഭാഷ പിന്നീട് പലസ്തീനാമുഴുവനും, സിറിയായിലും മെസപ്പൊട്ടോമിയായിലും വ്യാപിച്ചു. പിന്നീട് ഇത് ഒരു അന്താരാഷ്ട്ര നയതന്ത്രതയുടെ ഭാഷയായി ഉയർന്നുവെന്നതിന് 2 രാജാ 18:16 സാക്ഷ്യം നൽകുന്നു. സാധാരണജനങ്ങൾക്കു അറിയാത്തതും എന്നാൽ അസീറിയൻ നയതന്ത്ര ഉദ്യോഗസ്ഥർക്കും യഹൂദ നയതന്ത്രജ്ഞർക്കും പൊതുവായി അറിയാവുന്നതുമായ ഭാഷയാണ് അവിടെ പ്രത്യക്ഷപ്പെടുന്നത്. യേശുവിന്റെ കാലമായപ്പോഴേക്കും യഹൂദരുടെ ഔദ്യോഗികഭാഷ ഹീബ്രുതന്നെയായിരുന്നു. എന്നാൽ സംഭാഷണ ഭാഷയായ അറമായയിൽ പ്രാദേശികമായ ചില വ്യത്യാസങ്ങൾ പദ പ്രയോഗത്തിലും ഉച്ചാരണത്തിലും സംഭവിച്ചു. പല പ്രാദേശിക ഭാഷ കളായി രൂപാന്തരം പ്രാപിച്ചു. വീണ്ടും വികസനവും വിഭജനവും പ്രാപിച്ച് രണ്ടു പ്രധാന പ്രാദേശിക രൂപങ്ങളായി വേർതിരിഞ്ഞു. അവയാണ് പൗരസ്ത്യ അറമായ ഭാഷയും പാശ്ചാത്യഅറമായ ഭാഷയും. ബാബി ലോണിയൻ താല്മുഡ് പൗരസ്ത്യ അറമായ ഭാഷയിലാണ് എഴുതിയിരിക്കുന്നത്. എദേസായിലും മറ്റും പ്രചരിച്ച ഈ ഭാഷ സുറിയാനി എന്നും അറിയ പ്പെടാൻ തുടങ്ങി. ഈ ഭാഷയിൽ അനേകം ക്രിസ്തീയ രചനകൾ രൂപപ്പെട്ടു.

മറ്റൊരു പ്രാദേശിക ഭാഷയാണ് പാശ്ചാത്യ അറമായ ഭാഷ. യഹൂദ അറമായ ഭാഷ, പലസ്തീനിയൻ അറമായ ഭാഷ, സമാറായരുടെ അറമായ ഭാഷ, എല്മീറിയൻ അറമായ ഭാഷ, നമ്പാത്യൻ അറമായ

www.malankaralibrary.com

ഭാഷ എന്നിവ ഈ പ്രാദേശിക രൂപത്തിൽ നിന്നുണ്ടായവയാണ്. യഹൂദഅറമായ ഭാഷയിലാണ് ടാർഗും എഴുതിയിരിക്കുന്നത്. ജറുസലേം താല്മുഡ് പലസ്തീനിയൻ അറമായ ഭാഷയിലാണ്. ഈ ഭാഷയാണ് യേശു ഉപയോഗിച്ചിരുന്നത്. ആദ്യകാലത്ത് ഈ ഭാഷയിൽ സാഹിത്യരചനകൾ ഉണ്ടായതായി തോന്നുന്നില്ല. എന്നാൽ പിന്നീട് അനേകം ഗ്രന്ഥങ്ങൾ, പ്രത്യേകിച്ച് ക്രിസ്തീയ രചനകൾ ഈ ഭാഷയിൽ രൂപപ്പെട്ടു.

വിഭജനങ്ങളും ഉപവിഭജനങ്ങളും ഉണ്ടാകുന്നതിന് മുമ്പുള്ള പുരാതന അറമായ ഭാഷയിലാണ് ബൈബിളിലെ ചില പുസ്തകങ്ങളുടെ ചില ഭാഗങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. ആ ഗ്രന്ഥഭാഗങ്ങൾ താഴെ പറയുന്നവയാണ്.

1. എസക്കിയേൽ 4:8-6:18;7:12-26
2. ദാനിയേൽ 2:46 - 7:28
3. ജറമിയ 10:11
4. ഉത്പത്തി 31:4-ലെ രണ്ടു വാക്കുകൾ - ജഗർബഹദുത്ത, ഗലഎദ്

3. ഗ്രീക്കുഭാഷ: പഴയനിയമത്തിലെ ചില പുസ്തകങ്ങളും പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ ഈ ഗ്രീക്ക് സാഹിത്യപരമായ ഗ്രീക്കല്ല. സെമിറ്റിക് പ്രദേശങ്ങളിൽ സംസാരിച്ചുവന്ന സെമിറ്റിക് സ്വഭാവമുള്ള സംഭാഷണഭാഷയാണ്, സാധാരണക്കാരന്റെ ഭാഷ. ഈ ഗ്രീക്ക് കോയ്നേ ഗ്രീക്ക് എന്നാണ് അറിയപ്പെടുന്നത് (koine Greek). (പഴയനിയമത്തിലെ ചില പുസ്തകങ്ങളും പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും ഈ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

ഗ്രീക്കിൽ എഴുതപ്പെട്ട പഴയനിയമഗ്രന്ഥങ്ങൾ താഴെ വരുന്നവയാണ്:

1. സോളമന്റെ ജ്ഞാനം
2. 2 മക്കബായർ

ഇവ രണ്ടും യഹൂദ കാനോനിൽപ്പെടുന്ന പുസ്തകങ്ങളല്ല; കത്തോലിക്കാ സഭയുടെ വിഭജനത്തിൽ ഉത്തര കാനോനികമെന്ന് അറിയപ്പെടുന്നവയാണ് ഈ ഗ്രന്ഥങ്ങൾ.

www.malankaralibrary.com

ഗ്രീക്കിൽ എഴുതപ്പെട്ട പഴയനിയമഗ്രന്ഥഭാഗങ്ങൾ ഇവയാണ്:

1. എസ്തേർ 10:4–16:24

2. ദാനിയേൽ 3:24–90; 13–ഉം 14–ഉം അധ്യായങ്ങൾ. ഈ ഗ്രന്ഥഭാഗങ്ങളും ഉത്തരകാനോനികം എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പുതിയ നിയമത്തിലെ 27 പുസ്തകങ്ങളും ഗ്രീക്കു ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ഇവ മിക്കവാറും കോയ്നേ ഗ്രീക്കിൽ തന്നെയാണ് എഴുതിയിരിക്കുന്നത്. എങ്കിലും ഭാഷയുടെ സവിശേഷത പരിഗണിച്ചാൽ എല്ലാം ഒരേ സ്വഭാവമുള്ളവയാണെന്ന് പറയാനാകില്ല. ലൂക്കായുടെ സുവിശേഷത്തിലും (പ്രത്യേകിച്ച് 1:1–4–ൽ) എബ്രായ ലേഖനത്തിലും 2 പത്രോസിലും ഉപയോഗിച്ചിരിക്കുന്ന ഭാഷ സാഹിത്യഭാഷയാണ്. പൗലോസിന്റെ ലേഖനങ്ങളിലും തെറ്റില്ലാത്ത ശുദ്ധമായ ഗ്രീക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

www.malankaralibrary.com

അദ്ധ്യായം - 8

ബൈബിളിന്റെ പാഠം (Text)

നാം ഉപയോഗിക്കുന്ന ഏതൊരു പുസ്തകത്തെപ്പറ്റിയും ചോദിക്കാവുന്ന ഒരു പ്രധാന ചോദ്യമാണ് നമുക്ക് ലഭ്യമായ പുസ്തകങ്ങളിലെ പാഠം. മൂലഗ്രന്ഥകാരൻ എഴുതിയതുതന്നെയാണോ അതോ കാലഗതിയിൽ പുതിയ പതിപ്പുകൾ ഉണ്ടാകുന്നതനുസരിച്ച് പാഠത്തിനും മാറ്റം സംഭവിച്ചിട്ടുണ്ടോ എന്നത്. പാഠത്തിൽ മാറ്റം സംഭവിക്കുകയെന്നത് സ്വാഭാവികമാണ്. രണ്ടുതരത്തിലുള്ള മാറ്റങ്ങൾ സംഭവിക്കാം.

1. ബോധപൂർവ്വം വരുത്തിയ മാറ്റങ്ങൾ
2. ബോധപൂർവ്വമല്ലാതെ വന്നുപോയ മാറ്റങ്ങൾ

ബോധപൂർവ്വമായ മാറ്റങ്ങൾ ഉണ്ടാകുന്നതിന് കാരണം പലതാണ്. മൂലഗ്രന്ഥകാരനെക്കാൾ ഭാഷാജ്ഞാനമുള്ള ആളാണ് പകർത്തി എഴുതുന്നതെങ്കിൽ ഭാഷയിൽ ചില വ്യത്യാസങ്ങൾ വരുത്തി മെച്ചപ്പെടുത്താൻ ആഗ്രഹിച്ചെന്നിരിക്കും. ഉദാഹരണത്തിന് പകർത്തിയെഴുതാൻ തനിക്കു ലഭിച്ച കൈയ്യെഴുത്തു പ്രതിയിൽ പ്രകടമായ വ്യാകരണഭ്രംശം ഉണ്ടെന്നു വിചാരിക്കുക. പകർത്തിയെഴുതുന്നയാൾ സ്വാഭാവികമായും അതു തിരുത്തിയെന്നുവരും. അതുപോലെ തന്നെ ചരിത്രപരമോ ദൈവശാസ്ത്രപരമോ ആയ തെറ്റുകൾ കണ്ടാൽ തിരുത്തുകയെന്നത് സ്വാഭാവികമാണ്. ഇതുപോലെതന്നെ മൂലഗ്രന്ഥകാരന്റെ ചില പ്രയോഗങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കായ്കയാൽ പകർത്തിയെഴുതുന്നയാൾ തെറ്റാണെന്നു കരുതി അതു തിരുത്തിയെന്നു വരും. ഒരു ഉദാഹരണം പറയാം. യോഹന്നാൻ 7:8-ൽ നാം ഇങ്ങനെ വായിക്കുന്നു: “നിങ്ങൾ തിരുനാളിനു പൊയിക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ എന്റെ സമയം

www.malankaralibrary.com

ഇനിയും പൂർത്തിയായിട്ടില്ല" (യോഹ 7:8). എന്നാൽ 7:14–ൽ നാം ഇങ്ങനെ വായിക്കുന്നു, "തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽചെന്നു പഠിപ്പിച്ചു തുടങ്ങി" (7:14). യഥാർത്ഥത്തിൽ യേശു തന്റെ തന്നെ വാക്കു ലംഘിക്കുന്നതായാണ് നമുക്ക് മനസ്സിലാകുന്നത്. ഇങ്ങനെ മനസിലാക്കുന്ന പകർത്തിയെഴുത്തുകാരൻ എന്തുചെയ്യാൻ സാധ്യതയുണ്ട്? 7:8 ഇങ്ങനെ മാറ്റാൻ സാധ്യതയുമുണ്ട്" "ഈ തിരുനാളിൽ ഇപ്പോൾ ഉടനേ ഞാൻ പോകുന്നില്ല." അങ്ങനെ മാറ്റിയാൽ യേശുവിന്റെ വാക്കും പ്രവൃത്തിയും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല. ഈ മാറ്റം എങ്ങനെ സംഭവിച്ചതാണ്? യേശുവിന്റെ ഉദ്ദേശ്യമെന്തെന്ന് മനസ്സിലാക്കാത്തതുകൊണ്ട്. 7:8–ൽ യേശു പറഞ്ഞത് തിരുനാളിൽ പങ്കെടുക്കാൻ പോകുന്നതിനെപ്പറ്റിയല്ല; തിരുനാൾ ദിവസങ്ങളിൽ പിതാവിന്റെ അടുക്കലേക്ക് മടങ്ങുന്നതിനെപ്പറ്റിയാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം ശരിയായി പരിശോധിച്ചാൽ അതാണ് യേശു ഉദ്ദേശിച്ചതെന്ന് വ്യക്തമാകും.

ബോധപൂർവ്വമല്ലാത്ത തെറ്റുകൾ

പകർത്തിയെഴുതുമ്പോൾ ബോധപൂർവ്വമല്ലാതെയും തെറ്റുകൾ വരാറുണ്ട്. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കാം. ഒരാൾ വായിച്ചുകൊടുക്കുകയും മറ്റൊരാൾ വായിച്ചു കേൾക്കുന്നതനുസരിച്ച് പകർത്തി എഴുതുകയും ചെയ്യുകയാണെങ്കിൽ താഴെ വരുന്ന തെറ്റുകൾ സംഭവിക്കാം.

1. ഉച്ചാരണത്തിലെ സമാനതകാരണം കേട്ട ഒരു വാക്ക് മറ്റൊന്നായി ധരിച്ച് പകർത്തുന്നയാൾ തെറ്റ് എഴുതാൻ സാധ്യതയുണ്ട്. അൻപു എന്ന പദം അമ്പു എന്ന് തെറ്റായി കേട്ടു പകർത്താനുള്ള സാധ്യത വളരെ കൂടുതലാണല്ലോ. ഉത്സാഹം ഉത്സവമായും മദ്ധ്യം മദ്യമായും ശിഷ്യൻ ശിഷ്ടനായും ഒക്കെ തെറ്റായി കേൾക്കാനും അതനുസരിച്ച് പകർത്താനും സാധ്യതയുണ്ടല്ലോ. ഒരു വാക്യത്തിലോ വാക്യസമൂഹത്തിലോ ഒരേ പദം രണ്ടോ അതിലധികമോ പ്രാവശ്യം വരുകയാണെങ്കിൽ അവയ്ക്കിടയിലുള്ള പദങ്ങൾ വിട്ടുപോകാൻ സാധ്യതയുണ്ട്.

ഉദാഹരണം: "ഇല്ലായ്മയിൽനിന്ന് നമ്മെ സൃഷ്ടിച്ച ദൈവം, പാപത്തിൽ നിന്ന് നമുക്ക് മോചനം നല്കി ശുദ്ധീകരിക്കുന്ന ദൈവം, എല്ലാ ആരാധനയ്ക്കും സ്തുതിക്കും അർഹനാണ്." ഈ വാക്യത്തിൽ ദൈവം എന്ന പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഇതു വായിച്ചു കേൾക്കുന്ന പകർത്തിയെഴുത്തുകാരൻ ഈ രണ്ടു പ്രാവശ്യങ്ങൾക്കിട

www.malankaralibrary.com

യിലുള്ള വാക്യഭാഗം വിട്ടുപോകാൻ സാധ്യതയുണ്ട്. അതനുസരിച്ച് അയാൾ ഇങ്ങനെ എഴുതിയെന്നു വരും.

ഇല്ലായ്മയിൽനിന്ന് നമ്മെ സൃഷ്ടിച്ച ദൈവം
എല്ലാ ആരാധനയ്ക്കും സ്തുതിക്കും അർഹനാണ്.

ഒരാൾതന്നെ മൂലഗ്രന്ഥംനോക്കി പകർത്തിയെഴുതുമ്പോഴും ഇത്തരത്തിലുള്ള തെറ്റുകൾ വരാൻ സാധ്യതയുണ്ട്. മുകളിൽ പറഞ്ഞ രണ്ടാമത്തെ ഉദാഹരണം തന്നെയെടുക്കുക. ഒരേ പദം ആവർത്തിക്കപ്പെടുമ്പോൾ അവയ്ക്ക് ഇടയിലുള്ള വാക്കുകൾ വിട്ടുപോകാൻ സാധ്യതയുണ്ട്. മറ്റൊന്ന് ഉപയോഗിക്കുന്ന മൂലകൃതിയിലെ അക്ഷരങ്ങളുടെ വ്യക്തതയാണ്. അക്ഷരങ്ങളിൽ ചിലത് മാഞ്ഞുപോകുകയോ അവ്യക്തമായിരിക്കുകയോ ചെയ്താൽ പകർത്തി എഴുതുന്ന ആൾ തന്റെ യുക്തിയ്ക്കനുസരിച്ച് ഒരു പദം എഴുതിയെന്നുവരും. ഇങ്ങനെ പകർത്തിയെഴുതുന്നതുവഴി പല തെറ്റുകളും വരുത്താൻ സാധ്യതയുണ്ട്. ഇതിന്റെ വെളിച്ചത്തിൽ നമുക്കു ലഭിച്ചിരിക്കുന്ന ബൈബിളിന്റെ ആധികാരികതയെപ്പറ്റി സംശയിക്കാൻ ന്യായങ്ങളേറെയാണ്. അതായത് നമുക്ക് ലഭിച്ചിരിക്കുന്ന ബൈബിൾ മൂലഗ്രന്ഥംതന്നെയാണോ? എഴുത്തുകാർ എഴുതിയ അതേ വാക്കുകളും വാക്യങ്ങളും തന്നെയാണോ നമ്മുടെ കൈയിലുള്ള ബൈബിളുകളിലുള്ളത്. ഇതിൽ കൂട്ടിച്ചേർക്കലുകളോ വെട്ടിമാറ്റലുകളോ സംഭവിച്ചിട്ടുണ്ടോ? ഗ്രന്ഥകർത്താവ് എഴുതിയ വാക്കുകൾക്കു പകരം മറ്റു വാക്കുകളോ പ്രയോഗങ്ങളോ ഉപയോഗിച്ചിട്ടുണ്ടോ? ഇങ്ങനെയുള്ള അനവധി സംശയങ്ങൾ നമ്മുടെ മനസ്സിലുദിക്കാം. ഇവയ്ക്കുള്ള മറുപടിയെന്ത്?

ആദ്യമായി നമുക്ക് ഇങ്ങനെ മറുപടി പറയാം. നമ്മുടെ കൈയിലുള്ള ബൈബിൾ മൂലഗ്രന്ഥകാരന്മാർ എഴുതിയ പുസ്തകങ്ങളുടെ തന്നെ പകർപ്പുകളാണ്. മാറ്റങ്ങളും വ്യത്യാസങ്ങളും വന്നിട്ടില്ല. ഇങ്ങനെ പറയാൻ നമുക്ക് എന്താണ് ആധാരം?

1. ബൈബിളിനു നല്കിയിരുന്ന അത്യുന്നതമായ ആദരം

ബൈബിൾ ദൈവവചനമാണന്നും അതിൽ മാറ്റങ്ങൾ വരുത്തുകയോ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നത് പൊറുക്കാനാവാത്ത പാപമാണെന്നും ആരംഭകാലം മുതൽ ജനങ്ങൾ വിശ്വസിച്ചിരുന്നു. ആ വിശ്വാസം വെളിപാടു പുസ്തകത്തിൽ കൊടുത്തിരിക്കുന്നത് എങ്ങനെയെന്ന് ശ്രദ്ധിക്കൂ:

www.malankaralibrary.com

“ആരെങ്കിലും ഈ വചനത്തോടു എന്തെങ്കിലും കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന മഹാമാരികൾ ദൈവം അവന്റെമേൽ അയയ്ക്കും. ഈ പുസ്തകത്തിലെ പ്രവചനങ്ങളിൽ നിന്ന് എന്തെങ്കിലും ആരെങ്കിലും എടുത്തു കളഞ്ഞാൽ ഈ പുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ നഗരത്തിലും ജീവന്റെ വൃക്ഷത്തിലുമുള്ള അവന്റെ പങ്ക് ദൈവം എടുത്തുകളയും” (പുറ 22:18,19).

ദൈവവചനമായ ബൈബിളിനെപ്പറ്റി പൊതുവേ ഉണ്ടായിരുന്ന വിശ്വാസമാണ് ഈ വാക്യങ്ങളിൽ പ്രതിഫലിക്കുന്നത്. അതിനാൽ ആരും ബൈബിൾ തിരുത്താൻ ശ്രമിക്കുമായിരുന്നില്ല.

എങ്കിലും തെറ്റുകൾ വരാൻ സാധ്യതകളില്ലേ, പ്രത്യേകിച്ചും ബോധപൂർവ്വമല്ലാത്ത തെറ്റുകൾ? സാധ്യത തള്ളിക്കളയാൻ ആകില്ല. പക്ഷേ നമ്മുടെ കൈയിലുള്ള ബൈബിൾ ശരിയായ ബൈബിളാണോ എന്ന് ഒത്തുനോക്കാനുള്ള സാധ്യതയുണ്ട്. അതായത് നമുക്ക് അനേകം സ്ഥലങ്ങളിൽ രൂപപ്പെട്ടതും വ്യത്യസ്തതകൾ ഉള്ളതുമായ അനേകം കൈയെഴുത്തുപ്രതികൾ ബൈബിളിലെ ഓരോ പുസ്തകത്തിനുമുണ്ട്. ഏതെങ്കിലും വാക്യത്തെപ്പറ്റി സംശയമുണ്ടെങ്കിൽ ഇവ ഒത്തുനോക്കി സംശയനിവാരണം വരുത്താവുന്നതാണ്. ഇങ്ങനെ ഒത്തുനോക്കാവുന്ന കൈയെഴുത്തുപ്രതികൾ ഒന്നുംരണ്ടുമല്ല, നൂറുകണക്കിനുണ്ട്, പുതിയ നിയമഗ്രന്ഥങ്ങൾക്കും പഴയ നിയമ ഗ്രന്ഥങ്ങൾക്കും. ഇവ പല ഗണങ്ങളായി തിരിച്ചിരിക്കുന്നു. അവയെപ്പറ്റിയാണ് താഴെ പറയുന്നത്.

പഴയനിയമത്തിന്റെ കൈയെഴുത്തുപ്രതികൾ

മാസോറെറ്റിക് പാഠം

പഴയനിമയത്തിലെ പ്രഥമകാനോനികം എന്ന് അറിയപ്പെടുന്ന 39 പുസ്തകങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കൈയെഴുത്തുപ്രതികൾ മസോറെറ്റിക് എന്നറിയപ്പെടുന്നവയാണ്. എന്നാൽ ഇവയ്ക്കു രചയിതാക്കളുടെ കാലവുമായും സാഹചര്യവുമായും കാര്യമായ ബന്ധമോ അടുപ്പമോ ഇല്ല. വളരെ ആധുനികമായ കൈയെഴുത്തു പ്രതികളാണ് മാസോറെറ്റിക്കിൽ ഉള്ളത്. ഈ പാഠത്തിന് ദീർഘമായൊരു ചരിത്രമുണ്ട്. അത് ഇപ്രകാരം ചുരുക്കാം.

പഴയനിയമത്തിലെ ഓരോ പുസ്തകത്തിനും അത് അന്ത്യരൂപം

www.malankaralibrary.com

പ്രാപിച്ച കാലഘട്ടത്തിലെ കൈയെഴുത്തുപ്രതികൾ മുതൽ പിന്നീട് പലരും പകർത്തി എഴുതിയതുവരെയുള്ള അനേകം കൈയെഴുത്തു പ്രതികൾ ഉണ്ടായിരുന്നു. പല പകർത്തി എഴുത്തുകളുടെ ഫലമായി ഇവ തമ്മിൽ ഗണ്യമായി വ്യത്യാസങ്ങളും ഉണ്ടായിരുന്നു. വ്യത്യാസം വരാൻ ഒരു പ്രധാനകാരണം ഹീബ്രുഭാഷയ്ക്ക് സ്വരാക്ഷരങ്ങൾ ഇല്ലായിരുന്നുവെന്നതാണ്. ABRAHAM എന്ന പേരിൽ 3A എന്ന അക്ഷരമുണ്ടല്ലോ. ഈ അക്ഷരങ്ങളുള്ളതുകൊണ്ടാണല്ലോ നമുക്ക് ഈ പേര് എബ്രഹാം എന്ന് ഉച്ചരിക്കാൻ കഴിയുന്നത്. എന്നാൽ ഹീബ്രു അക്ഷരമാലയിൽ സ്വരാക്ഷരങ്ങൾ ഇല്ലായിരുന്നു. അതിനാൽ വായിക്കുന്ന ആളിന്റെ യുക്തിയും ഭാഷയുടെ പാരമ്പര്യവുമനസരിച്ച് ഉച്ചാരണം നിജപ്പെടുത്തേണ്ടിയിരുന്നു. അത് ഉച്ചാരണത്തെ മാത്രമല്ല പലപ്പോഴും അർത്ഥത്തെയും മാറ്റിമറിച്ചിരുന്നു. ഒരുദാഹരണം കാണുക.

BAD - ഈ വാക്കിന്റെ ഉച്ചാരണം ബാഡ് എന്നാണ്. അതിന്റെ അർത്ഥം മോശമായതെന്നും ഹീബ്രുവിൽ സ്വരാക്ഷരങ്ങൾ ഇല്ലായിരുന്നുവെന്ന് പറഞ്ഞല്ലോ. അങ്ങനെയെങ്കിൽ ഈ വാക്ക് എഴുതാൻ രണ്ടക്ഷരങ്ങളേ ഹീബ്രുവിലുള്ളു. B എന്നതും, D എന്നതും. ഇവ രണ്ടും കൂടി എഴുതിയാൽ എങ്ങനെയൊക്കെ വായിക്കാമെന്ന് ചിന്തിക്കൂ.

B-യുടെ കൂടെ 1 എന്ന സ്വരമാണുപയോഗിക്കുന്നതെങ്കിൽ പദം BID എന്നാകും. അതിന്റെ അർത്ഥമറിയാമല്ലോ - വിളിക്കുക. എന്നാൽ I-യ്ക്കു പകരം E എന്ന് എഴുതിയാലോ? അപ്പോൾ ആ പദം BED എന്നാകും, കിടക്കയെന്നർത്ഥം. സ്വരം മാറിയതോടെ സംഭവിച്ച അർത്ഥവ്യത്യാസം നോക്കൂ.

പഴയനിയമത്തിലെ ഹീബ്രുവിൽ എഴുതിയ പുസ്തകങ്ങൾ സ്വരാക്ഷരങ്ങൾ ഇല്ലാതെ തലമുറകൾ കൈമാറിവന്നപ്പോൾ അർത്ഥത്തിലും ഉച്ചാരണത്തിലും ഗൗരവതരമായ വ്യത്യാസങ്ങൾ സംഭവിച്ചു. ഇതിനു ഒരു വിരാമമിടാൻ എ.ഡി. 9, 10 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന മസോറാകൾ എന്നറിയപ്പെട്ടിരുന്ന യഹൂദപണ്ഡിതന്മാർ ഭാഷയ്ക്ക് സ്വരാക്ഷരങ്ങൾ എഴുതിച്ചേർക്കുകയും പുസ്തകങ്ങളുടെ പാഠങ്ങൾക്ക് നിയതമായ രൂപം കല്പിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇങ്ങനെ നിശ്ചയിക്കപ്പെട്ട പാഠമാണ് മാസോറെറ്റിക് പാഠം എന്ന് അറിയപ്പെടുന്നത്. പാഠം നിശ്ചയിക്കപ്പെടുന്നതിനുമുമ്പ് നിലവിലിരുന്ന കൈയെഴുത്തു പ്രതികളെല്ലാം അവർ നശിപ്പിച്ചു കളയുകയും ചെയ്തു. ഈ

www.malankaralibrary.com

മസോറെറ്റിക പാഠമാണ് പഴയനിയമത്തിലെ പ്രഥമ കാനോനിക ഗ്രന്ഥങ്ങളിൽ ഉപയോഗിക്കുന്നത്.

ഇതുകൂടാതെ പഴയനിയമത്തിന്റെ ചില കൈയെഴുത്തുപ്രതികൾ കൂടെ സംലഭ്യമാണ്.

1. പഞ്ചഗ്രന്ഥിയിലെ ഉത്പ 39:20 മുതൽ നിയമാവർത്തനം 1:33 വരെയുള്ള ഭാഗത്തിന്റെ കൈയെഴുത്തുപ്രതി ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. എ.ഡി.പത്താം നൂറ്റാണ്ടാണ് ഇതിന്റെ കാലം.

2. ലെനിൻഗ്രാഡിൽ സൂക്ഷിച്ചിരിക്കുന്ന കൈയെഴുത്തു പ്രതി യാണ് മറ്റൊന്ന്. Codex Petropolitanus എന്നറിയപ്പെടുന്ന ഈ കൈ യെഴുത്തുപ്രതിയും എ.ഡി. പത്താം നൂറ്റാണ്ടിലേതാണ്.

3. കെയ്റോയിൽ സൂക്ഷിച്ചിരിക്കുന്ന കൈയെഴുത്തുപ്രതിയാണ് Codex Prophetarum. A.D. 895-ലെ ഈ കൈയെഴുത്തുപ്രതിയിൽ പ്രവാചകഗ്രന്ഥങ്ങളാണുള്ളത്.

4. ഇവ കൂടാതെ കുമ്റാൻ സന്യാസികളുടെ ലൈബ്രറിയിൽ നിന്ന് കണ്ടെത്തിയ കൈയെഴുത്തുപ്രതികളും പ്രധാനപ്പെട്ടതാണ്. എന്നാൽ പഴയനിയമമെല്ലാം ഇവിടെനിന്ന് ലഭിച്ചിട്ടില്ല, കുറേ ഭാഗങ്ങൾ മാത്രം.

5. പഞ്ചഗ്രന്ഥിയുടെ മറ്റൊരു കൈയെഴുത്തുപ്രതിയാണ് സമറായ ക്കാരുടെ പഞ്ചഗ്രന്ഥി. എന്നാൽ ഇതിൽ യഹൂദപഞ്ചഗ്രന്ഥിയോടു യോജിക്കാത്ത പലതുണ്ട്.

www.malankaralibrary.com

അദ്ധ്യായം - 9

ബൈബിൾ വ്യാഖ്യാനം
(Biblical Criticism)

ഇംഗ്ലീഷിലെ Criticism എന്ന വാക്കിന് മലയാളത്തിൽ രണ്ട് അർത്ഥം കൊടുക്കാറുണ്ട് - വിമർശനമെന്നും നിരൂപണമെന്നും. വിമർശനം കൃതിയിലെ തെറ്റുകൾ കണ്ടെത്തി അനുവാചകനെ ബോധ്യപ്പെടുത്താനാണ് ഉപയോഗിക്കുക. നിരൂപണം കുറേക്കൂടെ ഭാവാത്മകമായ സമീപനമാണ്, ആസ്വാദനം എന്ന മറ്റൊരു പദവും നിരൂപണത്തെക്കുറിക്കാൻ ഉപയോഗിക്കാറുണ്ട്. ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന ആശയലോകത്തെ അനുവാചകർക്ക് തുറന്നുകൊടുക്കുകയാണ് ആസ്വാദനത്തിന്റെ ലക്ഷ്യം. ഗ്രന്ഥകാരൻ ഉദ്ദേശിച്ച അർത്ഥം മുഴുവൻ അനുവാചകന് ലളിതമായ ഭാഷയിൽ വെളിപ്പെടുത്തിക്കൊടുക്കുക നിരൂപണത്തിന്റെ ലക്ഷ്യമാണ്. എന്നാൽ ഗ്രന്ഥകാരൻ ഉദ്ദേശിച്ചതു മാത്രമല്ല, നിരൂപകൻ വെളിപ്പെടുത്തുന്നത്. തന്റെ കൈയിൽ എത്തിയിരിക്കുന്ന ഗ്രന്ഥം അതിൽതന്നെ ഒരു പൂർണയാഥാർത്ഥ്യമായി കണ്ടുകൊണ്ട് അതിൽ അടങ്ങിയിരിക്കുന്ന ആശയവും സന്ദേശവും സാധ്യതകളും സൗന്ദര്യവുമൊക്കെ അനുവാചകന് തുറന്നുകൊടുക്കുക - അതാണ് നിരൂപണത്തിൽ ചെയ്യുന്നത്. ബൈബിൾ വ്യാഖ്യാനം നിരൂപണമാണ്. നിരൂപണത്തിൽ തെളിഞ്ഞുവരുന്നതെല്ലാം എഴുത്തുകാരൻ ഉദ്ദേശിച്ചിരുന്നുവോ ഇല്ലയോ എന്നു പറയാൻ പറ്റില്ല. എഴുത്തുകാരൻ ഉദ്ദേശിച്ചതു വെളിപ്പെടുത്തുകയല്ല വ്യാഖ്യാതാവിന്റെ കടമ. മറിച്ച് പ്രസ്തുത പാഠഭാഗം അതിൽതന്നെ എന്ത് സന്ദേശം വഹിക്കുന്നു, എന്ത് അർത്ഥതലങ്ങൾക്കാണ് ഗ്രന്ഥഭാഗത്തിന് സാധ്യതയുള്ളത് എന്നൊക്കെ പറയുക വ്യാഖ്യാതാവിന്റെ കടമയാണ്. ഇപ്രകാരം ഗ്രന്ഥത്തിന്റെയും ഗ്രന്ഥത്തിലെ വ്യത്യസ്തഭാഗങ്ങളുടെയും

www.malankaralibrary.com

അർത്ഥസാധ്യതകൾ വെളിപ്പെടുത്തുന്നതിനെയാണ് ബൈബിൾ വ്യാഖ്യാനം (Biblical Criticism) എന്നു പറയുന്നത്.

ഇവിടെ ചിലരെങ്കിലും ചോദിക്കാറുള്ളതും പലരും ചോദിക്കാൻ ആഗ്രഹിക്കുന്നതുമായ ഒരു ചോദ്യമുണ്ട്: ദൈവവചനമായ ബൈബിളിനെ മനുഷ്യന്റെ വിമർശനത്തിന് അല്ലെങ്കിൽ നിരൂപണത്തിന് വിധേയമാക്കാമോ? അങ്ങനെ ചെയ്യുന്നതു പാപമല്ലേ? എന്താണ് ഈ ചോദ്യത്തിന് ഉത്തരം?

ഇങ്ങനെ മറുപടി പറയാം. ബൈബിൾ ദൈവവചനമാണെന്നു മാത്രം പറഞ്ഞ് അവസാനിപ്പിക്കരുത്. ദൈവവചനം അല്ലാത്തതു കൊണ്ടല്ല നിരൂപണം ചെയ്യുന്നത്. ദൈവവചനം തന്നെയാണ് ബൈബിൾ. എന്നാൽ വെറും ദൈവവചനമല്ല. നാം മുകളിൽ കണ്ടതുപോലെ മനുഷ്യവാക്കുകളിലുള്ള ദൈവവചനമാണ് ബൈബിൾ, ദൈവവചനം മനുഷ്യഭാഷയിൽ അവതരിച്ചതാണ് ബൈബിൾ. ദൈവവചനം അതിൽതന്നെ വ്യാഖ്യാനാതീതമാണ്. വ്യാഖ്യാനം ആവശ്യമില്ലാത്തതാണെന്നു മാത്രമല്ല, വ്യാഖ്യാനം അസാധ്യവുമാണ്. അങ്ങനെയുള്ള ദൈവവചനം വ്യാഖ്യാനിക്കാൻ പുറപ്പെടുന്നത് തീർച്ചയായും പാപം തന്നെ. എന്നാൽ അത് എവിടെ? നമുക്ക് സംലഭ്യമല്ലല്ലോ ആ ദൈവ വചനം. യോഹന്നാൻ പറയുന്നതുപോലെ ആദിയിൽ ഉണ്ടായിരുന്നതും ദൈവമായിരുന്നതും ദൈവത്തോടുകൂടെ ആയിരുന്നതുമായ വചനമാണ്. ഈ വചന ത്തെയല്ല നാം വ്യാഖ്യാനിക്കുന്നത്. ഈ വചനം മനുഷ്യമാസം ധരിച്ച് യേശുവെന്ന മനുഷ്യനായി തീർന്നു; അതേ വചനം മനുഷ്യഭാഷ ധരിച്ച് ബൈബിൾ ആയിത്തീർന്നു. ഈ ബൈബിൾ ആയിത്തീർന്ന വചനത്തെയാണ് നാം വ്യാഖ്യാനിക്കുന്നത്. അതു സാധ്യമാണ്. കാരണം അതിൽ മനുഷ്യവചനമുണ്ട്. അതാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

ബൈബിളിന്റെ വ്യാഖ്യാനത്തിന് ആവശ്യമായവ മൂന്നു നിരൂപണങ്ങളാണ്. അവ പാഠനിരൂപണം (textual criticism), സാഹിത്യനിരൂപണം (literary criticism) ചരിത്രനിരൂപണം (historical criticism) എന്നിവയാണ്. ഈ മൂന്നു തരത്തിലുമുള്ള നിരൂപണങ്ങളും നിർവ്വഹിച്ചുകൊണ്ട് ബൈബിളിലെ പുസ്തകങ്ങളുടെയും പുസ്തകഭാഗങ്ങളുടെയും വ്യാഖ്യാനം നിർവ്വഹിക്കുന്നു.

1. പാഠനിരൂപണം

ഗ്രന്ഥകാരൻ എഴുതിയ പാഠം തന്നെയാണോ നമ്മുടെ കൈ

www.malankaralibrary.com

യിൽ കിട്ടിയിരിക്കുന്നതെന്ന് ഉറപ്പാക്കുകയാണ് പാഠനിരൂപണം. ഗ്രന്ഥകാരൻ എഴുതിയ പാഠത്തിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ, കുറയ്ക്കലുകളോ തിരുത്തലുകളോ സംഭവിച്ചിട്ടുണ്ടോ എന്ന് നിശ്ചയിക്കുന്ന പഠനമാണ് പാഠനിരൂപണം. വന്ന വ്യത്യാസങ്ങൾ ബോധ പൂർവ്വമായതോ ബോധപൂർവ്വമല്ലാത്തതോ ആകാം. എല്ലാം കണ്ടു പിടിച്ച് മൂലപാഠം എന്തായിരുന്നുവെന്ന് ഉറപ്പുവരുത്തുന്നു. ഇതിന് രണ്ടു മാർഗ്ഗങ്ങളാണുള്ളത് – ബാഹ്യനിരൂപണവും ആന്തരിക നിരൂപണവും (external criticism and internal criticism).

A. ബാഹ്യനിരൂപണം (external criticism)

നമുക്കു സംലഭ്യമായ കൈയെഴുത്തു പ്രതികൾ പരിശോധിച്ചും വ്യാഖ്യാനവിധേയമാകുന്ന ഗ്രന്ഥത്തിൽ നിന്ന് ആരെങ്കിലും മറ്റേതെങ്കിലും പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചും ഏതാണ് ശരിയായ പാഠമെന്ന് നിശ്ചയിക്കുകയാണ് ഇവിടെ ചെയ്യുന്നത്. കൂടുതൽ കൈയെഴുത്തു പ്രതികൾ ഉള്ള പാഠം കൂടുതൽ ആധികാരികമായി പരിഗണിക്കും. അതുപോലെ കൂടുതൽ പുരാതനമായ കൈയെഴുത്തു പ്രതികൾക്ക് കൂടുതൽ പ്രാധാന്യം നല്കും. ഇങ്ങനെ ഏതു പാഠമാണ് ശരിയെന്ന് നിശ്ചയിക്കുന്നതാണ് ബാഹ്യനിരൂപണം.

B. ആന്തരിക നിരൂപണം (internal criticism)

നമുക്കു ലഭിച്ചിരിക്കുന്ന പാഠത്തെ അതിന്റെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് അതിന്റെ മൂല്യം നിശ്ചയിക്കുന്നതാണ് ആന്തരികനിരൂപണം. ഇവിടെ രണ്ട് മാനദണ്ഡമാണ് ഉപയോഗിക്കുന്നത്. 1. ലഭ്യമായ പാഠഭേദങ്ങളിൽ ഏതിനാണോ മറ്റു പാഠഭേദങ്ങൾക്ക് വ്യാഖ്യാനം (ന്യായീകരണം) തരാൻ കഴിയുന്നത്. അതേസമയം അതിനു തന്നെ വ്യാഖ്യാനം തരാൻ കഴിയാതിരിക്കുന്നതും. ആ പാഠഭേദം ശരിയായ പാഠമായി തെരഞ്ഞെടുക്കുന്നു. ഒരു ഉദാഹരണം പറയാം. താഴെ പറയുന്ന വാകൃത്തിന്റെ മൂന്നു പാഠഭേദങ്ങളാണ് കൊടുത്തിരിക്കുന്നത്. അവ A, B, C എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഇവയിൽ ഏതാണ് മൂലപാഠം – അതാണ് പ്രശ്നം.

A. യേശുവിനെ മറ്റു രണ്ടു കള്ളന്മാരുടെ മധ്യേ ക്രൂശിൽ തറച്ചു.

B. യേശുവിനെ കള്ളന്മാരായ മറ്റു രണ്ടു പേരുടെ മധ്യേ ക്രൂശിൽ തറച്ചു;

C. യേശുവിനെ രണ്ടു കള്ളന്മാരുടെ മധ്യേ ക്രൂശിൽ തറച്ചു.

www.malankaralibrary.com

ഈ മൂന്നു പാഠങ്ങളിൽ ഏതാണ് മൂലപാഠമെന്ന് നിശ്ചയിക്കുന്നത് എങ്ങനെ? ഏതു പാഠത്തിനാണോ മറ്റു രണ്ടു പാഠങ്ങൾക്കും വിശദീകരണം നല്കാൻ കഴിയുന്നത്, ഏതു പാഠത്തിനാണോ, മറ്റു പാഠഭേദങ്ങളിൽ നിന്ന് വിശദീകരണം ലഭിക്കാത്തത്-ആ പാഠമാണ് മൂലപാഠമെന്നു നിശ്ചയിക്കാം.

A. പാഠഭേദത്തിൽ "മറ്റു" എന്ന് ഒരു ശബ്ദമുണ്ട്. അത് യേശുവിനെയും യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ടവരെയും വിശേഷിപ്പിക്കാൻ കെല്പുള്ളതാണ്. അതിനാൽ A-യുടെ അർത്ഥം ഇങ്ങനെ വരും യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ടവരെപ്പോലെ യേശുവും കള്ളനായിരുന്നുവെന്ന്. ഇത് ആരും അറിഞ്ഞുകൊണ്ട് എഴുതുകയില്ലല്ലോ. വേഗം എഴുതിയതുകൊണ്ടോ, അവധാനതയുടെ കുറവുകൊണ്ടോ, ഭാഷാജ്ഞാനത്തിന്റെ പരിമിതികൊണ്ടോ ആരെങ്കിലും അങ്ങനെ എഴുതിയെന്നു വരാം - എന്നാൽ B-യും C-യും A എന്ന പാഠഭേദത്തിനു വിശദീകരണം തരുന്നില്ല.

ഇനി B-യെപ്പറ്റി ചിന്തിക്കാം: "യേശുവിനെ കള്ളന്മാരായ മറ്റു രണ്ടുപേരുടെ മധ്യേ ക്രൂശിൽ തറച്ചു" ഇവിടെ "കള്ളന്മാരായ" എന്ന പ്രയോഗം യേശുവിനെ വിശേഷിപ്പിക്കാതിരിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. അതായത് A തെറ്റിദ്ധാരണയുളവാക്കുമെന്ന ഭയത്താൽ B-യിൽ തിരുത്തൽ വരുത്തിയിരിക്കുകയാണ്. വേറെ വാക്കിൽ പറഞ്ഞാൽ B-യ്ക്ക് A-യിൽ നിന്ന് വിശദീകരണം ലഭിക്കുന്നു.

C-യിലോ "മറ്റ്" എന്ന ശബ്ദം എടുത്തു കളഞ്ഞിരിക്കുന്നു. എന്താണ് കാരണം? A-യിലെ "മറ്റു" തെറ്റിദ്ധാരണ ജനിപ്പിക്കുന്നതുകൊണ്ട്. അതായത് C-യ്ക്കും A-യിൽ നിന്ന് വിശദീകരണം ലഭിക്കുന്നു. ഈ പരിശോധനയുടെ വെളിച്ചത്തിൽ A-യാണ് മൂലപാഠമെന്ന് നിരൂപിക്കാൻ കഴിയുകയില്ലേ. ഇതാണ് ആന്തരിക നരൂപണത്തിലെ ഒരു രീതി.

വേറൊന്നു കൂടിയുണ്ട്. അത് ഗ്രന്ഥകാരന്റെ ഭാഷയും ശൈലിയും ദൈവശാസ്ത്രചിന്തകളും പ്രധാന ഊന്നലുകളുമെല്ലാം പരിശോധിച്ച ശേഷം ഒരു പാഠത്തെപ്പറ്റി വിധിപറയുന്നതാണ്. P.O.C. പ്രസിദ്ധീകരിച്ച ആദ്യബൈബിൾ വിവർത്തനത്തിൽ ഇങ്ങനെയൊരു വാക്യമുണ്ട്:

യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന്
പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്
ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം (യോഹ 2:11)

www.malankaralibrary.com

ഈ വാക്യം ശരിയാണോ? യേശു ചെയ്ത പ്രവൃത്തിയെ അത്ഭുതം എന്ന് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നു. ഇതു ശരിയോ? യോഹന്നാന്റെ സുവിശേഷം മുഴുവൻ പരിശോധിച്ചാൽ എങ്ങും യേശുവിന്റെ പ്രവർത്തനങ്ങളെയോ വാക്കുകളെയോ അത്ഭുതമെന്ന് വിശേഷിപ്പിച്ചിട്ടില്ലെന്നു കണ്ടെത്താൻ കഴിയും. യേശുവിനെ ഒരു അത്ഭുതപുരുഷനായി അവതരിപ്പിക്കുന്നത് സമാന്തര സുവിശേഷങ്ങളാണ്. യോഹന്നാന്റെ സുവിശേഷം യേശുവിന്റെ പ്രവർത്തനങ്ങളെ അടയാളമായി കാണുന്നു, അത്ഭുതമായല്ല. അടയാളമെന്നാൽ ദൈവികമായ രഹസ്യങ്ങളെ ചൂണ്ടി കാണിക്കുന്ന വെറും അടയാളങ്ങൾ. അടയാളങ്ങൾക്കല്ല, ചൂണ്ടിക്കാട്ടപ്പെടുന്ന ദൈവിക രഹസ്യങ്ങൾക്കാണ് പ്രാധാന്യം. ഈ പരിശോധനയിൽനിന്ന് "അത്ഭുതം" എന്ന പദം തെറ്റായ വിവർത്തനമാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

2. സാഹിത്യനിരൂപണം (Literary Criticism)

കൈയിൽ കിട്ടിയ പാഠഭാഗത്തിന്റെ ശരിയും തെറ്റും നിരൂപിച്ച് ശരിയായ പാഠം കണ്ടെത്തിയാൽ അടുത്തതായി ചെയ്യേണ്ടത് അതിന്റെ അർത്ഥം വ്യക്തമാക്കുകയെന്നതാണ്. അതാണ് സാഹിത്യനിരൂപണം എന്ന് അറിയപ്പെടുന്നത്. അതായത് കൈയിൽ ലഭിച്ച പാഠഭാഗം എന്ത് സാഹിത്യകൃതിയോ, സാഹിത്യരൂപമോ ആണെന്ന് മനസ്സിലാക്കി അതിനെ നിരൂപണത്തിനു വിധേയമാക്കുന്നതാണ് സാഹിത്യനിരൂപണം. ഇതിൽ താഴെ വരുന്ന പഠനരീതികൾ അനുവർത്തിക്കേണ്ടതുണ്ട്.

1. ലഭിച്ച പാഠത്തിന്റെ ഭാഷ പഠിക്കുകയാണ് ആദ്യത്തേത്. ബൈബിളിലെ പഴയനിയമമാണെങ്കിൽ ഹീബ്രു അറമായ ഗ്രീക്ക് ഈ ഭാഷകളിൽ ഒന്നിലായിരിക്കും പാഠഭാഗം എഴുതിയിരിക്കുന്നത്. ഇതിൽ ഏതാണോ ലഭ്യമായ പാഠഭാഗത്തിന്റെ ഭാഷ, ആ ഭാഷ പഠിച്ച് അർത്ഥം വ്യക്തമാക്കുക.

2. രചനാരീതി പഠിക്കുകയാണ് സാഹിത്യനിരൂപണത്തിൽ രണ്ടാമതായി ചെയ്യാനുള്ളത്. എന്താണ് രചനാരീതികൊണ്ട് ഉദ്ദേശിക്കുന്നത്. ഏതൊരു എഴുത്തുകാരനും ഒരു സവിശേഷപ്ലാൻ അനുസരിച്ചാണ് ഗ്രന്ഥരചന നടത്തുന്നത്. അതുപോലെ പുസ്തകത്തെ പല അംഗങ്ങളായി അദ്ദേഹം തിരിച്ചിട്ടുണ്ടാകും. ഈ ഘടന കണ്ടെത്താൻ ആധുനികഗ്രന്ഥങ്ങളിൽ എളുപ്പമാണ്. കാരണം ഇന്ന് എഴുത്തുകാർ തങ്ങളുടെ ഗ്രന്ഥങ്ങളെ പല അദ്ധ്യായങ്ങളായും ഓരോ അധ്യായ

www.malankaralibrary.com

ത്തെയും പല ഖണ്ഡികകളായും തിരിച്ചാണ് എഴുതാറുള്ളത്. എന്നാൽ പുരാതനകൃതികൾ അദ്ധ്യായങ്ങളായും ഖണ്ഡികകളായും തിരിക്കാറില്ലായിരുന്നു. അതിൽ നിന്ന് ഗ്രന്ഥകാരന് ഒരു പ്ലാനും ഇല്ലായിരുന്നുവെന്ന നിഗമനത്തിൽ എത്താൻ പാടില്ല. ഗ്രന്ഥം മുഴുവൻ അവധാനതയോടെ വായിക്കുമ്പോൾ ഗ്രന്ഥകാരന്റെ പ്ലാൻ എന്താണെന്ന് വ്യക്തമാകും. അതുപോലെ പുസ്തകത്തിന് ഒരു ഘടനയുണ്ടായിരിക്കും. അത് കണ്ടുപിടിക്കുകയെന്നതും രചനയെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമാണ്. രചനാരീതിയെപ്പറ്റിയുള്ള പഠനത്തിൽ പ്രധാനമായും മൂന്നുകാര്യങ്ങൾ ചെയ്യാനുണ്ട്.

1. പുസ്തകത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുക.

2.ഗ്രന്ഥകാരൻ എന്തൊക്കെ സ്രോതസ്സുകളാണ് ഗ്രന്ഥരചനയ്ക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്നതെന്ന് കണ്ടുപിടിക്കുക. ശൂന്യതയിൽ നിന്ന് ആരും പുസ്തകരചന നടത്തുന്നില്ല. ഗ്രന്ഥകാരന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന മറ്റു പുസ്തകങ്ങൾ അദ്ദേഹത്തെ സ്വാധീനിക്കാതിരിക്കില്ല. ഈ സ്വാധീനം പല രൂപത്തിലാണ് പ്രവർത്തിക്കുന്നത്. ചിലപ്പോൾ ഗ്രന്ഥകാരൻ അന്നു നിലനിന്നിരുന്ന പുസ്തകത്തിന്റെ ഒരു സംക്ഷിപ്തമായിരിക്കും തന്റെ ഗ്രന്ഥമായി എഴുതി അവതരിപ്പിക്കുന്നത്. മറ്റു ചിലപ്പോൾ അന്നു പ്രചാരത്തിലുണ്ടായിരുന്ന ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ തന്റെ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയെന്നിരിക്കും. അല്ലെങ്കിൽ ചില കാര്യങ്ങൾ അനുകരിച്ചെന്നിരിക്കും. ഇതെല്ലാം കണ്ടെത്തുകയാണ് ഗ്രന്ഥത്തിന്റെ സ്രോതസിനെപ്പറ്റിയുള്ള പഠനത്തിൽ ചെയ്യുന്നത്.

3. പുസ്തകത്തിന്റെ അല്ലെങ്കിൽ നല്കപ്പെട്ട പുസ്തകഭാഗത്തിന്റെ സാഹിത്യരൂപം പഠനവിധേയമാക്കുക. പുസ്തകത്തിന്റെ രചനാരീതിയെപ്പറ്റിയുള്ള പഠനത്തിൽ മൂന്നാമത്തെ ഘടകമാണിത്. എഴുതപ്പെട്ട എന്തും ഏതെങ്കിലുമൊരു സാഹിത്യരൂപത്തിലാണ് എഴുതപ്പെടുന്നത്. ഈ സാഹിത്യരൂപം എന്തെന്നു കണ്ടെത്തുക പഠനവിഷയത്തിന്റെ അർത്ഥവും പ്രാധാന്യവും നിശ്ചയിക്കാൻ അത്യാവശ്യമാണ്. ഫലിതരൂപത്തിലുള്ള ഒരു കഥയോ സംഭാഷണമോ പഠിക്കുമ്പോൾ അത് ഫലിതമായി മനസ്സിലാക്കണം. അത് ചരിത്രമായി തെറ്റിദ്ധരിക്കരുത്. അതുപോലെ മറ്റെല്ലാ സാഹിത്യരൂപങ്ങളും. പലപ്പോഴും സാഹിത്യരൂപമെന്തെന്ന് മനസ്സിലാക്കാതെ ബൈബിളിൽ പറയുന്നതെല്ലാം ഒരേ പ്രാധാന്യമുള്ളതാണെന്ന് ചിന്തിക്കുന്നവരുണ്ട്. ബൈബിളിൽ

www.malankaralibrary.com

ഉപമകളുണ്ട്, അല്ല ഗറികളുണ്ട്, രൂപകങ്ങളുണ്ട്, ചെറുകഥകളുണ്ട് അങ്ങനെ മറ്റു പലതും. ഇവയ്ക്കു ഓരോന്നിനും വ്യത്യസ്ത അർത്ഥവും പ്രാധാന്യവുമാണുള്ളത്. തോബിത്തിന്റെ കഥ ഒരു ചെറുകഥയാണ്. അത് ചരിത്രമാണെന്ന് തെറ്റിദ്ധരിക്കാൻ പാടില്ല.

3. ചരിത്രനിരൂപണം (historical criticism)

ഇവിടെ നാം ചെയ്യുന്നത് നമുക്ക് ലഭ്യമായ പുസ്തകം അല്ലെങ്കിൽ പുസ്തകഭാഗം വിശ്വസനീയമായ ഒരു രേഖയാണെന്നു സ്ഥാപിക്കുക യാണ്. ഓരോ ഗ്രന്ഥവും ഒരു ചരിത്ര പശ്ചാത്തലത്തിൽ നിന്ന് രൂപപ്പെടുന്നതാണ്. ആ ചരിത്ര പശ്ചാത്തലത്തെപ്പറ്റിയുള്ള പഠനം ആ പുസ്തകത്തിന്റെ പഠനത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ യേശു ശരീരത്തിൽ വന്നു എന്ന ആശയം വലിയ പ്രാധാന്യം നല്കി ആവർത്തിക്കപ്പെടുന്നുണ്ട്. കാരണ മെന്താണ്? മനുഷ്യാവതാരത്തിന്റെ യാഥാർത്ഥ്യം നിഷേധിക്കുന്ന ഒരുതരം ജ്ഞാനവാദത്തിന്റെ പശ്ചാത്തലത്തിലാണ് ആ ലേഖനം എഴുതപ്പെട്ടത്. 2 സാമുവലിൽ ദൈവം ദാവീദുമായി ചെയ്ത ഉടമ്പടി ഒരു പ്രധാന വിഷയമാണ് (2 സാമു 7:12-17). അതിനു കാരണമുണ്ട്. ബാബിലോണിലേക്ക് നാടുകടത്തപ്പെട്ട് വിശ്വാസം ക്ഷയിച്ചു കൊണ്ടിരുന്ന ഒരു ജനതയോടു ദൈവം അവരെ സന്ദർശിക്കുമെന്നും തിരിയെ കാനാൻ ദേശത്തേക്ക് കൊണ്ടുവരുമെന്നും ശക്തമായി പറയേണ്ടതുണ്ടായിരുന്നു. അത് ഉടമ്പടിയുടെ വെളിച്ചത്തിലേ സാധി ക്കുമായിരുന്നുള്ളു. അതുവഴിയായി പുസ്തകം ആധികാരിക മാണെന്നും ഒരു പ്രത്യേക ചരിത്ര പശ്ചാത്തലമാണ് അതിന് ജന്മം നല്കിയതെന്നും വായനക്കാരന് ബോധ്യം ലഭിക്കുന്നു.

www.malankaralibrary.com

അധ്യായം - 10

ബൈബിളിന്റെ പുരാതന പരിഭാഷകൾ

പഴയനിയമം പ്രധാനമായും ഹീബ്രു ഭാഷയിൽ എഴുതപ്പെട്ടു എന്നാണ് വിശ്വസിക്കപ്പെടുന്നത്. എന്നാൽ എല്ലാ പുസ്തകങ്ങളും ഓരോ പുസ്തകത്തിന്റെയും എല്ലാ ഭാഗങ്ങളും ഹീബ്രുവിൽ എഴുതപ്പെട്ടു എന്നു പറയാൻ നിവർത്തിയില്ല. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന പഴയനിയമത്തിൽ തന്നെ അരമായ ഭാഷയിലും ഗ്രീക്കുഭാഷയിലുമുള്ള ചില ഭാഗങ്ങൾ ഉണ്ട്. ഇവയെപ്പറ്റി നാം ദ്വിതീയ കാനോനിക ഗ്രന്ഥങ്ങളെപ്പറ്റി പറഞ്ഞിടത്ത് വിശദമാക്കിയിട്ടുണ്ട്. അതിനാൽ ഇവിടെ അത് ആവർത്തിക്കുന്നില്ല. ഇവിടെ പറയാനാഗ്രഹിക്കുന്നത് പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും ആദ്യകാല സമ്പൂർണ്ണ പരിഭാഷകളെപ്പറ്റിയാണ്. അവയിൽ ഏറ്റവും പ്രസിദ്ധമായത് ഗ്രീക്കിൽ പരിഭാഷപ്പെടുത്തപ്പെട്ട സെപ്ത്വജിന്റാണ് (septuaginta). സുറിയാനിഭാഷയിലെ പ്ശീത്ത (peshita), ലത്തീനിലെ വുൾഗാത്ത (Vulgata) എന്നിവയാണ് മറ്റു പരിഭാഷകൾ. ഇവ കൂടാതെ വേറെയും ചില പരിഭാഷകൾ നിലനിന്നിരുന്നു. എന്നാലവ അധികമൊന്നും ഉപയോഗത്തിൽ വന്നിട്ടില്ല. എന്നാൽ മേൽപറഞ്ഞ മൂന്ന് പരിഭാഷകളും വളരെക്കാലം വളരെയേറെ ജനങ്ങളുടെ ഇടയിൽ പ്രചാരത്തിൽ വന്ന പരിഭാഷകളാണ് (Peshita Bible) പ്ശീത്താ ബൈബിൾ, വുൾഗാത്താ ബൈബിൾ, സെപ്ത്വജിന്റ് എന്നിവ.

സുറിയാനി ബൈബിൾ (Peshita Bible)

ഇന്ന് സുറിയാനി സഭ ജനസംഖ്യാടിസ്ഥാനത്തിൽ വളരെ ചെറുതാണെങ്കിലും പാരമ്പര്യംകൊണ്ടും വിശ്വാസ തീക്ഷ്ണത കൊണ്ടും ലിറ്റർജിയുടെ അനന്യതകൊണ്ടും വളരെ പ്രസിദ്ധമാണ്. ഈ

www.malankaralibrary.com

സുറിയാനി സഭയിൽ ഇന്ന് കത്തോലിക്കരും അകത്തോലിക്കരുമായ അനേകം സഹോദരരുണ്ട്. അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ സഭ, അന്ത്യോക്യൻ സുറിയാനി ഓർത്തഡോക്സ് സഭ, അസ്സീറിയൻ ഓർത്തഡോക്സ് സഭ, കൽദായ കത്തോലിക്കർ, മൽക്കൈറ്റ് സഭ കേരളത്തിലെ ഓർത്തഡോക്സ്, യാക്കോബായ, മർത്തോമാ, തൊഴിയൂർസഭകൾ, ശൂറായി സഭ, സീറോ മലബാർ കത്തോലിക്കാസഭ, മലങ്കര കത്തോലിക്കാ സഭ ഇവയെല്ലാം സുറിയാനി പാരമ്പര്യമുള്ള സഭകളാണ്. ഇവയെല്ലാം ഉപയോഗിക്കുന്ന ഔദ്യോഗിക ബൈബിൾ Peshita യാണ്. അതിനാൽ ഈ ബൈബിളിനെ പറ്റിയുള്ള പഠനം സുറിയാനി ക്രിസ്ത്യാനികൾക്ക് പ്രധാനപ്പെട്ടതാണ്.

പ്ശീത്താ എന്ന വാക്കിന്റെ അർത്ഥം സരളമായത്, വ്യക്തമായത് എന്നാണ്. അതായത് സാധാരണ ജനങ്ങൾക്ക് മനസിലാകുന്ന രീതിയിലുള്ള ബൈബിളിന്റെ സുറിയാനിയിലുള്ള പരിഭാഷയാണ് പ്ശീത്താ. എന്നാൽ ഇത് ഒരു വ്യാഖ്യാനഗ്രന്ഥമല്ല. യഥാർത്ഥമായ പരിഭാഷ മാത്രമാണ്. സുറിയാനി ഭാഷയിൽ ബൈബിളിന്റെ പരിഭാഷകൾ വേറെയും പലതുണ്ട്. എന്നാൽ അവയ്ക്കൊന്നും പ്ശീത്തായുടെ സൗകുമാര്യം ലഭിച്ചിട്ടില്ല, അതുപോലെ പ്രചാരവും. സാധാരണക്കാരെ ഉദ്ദേശിച്ച് സുറിയാനിയിൽ പ്രധാനമായും രണ്ട് ഗ്രന്ഥങ്ങൾ പ്രചാരത്തിൽ വന്നു. ഒന്ന് തർഗും ആണ്. എന്നാൽ ഇതിൽ പരിഭാഷയോടൊപ്പം വ്യാഖ്യാനവും കൊടുത്തിട്ടുണ്ട്. അതിനാൽ ഇത് ബൈബിൾ എന്ന നിലയിൽ ഉപയോഗിക്കാൻ സാധിക്കുന്നതല്ല. എന്നാൽ പ്ശീത്ത അങ്ങനെയല്ല, അത് പദാനുപദ പരിഭാഷയാണ്. എങ്കിലും ഹീബ്രുവിലെഴുതപ്പെട്ട പഴയനിയമത്തിന്റെ പരിഭാഷയും ഗ്രീക്കിലെഴുതപ്പെട്ട പുതിയ നിയമത്തിന്റെ പരിഭാഷയും മൂലകൃതികളിൽ നിന്ന് ഒട്ടും വ്യത്യാസമില്ലാതെയാണ് പ്ശീത്തായിൽ നിലനിൽക്കുന്നത് എന്ന് പറയാൻ പറ്റില്ല. ചെറിയ ചില വ്യത്യാസങ്ങൾ അവിടെയും ഇവിടെയും കാണാൻ കഴിയും. ഈ വ്യത്യാസങ്ങളുടെ കാരണം തർജ്ജമയിൽ വന്ന പിശകു തന്നെയാണെന്ന് പറയാനാകില്ല. ഹീബ്രുവിലെ പഴയനിയമത്തിൽ തന്നെ അൽപാൽപം വ്യത്യാസങ്ങളോടെ പല പ്രതികളും നിലനിന്നിരുന്നു എന്നതും നിധേഷിക്കാനാകാത്ത സത്യമാണ്.

പ്ശീത്തായുടെ ഉത്പത്തി

പ്ശീത്തായുടെ പഴയനിയമം ക്രൈസ്തവ സഭ ഉണ്ടാകുന്നതിന്

www.malankaralibrary.com

മുമ്പുതന്നെ യഹൂദരുടെയിടയിൽ നിലനിന്നിരുന്നു. ബാബിലോൺ പ്രവാസത്തിനുശേഷം തിരിച്ചു വന്ന യഹൂദർക്ക് വി.ഗ്രന്ഥഭാഷയായ ഹീബ്രു (അത് അവരുടെ മാതൃഭാഷയായിരുന്നു) അഗ്രാഹ്യമായി തീർന്നിരുന്നു. അതിനാൽ തങ്ങളുടെ പുതിയ ഭാഷയായ അറമായ യിലേക്ക് വിശുദ്ധ ഗ്രന്ഥം തർജമ ചെയ്യുക ആവശ്യമായിരുന്നു. അങ്ങനെ ഒരാവശ്യം നിവർത്തിക്കാൻ വേണ്ടി എഴുതപ്പെട്ടതാണ് താർഗുവും പ്ശീത്തായും. ഇവ രണ്ടും ആര് എഴുതിയെന്നോ കൃത്യമായി എന്ന് നിലവിൽ വന്നെന്നോ പറയാൻ സാധ്യമല്ല. യേശുവിന്റെ കാലത്ത് പ്ശീത്താ യഹൂദരുടെയിടയിൽ പ്രചാരം നേടിക്കഴിഞ്ഞിരുന്നു എന്ന് ചിന്തിക്കാൻ ന്യായമുണ്ട്. പഴയനിയമത്തിൽ നിന്ന് യേശു ഉദ്ധരിക്കുന്ന ഉദ്ധരണികൾ പലതും പ്ശീത്തായിൽ നിന്നുള്ളവയാണ്. യഹൂദരുടെ ഉപയോഗത്തിലിരുന്ന ഈ പഴയനിയമ പ്ശീത്താ ഗ്രന്ഥം ആദിമസഭയിലെ സുറിയാനി ക്രൈസ്തവർ സ്വീകരിക്കുകയും അവരുടെ വി.ഗ്രന്ഥമായി അംഗീകരിക്കുകയും ചെയ്തു. പുതിയ നിയമം രൂപപ്പെട്ടശേഷം അതുകൂടി കൂടിച്ചേർത്ത് സമ്പൂർണ സുറിയാനി ബൈബിൾ രൂപപ്പെടുത്തി. ചില വാക്യങ്ങൾ ശ്രദ്ധിക്കുമ്പോൾ ഒരുപക്ഷേ മൂലത്തേക്കാൾ വ്യക്തതയും സാരള്യവും പ്ശീത്താ ഗ്രന്ഥത്തിൽ ഉള്ളതായി തോന്നും. ഒരു ഉദാഹരണം കാണാം. ഹീബ്രു മൂലത്തിൽ ഉത്പത്തി 2:2-ൽ നാം ഇങ്ങനെ വായിക്കുന്നു. ഏഴാം ദിവസം താൻ ചെയ്ത ജോലി ദൈവം പൂർത്തിയാക്കി; താൻ ചെയ്ത എല്ലാ ജോലിയിൽ നിന്നും ദൈവം ഏഴാം ദിവസം വിശ്രമിച്ചു" (ഉത് 2:2) സൃഷ്ടി വിവരണം വായിച്ചു വരുമ്പോൾ ആറ് ദിവസംകൊണ്ട് ദൈവം എല്ലാം സൃഷ്ടിച്ചു എന്നാണ് വരുന്നത്. അങ്ങനെയെങ്കിൽ ദൈവം സൃഷ്ടി കർമം പൂർത്തിയാക്കിയത് ഏഴാം ദിവസമല്ല, ആറാം ദിവസമാണ്. ഇവിടെ ഒരു ചെറിയ പ്രശ്നമുള്ളതുകൊണ്ടാകാം പ്ശീത്താ ബൈബിൾ അതു തിരുത്തിയിരിക്കുന്നു. തന്റെ പ്രവൃത്തികൾ ഏഴാംദിവസം പൂർത്തിയാക്കി എന്ന് പറയുന്നതിനുപകരം ആറാം ദിവസം പൂർത്തിയാക്കി എന്നാണ് പ്ശീത്തായിൽ പറഞ്ഞിരിക്കുന്നത്.

പ്ശീത്താ ബൈബിളിൽ ചില മാറ്റങ്ങൾ വരുത്താൻ പിൽക്കാലത്ത് ചിലർ ശ്രമിച്ചിട്ടുണ്ട്. അതിൽ ഒന്ന് തെല്ലായിലെ മെത്രാനായിരുന്ന പൗലോസിന്റെ ശ്രമങ്ങളാണ്. ഒരിജൻ ഗ്രീക്കിൽ തയ്യാറാക്കിയ ഹെക്സപ്ല അനുകരിച്ചാണ് ഈ മാറ്റങ്ങൾ വരുത്തിയത്. ഇത് സീറോ ഹെക്സപ്ല എന്ന് അറിയപ്പെടുന്നു. എന്നാൽ ഇതിന് അധികം പ്രചാരം ലഭിച്ചില്ല. എഡേസായിലെ യാക്കോബും പ്ശീത്താ

www.malankaralibrary.com

യിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ആ ഗ്രന്ഥത്തിനു വലിയ പ്രചാരം ലഭിച്ചില്ല. ഇന്നും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചുരപ്രചാരമുള്ളതും ഔദ്യോഗിക അംഗീകാരമുള്ളതും പ്ശീത്താ എന്ന മൂലകൃതിയ്ക്കു തന്നെയാണ്.

ടാസിയാന്റെ ഡിയാതെസറോണും (Diatessaron) ഇവിടെ ഓർക്കുന്നത് നല്ലതാണ്. സുറിയാനി ക്രൈസ്തവർക്കുവേണ്ടിയാണ് ദിയാതെസറോൺ അദ്ദേഹം എഴുതിയത്. നാലു സുവിശേഷങ്ങളും കാലക്രമത്തിൽ ഒരുമിച്ച് വച്ച് ആവർത്തനങ്ങൾ ഒഴിവാക്കി രചിച്ച സുവിശേഷമാണ് ദിയാതെസറോൺ ഈ സുവിശേഷമാണ് സുറിയാനി സഭകൾക്കു ലഭിച്ച ആദ്യത്തെ സുവിശേഷം. ഇത് അഞ്ചാം നൂറ്റാണ്ടു വരെ സുറിയാനി സഭകളുടെ ഔദ്യോഗിക ഗ്രന്ഥമായിരുന്നു. ലിറ്റർജി യിൽ ഉപയോഗിക്കേണ്ട ഔദ്യോഗിക ഗ്രന്ഥവും ദിയാതെസറോൺ ആയിരുന്നു. സുറിയാനി സഭാപിതാക്കന്മാരായ എഫ്രേം, അഫ്രഹാത്ത് മുതലായവർ ദിയാതെസറോണിൽ നിന്നാണ് ഉദ്ധരണികളെല്ലാം സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അഞ്ചാം നൂറ്റാണ്ടിന്റെ അവസാന ത്തോടെ ദിയതെസറോൺ സഭകളിൽ നിന്ന് നീക്കം ചെയ്യുകയും പകരം പഴയ സുറിയാനി സുവിശേഷങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തു. ഇവ രണ്ടാം നൂറ്റാണ്ടിന്റെ അവസാനമോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടവയാണ്. എന്നാൽ ഇവയ്ക്ക് ചില കുറവുകളുണ്ട്. അവയിലേറ്റം പ്രധാനപ്പെട്ടത് ഗ്രീക്കിലെഴുതപ്പെട്ട സുവിശേഷങ്ങളുടെ പദാനുപദ വിവർത്തനമല്ല ഇവ എന്നതാണ്. ഈ പ്രാചീന സുറിയാനി സുവിശേഷങ്ങൾ പരിഷ്കരിച്ച് ഗ്രീക്കിനോട് കൂടുതൽ വിശ്വസ്തത പുലർത്തി രൂപപ്പെടുത്തിയവയാണ് പ്ശീത്തായിലെ സുവിശേഷങ്ങൾ. അങ്ങനെ ദിയാതെസറോണിനെയും പ്രാചീന സുറിയാനി സുവിശേഷ ത്തെയും നീക്കം ചെയ്ത് പ്ശീത്തായിലെ സുവിശേഷങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു.

വേറെയും ചില പ്രശ്നങ്ങളുണ്ട്. ഇങ്ങനെ അംഗീകരിക്കപ്പെട്ട ഔദ്യോഗിക പ്ശീത്താ ഗ്രന്ഥത്തിൽ നാല് കാതോലിക ലേഖനങ്ങൾ ഉണ്ടായിരുന്നില്ല – 2 പത്രോസ് 2 യോഹന്നാൻ 3 യോഹന്നാൻ – യുദാ – അതുപോലെ വെളിപാട് പുസ്തകവും ഈ ഔദ്യോഗിക പ്ശീത്താ യിൽ ഇല്ലായിരുന്നു. നാല് സുവിശേഷങ്ങളും ഈ പ്ശീത്തായിൽ ഉണ്ടായിരുന്നെങ്കിലും സുവിശേഷത്തിലെ ചില ഭാഗങ്ങൾ പ്ശീത്താ

www.malankaralibrary.com

യിൽ ഇല്ലായിരുന്നു. അവ യോഹ 7:53-8: 11 വരെയും ലൂക്കാ 22:17-18 വരെയുമാണ്. പിന്നീട് എ.ഡി. 505-ൽ ഫിലേക്സിനോസ് എന്ന മെത്രാനാണ് വിട്ടുപോയവ കൂട്ടിച്ചേർത്തത്. വേറെയും ചില പരിഭാഷകൾ സുറിയാനി ഭാഷയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇവ ഒന്നും ഇന്ന് പ്രചാരണത്തിലില്ല. ഔദ്യോഗികമായി ഇന്നും നിലനിൽക്കുന്ന സുറിയാനി പരിഭാഷ പ്ശീത്താ മാത്രമാണ്.

പുതിയ നിയമം എഴുതപ്പെട്ടത് ഗ്രീക്കുഭാഷയിലാണ്. എന്നാൽ എഴുത്തുകാരിൽ ലൂക്കാ ഒഴികെ എല്ലാവരും തന്നെ സുറിയാനി സംസാരിക്കുന്നവരായിരുന്നു എന്നു വേണം വിചാരിക്കാൻ. തങ്ങളുടെ മാതൃഭാഷയായ സുറിയാനിയുടെ സ്വാധീനം ഈ ഗ്രീക്കു ഗ്രന്ഥങ്ങളിൽ ഒഴിവാക്കാൻ അവർക്ക് സാധിച്ചിട്ടില്ല എന്നതും പ്രസ്താവ്യമാണ്. അതിനാൽ തന്നെ ഗ്രീക്കിലെഴുതപ്പെട്ട പുതിയനിയമ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിൽ പ്ശീത്താ ഉപയോഗപ്രദമാണ്. അവ്യക്തമായ പലതും പ്ശീത്തായിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഏറ്റം അവസാനമായിട്ട് സുറിയാനി സഭകളുടെ വ്യക്തിത്വത്തെയും തനതായ ദൈവശാസ്ത്രത്തെയും പറ്റി ചിന്തിക്കുമ്പോൾ പ്ശീത്തായുടെ പ്രാധാന്യം നമുക്ക് കൂടുതൽ വ്യക്തമാകും. സുറിയാനി സഭകളുടെ അതും കേരളത്തിലെ-ഔദ്യോഗിക ഗ്രന്ഥം പ്ശീത്താ ആണെങ്കിലും ഇന്ന് സർവസാധാരണമായി ഉപയോഗപ്പെടുത്തുന്നത് പി.ഒ.സി മലയാളം ബൈബിളാണ്. അതിലെ പഴയനിയമം ഹീബ്രു പഴയനിയമത്തിന്റേയും പുതിയ നിയമം ഗ്രീക്ക് പുതിയ നിയമത്തിന്റെയും വിവർത്തനമാണ്. എന്നാൽ സഭകളുടെ തനിമ നിലനിർത്തണമെങ്കിൽ പ്ശീത്താ ബൈബിളിലേക്ക് തിരിച്ച് പോകുക തന്നെ വേണം. അത് തീവ്രമായ ഒരു പരിശ്രമത്തിന്റെ ഫലമായി മാത്രമേ നിറവേറുകയുള്ളു.

സെപ്ത്വജിന്ത (Septuagint)

ക്രിസ്തുമതത്തിന് മുമ്പ് ഗ്രീക്ക് സംസാരിക്കുന്ന യഹൂദർക്കു വേണ്ടി ഗ്രീക്കുഭാഷയിൽ തയ്യാറാക്കിയ ബൈബിളിന്റെ വിവർത്തനമാണ് സെപ്ത്വജിന്ത. രണ്ടാം നൂറ്റാണ്ട് മുതൽ പ്രചരിച്ച ഒരു കഥ അനുസരിച്ച് ബി.സി. 283 മുതൽ 246 വരെ ഭരിച്ച ടോളമി രണ്ടാമൻ എന്ന ഈജിപ്തിലെ രാജാവ് അലക്സാണ്ട്രിയായിലെ തന്റെ ഗ്രന്ഥശാലയിൽ വയ്ക്കാൻ വേണ്ടി യഹൂദപണ്ഡിതന്മാരെകൊണ്ട് വിവർത്തനം ചെയ്യിച്ചതാണ് ഈ ഗ്രന്ഥം. യഹൂദർ 12 ഗോത്രങ്ങളാണല്ലോ. ഓരോ ഗോത്രത്തിൽ നിന്നും ആറ് പണ്ഡിതന്മാരെ വീതം

www.malankaralibrary.com

തെരഞ്ഞെടുത്ത് വിവർത്തനത്തിന് വേണ്ടി നിയോഗിച്ചെന്നും അവർ ജറുസലേമിൽ വന്ന് വിവർത്തനം നിർവഹിച്ചെന്നുമാണ് കഥ. അങ്ങനെ 72 (12x6) പണ്ഡിതന്മാരുടെ പ്രവർത്തനഫലമാണ് സെപ്ത്വജിന്ത. എന്നാൽ ഈ കഥയൊന്നും ചരിത്രവുമായി യോജിക്കുന്നില്ല. ബി.സി.മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് സെപ്ത്വജിന്റ രൂപപ്പെട്ടതെന്നും ജറുസലേമിൽ വച്ചാണ് ഇത് എഴുതപ്പെട്ടത് എന്നും മാത്രമേ സ്വീകാര്യമായി കണക്കാക്കപ്പെടുന്നുള്ളു. ബി.സി. 130 നുമുമ്പ് സെപ്തജിന്ത നിലവിൽ വന്നു എന്ന് പ്രഭാഷകൻ എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ നിന്ന് മനസിലാക്കാം. അവിടെ നിയമവും പ്രവാചകന്മാരും മറ്റ് പുസ്തകങ്ങളും – തോറ, നിബിയും, കത്തുബിം-ഗ്രീക്കു ഭാഷയിൽ നിലന്നിരുന്നു എന്ന് പറയുന്നു. പ്രഭാഷകൻ എന്ന ഗ്രന്ഥത്തിന്റെ മുഖവുര എഴുതപ്പെട്ടത് ബി.സി.130 നടുത്താണ്. അതിനാൽ ഈ വർഷത്തിനടുത്തു തന്നെ സെപ്ത്വജിന്ത നിലവിൽ വന്നു എന്ന് വിചാരിക്കാം. ഇന്നത്തെ പണ്ഡിതമതമനുസരിച്ച് പല കാലങ്ങളിലായി പലർ വിവർത്തനം ചെയ്ത ഗ്രീക്കു പുസ്തകങ്ങൾ പിൽക്കാലത്ത് ആരോ കൂട്ടിച്ചേർത്തതാണ് സെപ്ത്വജിന്ത. എന്തായാലും സെപ്ത്വജിന്ത ഒരു വ്യക്തിയുടെ വിവർത്തനമല്ല. ഒരാളിന്റെ നിർദ്ദേശപ്രകാരം ഈ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യപ്പെട്ടു എന്ന് വിശ്വസിക്കാനും പ്രയാസം. പഞ്ചഗ്രന്ഥിയാണ് ആദ്യം തർജമ ചെയ്യപ്പെട്ടതെന്ന് വിശ്വസിക്കാം. അത് ഹീബ്രു അറിയാത്ത പ്രവാസികളായ യഹൂദരുടെ ആരാധനയിൽ ഉപയോഗിക്കാൻ വേണ്ടി വിവർത്തനം ചെയ്യപ്പെട്ടതാകാം. മറ്റ് ഗ്രന്ഥങ്ങൾ പല കാലങ്ങളിലായി പല ഇടങ്ങളിലായി രൂപപ്പെട്ടതാകാനാണ് സാധ്യത. സെപ്ത്വജിന്തയിലെ ചില ഗ്രന്ഥങ്ങൾ പദാനുപദ തർജമയാണ്. വേറെ ചിലത് പരാവർത്തനം പോലെയാണ്. ജോബിന്റെ പുസ്തകവും സുഭാഷിതങ്ങളും നല്ല ഗ്രീക്കു ശൈലിയിലാണ് തർജമ ചെയ്തിരിക്കുന്നത്.

സെപ്ത്വജിന്ത വെറുമൊരു വിവർത്തനമല്ല. പഴയനിയമത്തിന്റെ ആദ്യത്തെ വ്യാഖ്യാനമെന്ന് ഇതിനെ വിളിച്ചാൽ തെറ്റാകുകയില്ല. ഗ്രീക്ക് ആശയങ്ങളുടെ സ്വാധീനത്തിൽപ്പെട്ട പണ്ഡിതന്മാരാണ് സെപ്ത്വജിന്ത വിവർത്തനം ചെയ്തത്. യഹൂദരുടെ ചില മനുഷ്യരീതിയിലുള്ള ദൈവ വർണനയ്ക്ക് (anthropomorphism) സെപ്ത്വജിന്തയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഹീബ്രുവിൽ ദൈവത്തിന്റെ കരം എന്ന പ്രയോഗത്തെ സെപ്ത്വജിന്ത വിവർത്തകർ ശക്തി എന്ന് മാറ്റി വിളിച്ചിരിക്കുന്നു. ഹീബ്രുവിൽ ദൈവത്തെ പാറ എന്ന് വിളിക്കുമ്പോൾ സെപ്ത്വജിന്തയിൽ സഹായം എന്നാണ് വിളിക്കുന്നത്. പ്രവാസികളായ യഹൂദരുടെയിടയിൽ വളരെ വേഗം പ്രചാരണത്തിൽ വന്ന് പുസ്തകമാണ്

www.malankaralibrary.com

സെപ്ത്വജിന്ത. വിജാതീയരുടെയിടയിൽ നിന്ന് വിശ്വാസം സ്വീകരിച്ച ആദിമകാല ക്രൈസ്തവരും തങ്ങളുടെ വിശുദ്ധ ഗ്രന്ഥമായി സ്വീകരിച്ചത് സെപ്ത്വജിന്തയാണ്. മാത്രമല്ല, പഴയനിയമത്തിൽ നിന്ന് പുതിയ നിയമത്തിൽ കൊടുത്തിരിക്കുന്ന ഉദ്ധരണികളിൽ 350 ഓളം ഉദ്ധരണികൾ സെപ്ത്വജിന്തയിൽ നിന്ന് എടുത്തവയാണ്. അതുപോലെ പുതിയ നിയമത്തിലെ ദൈവശാസ്ത്ര പദങ്ങൾ ഹീബ്രുവിൽ നിന്ന് വന്നവയാണെങ്കിലും സെപ്ത്വജിന്തയുടെ സ്വാധീനം സ്വീകരിച്ചവയാണ്. സഭാപിതാക്കന്മാരിൽ മിക്കവാറും എല്ലാവരും (ഗ്രീക്ക് പിതാക്കന്മാരും ലത്തീൻ പിതാക്കന്മാരും) സെപ്ത്വജിന്തയാണ് ആധികാരിക ഗ്രന്ഥമായി ഉപയോഗിച്ചിട്ടുള്ളത്. പലരും സെപ്ത്വജിന്ത ദൈവനിവേശിതമായി കണക്കാക്കിയിരുന്നു. എന്നാൽ പലസ്തീനക്കാരായ യഹൂദരുടെ നിലപാട് ഇതിന് വിരുദ്ധമാണ്. ക്രിസ്ത്യാനികൾ സെപ്ത്വജിന്ത ഉപയോഗിച്ച് തുടങ്ങിയപ്പോഴേക്കും പലസ്തീനിയൻ യഹൂദർ അതിനെ തള്ളിപറയാൻ തുടങ്ങി. സെപ്ത്വജിന്ത എഴുതപ്പെട്ട സമയത്ത് മൂന്ന് ദിവസത്തേക്ക് ഭൂമി മുഴുവൻ അന്ധകാരാവൃതമായിരുന്നു എന്ന് ചില റബിമാർ എഴുതിയിട്ടുണ്ട്.

ഇന്ന് നിലവിലുള്ള സെപ്ത്വജിന്ത വിവർത്തനങ്ങൾ ഖുമ്രാൻ ഗ്രന്ഥ ശേഖരത്തിൽ നിന്ന് ലഭിച്ചവയാണ്. ഇവ എ.ഡി.ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ എഴുതപ്പെട്ടവയെന്ന് കണക്കാക്കപ്പെടുന്നു

വുൾഗാത്ത (Vulgate)

വി.ജറോം ലത്തീൻ ഭാഷയിലേക്ക് വിവർത്തനം ചെയ്ത ബൈബിളാണ് വുൾഗാത്ത എന്നറിയപ്പെടുന്നത്. സാധാരണ, പൊതുവേയുള്ളത് എന്നൊക്കെയാണ് വുൾഗാത്ത എന്ന ലത്തീൻ പദത്തിന്റെ അർത്ഥം. ലത്തീൻ സംസാരിക്കുന്ന ക്രൈസ്തവർക്കുവേണ്ടി ലളിതമായ ഭാഷയിൽ വി.ജറോം തയ്യാറാക്കിയ വിവർത്തനമാണിത്. ഇതിന്റെ ലാളിത്യം കണക്കിലെടുത്താണ് ഇതിനെ വുൾഗാത്ത എന്ന് വിളിക്കുന്നത്. 13-ാം നൂറ്റാണ്ടു മുതൽ ഈ പേര് പ്രചാരത്തിൽ വന്നു.

ആദിമസഭയുടെ ഭാഷ ഗ്രീക്കായിരുന്നു. കാരണം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക ഭാഷ ഗ്രീക്കായിരുന്നു. എന്നാൽ റോമൻ സാമ്രാജ്യത്തിന്റെ ചില സ്ഥലങ്ങളിൽ ഗ്രീക്ക് അറിയാത്തവരും ലത്തീൻ സംസാരിക്കുന്നവരുമായ ക്രൈസ്തവർ ഉണ്ടായിരുന്നു. ഇവരുടെ

www.malankaralibrary.com

ഉപയോഗത്തിനുവേണ്ടിയാണ് വുൾഗാത്ത വിവർത്തനം ചെയ്യപ്പെട്ടത്. എന്നാൽ ഇതിന് മുമ്പുതന്നെ ലത്തീനിലുള്ള വിവർത്തനങ്ങൾ നിലനിന്നിരുന്നു എന്നതിന് തെളിവുകളുണ്ട്.

വടക്കേ ആഫ്രിക്ക, വടക്കേ ഇറ്റലി മുതലായ പ്രദേശങ്ങളിൽ ലാറ്റിൻ സംസാരിക്കുന്നവരായിരുന്നു ഉണ്ടായിരുന്നത്. അവർക്ക് വേണ്ടിയാകണം പഴയ ലത്തീൻ വിവർത്തനം തയ്യാറാക്കപ്പെട്ടത്. എന്നാൽ പിൽക്കാലത്ത് ഇതിന് പ്രചാരം ലഭിച്ചില്ല. പ്രചാരത്തിൽ വന്നത് വി.ജറോം വിവർത്തനം ചെയ്ത വുൾഗാത്ത എന്ന ലത്തീൻ ബൈബിളിനാണ്. ദമാസ്കസ് എന്ന മാർപാപ്പയുടെ നിർദ്ദേശപ്രകാരമാണ് വി.ജറോം വുൾഗാത്ത വിവർത്തനം ചെയ്തത്. എ.ഡി. 382-ൽ മാർപാപ്പ ജറോമിനെ ഈ ദൗത്യം ഏൽപിച്ചു. നല്ല ഗ്രീക്ക് വിവർത്തനങ്ങളും ഹീബ്രു മൂലഗ്രന്ഥവും ഒത്തു നോക്കിയാണ് ജറോം തർജ്ജമ നിർവഹിച്ചത്. ഏതാണ്ട് ഒന്നോ ഒന്നരയോ വർഷത്തെ പ്രയത്നഫലമായിട്ടാണ് ജറോം തർജമ പൂർത്തിയാക്കിയത്. റോമിൽ നിന്ന് പലസ്തീനയിൽ പോയി ബത്‌ലഹേമിൽ താമസിച്ചുകൊണ്ട് ഹീബ്രു ഭാഷ പഠിക്കുകയും തർജമ നിർവഹിക്കുകയും ചെയ്തു എന്നാണ് പാരമ്പര്യം. ഒരിജന്റെ ഹെക്സപ്ല എന്ന ബൈബിൾ സെസേറിയായിൽ നിന്ന് കണ്ടെടുത്തു എന്നും അത് വുൾഗാത്തയുടെ തർജമയെ സഹായിച്ചു എന്നും വിശ്വസിക്കപ്പെടുന്നു.

1546-ൽ തെന്ത്രോസ് സുന്നഹദോസ് വുൾഗാത്തയുടെ ഒരു പുതിയ പതിപ്പ് ഉപയോഗിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് പുതിയ പതിപ്പിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചു. പിന്നീട് സിക്സ്റ്റസ് V-ാമൻ മാർപാപ്പയുടെ പ്രേരണയനുസരിച്ച് ഈ പ്രവർത്തനം തുടരുകയും അദ്ദേഹത്തിന്റെ മരണശേഷം ക്ലമന്റൈൻ വുൾഗാത്ത (VIII-ാം ക്ലമന്റ് മാർപാപ്പയുടെ പേരിലുള്ള) തർജമ 1592-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1907-ൽ X-ാം പീയൂസ് മാർപാപ്പ കുറച്ചുകൂടി തിരുത്തപ്പെട്ട ഒരു പതിപ്പ് പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടു. ലത്തീൻ സഭയുടെ എല്ലാ പൊതു ആരാധനകളിലും വുൾഗാത്തയാണ് ഔദ്യോഗിക ബൈബിൾ. എന്നാൽ XII-ാം പീയൂസ് മാർപാപ്പ 1943-ൽ ബൈബിളിന്റെ മൂലഭാഷയിൽ നിന്നുള്ള നേരിട്ടുള്ള വിവർത്തനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇന്നും വുൾഗാത്ത ലത്തീൻ സഭയിൽ ഉപയോഗത്തിലുണ്ടെങ്കിലും മറ്റ് പരിഭാഷകളും പരസ്യ ശുശ്രൂഷകളിൽ ഉപയോഗിക്കുന്നുണ്ട്.

www.malankaralibrary.com

അധ്യായം - 11

കാനോനികതയുടെ ചരിത്രം

പഴയനിയമത്തിലെ 46 പുസ്തകങ്ങളും പുതിയനിയമത്തിലെ 27 പുസ്തകങ്ങളുമാണ് കാനോനിക ഗ്രന്ഥങ്ങൾ എന്ന് മുകളിൽ പറഞ്ഞു കഴിഞ്ഞല്ലോ. ഇവ കാനോനികമായി അംഗീകരിക്കപ്പെട്ടതിന് ഒരു ദീർഘചരിത്രമുണ്ട്. ആ ചരിത്രത്തിലേയ്ക്കാണ് ഇവിടെ വെളിച്ചം വീശാൻ ആഗ്രഹിക്കുന്നത്. കാനോനികതയുടെ ചരിത്രം ഈ പുസ്തകങ്ങളുടെ രചനയുമായും സമൂഹത്തിൽ ഇവയ്ക്കു ലഭിച്ച അംഗീകാരവുമായും ബന്ധപ്പെട്ടിരിക്കുന്നു.

പഴയനിയമ ഗ്രന്ഥങ്ങളുടെ രചനയും കാനോനികതയും

പഴയനിയമഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടവ ഏതൊക്കെയാണ്? സ്വാഭാവികമായും പഞ്ചഗ്രന്ഥിയാണ് ആദ്യം എഴുതപ്പെട്ടതും യഹൂദസമൂഹം അംഗീകരിച്ചതുമെന്ന് പറയേണ്ടിവരും. യഹൂദരുടെ കൂട്ടത്തിൽ പല ചെറു സമൂഹങ്ങളുണ്ട്. ഇവർക്കെല്ലാം ബൈബിളിനെപ്പറ്റി ഒരേ ആശയമല്ല ഉള്ളത്. യഹൂദരുടെ ഇടയിലെ സദുക്കായർ എന്ന സമൂഹം പഞ്ചഗ്രന്ഥി മാത്രമേ കാനോനികമായി അംഗീകരിച്ചിരുന്നുള്ളൂ. അതുപോലെ യഹൂദരുടെ അടിസ്ഥാന വിശ്വാസം തന്നെ പിന്തുടരുന്ന സമറായക്കാരും പഞ്ചഗ്രന്ഥി മാത്രമേ ദൈവനിവേശിതമായി അംഗീകരിക്കുന്നുള്ളൂ. അതിൽ നിന്ന് ഒന്നു മനസ്സിലാക്കാം. പഞ്ചഗ്രന്ഥിയാണ് ആദ്യമായി അംഗീകരിക്കപ്പെട്ട ഗ്രന്ഥസമുച്ചയം.

പഞ്ചഗ്രന്ഥിയുടെ രചനാകാലത്തെപ്പറ്റി നമുക്ക് എന്തെങ്കിലും പറയാനാകുമോ? വളരെ കൃത്യമായ ഒരു കാലത്തെപ്പറ്റി പറയാനാവില്ലെങ്കിലും ആറാംനൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി യെങ്കിലും പഞ്ചഗ്രന്ഥിയുടെ ആദ്യരൂപമെങ്കിലും എഴുതപ്പെട്ടു കഴിഞ്ഞിരുന്നെന്നും അത് പരിശുദ്ധ ഗ്രന്ഥമായി പരിഗണിക്കപ്പെട്ടിരുന്നെന്നും പൊതുവേ

www.malankaralibrary.com

പറയാൻ കഴിയും. ബി.സി.587-ൽ ബാബിലോണിലേയ്ക്ക് നാടുകടത്തപ്പെട്ട യഹൂദർ വിശ്വാസത്തിൽ നിലനിന്നത് പഞ്ചഗ്രന്ഥിയെ ആശ്രയിച്ചാണ്. ദൈവം അനുവദിച്ച ഏക ദേവാലയമായ ജറുസലേം ദേവാലയം നശിപ്പിക്കപ്പെടുകയും ദൈവജനം തങ്ങൾക്ക് ദൈവം കൊടുത്ത വാഗ്ദത്ത നാട്ടിൽ നിന്ന് ബഹിഷ്കരിക്കപ്പെടുകയും ചെയ്തശേഷം ദൈവവുമായുള്ള ബന്ധം തുടരുന്നതിന് ആകെ ആശ്രയിച്ചത് ദൈവവചനമെന്ന് അവർ വിശ്വസിച്ച പഞ്ചഗ്രന്ഥിയെ ആണ്. എന്നാൽ പഞ്ചഗ്രന്ഥി ഇന്നത്തെ രൂപത്തിൽ അന്ന് ഉണ്ടായിരുന്നുവെന്ന് അർത്ഥമില്ല. ഇന്ന് പഞ്ചഗ്രന്ഥിയെന്നു നാം പറയുന്ന ഗ്രന്ഥസമുച്ചയത്തിന്റെ ഏതോ ആദിമരൂപങ്ങൾ നിലവിലുണ്ടായിരുന്നുവെന്ന് വിശ്വസിക്കാം. ചരിത്രത്തിന്റെ വിചിത്ര സ്വഭാവം വ്യക്തമാക്കുന്നതാണ് ബാബിലോൺ പ്രവാസം. വിദ്യാസമ്പന്നരെയും സമൂഹത്തിൽ ഉയർന്ന സ്ഥാനമുള്ളവരെയുമാണ് പ്രവാസത്തിന് വിധേയരാക്കിയത്. ഈ പ്രവാസികളാണ് പ്രവാസകാലത്തും പിന്നീടും യഥാർത്ഥ യഹൂദരായി അറിയപ്പെട്ടിരുന്നത്. നാടുകടത്തപ്പെടാതെ യൂദയായിൽ കഴിഞ്ഞവർക്കാണ് പിന്നീട് യഹൂദ തനിമ നഷ്ടപ്പെടുകയും സമറിയാക്കാരായി അറിയപ്പെടുകയും ചെയ്തത്. ഈ പ്രവാസികൾ തങ്ങളുടെ യഹൂദ തനിമ നിലനിർത്താൻ അന്ന് സംലഭ്യമായിരുന്ന കൃതികൾ ഉപയോഗിച്ചിരുന്നുവെന്ന് ന്യായമായും ചിന്തിക്കാം.

സിനഗോഗു പ്രസ്ഥാനം ആരംഭിച്ചത് ബാബിലോൺ പ്രവാസികളുടെ ഇടയിലാണെന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു. ദേവാലയമില്ലാതെ യഹൂദ തനിമ നിലനിർത്താനുള്ള മാർഗ്ഗമായിരുന്നു സിനഗോഗ്. പേരു സൂചിപ്പിക്കുന്നതുപോലെ ജനങ്ങളുടെ സമ്മേളനസ്ഥലമായിരുന്നു സിനഗോഗ്. ഈ സമ്മേളനങ്ങളിൽ അന്ന് സംലഭ്യമായിരുന്ന വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നുവെന്ന് വിശ്വസിക്കാം. അതായത് പഞ്ചഗ്രന്ഥിയുടെ കുറേഭാഗങ്ങളെങ്കിലും അന്ന് നിലവിലിരുന്നുവെന്ന് ചിന്തിക്കാം.

പഞ്ചഗ്രന്ഥിയിൽ നാലു സ്രോതസ്സുകൾ കൂടിക്കലർന്നിരിക്കുന്നു എന്നാണ് ആധുനിക വീക്ഷണം. 1800-ഓടുകൂടിയെങ്കിലും ഈ വിശ്വാസം ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ പ്രബലമായി, ഈ സ്രോതസുകളുടെ പരസ്പരബന്ധത്തെയും ദൈർഘ്യത്തെയും പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും - ഈ സ്രോതസ്സുകൾ - J, E, P, D എന്ന് അറിയപ്പെടുന്നു. J (Yahwist source) ആണ് ഏറ്റവും പുരാതനം. പറുദീസായും അതിലെ മനുഷ്യന്റെ വാസവും, മനുഷ്യന്റെ

www.malankaralibrary.com

പതനം, പുരാതന മനുഷ്യൻ, ദൈവപുത്രന്മാർ, ജലപ്രളയം, നോഹയുടെ കഥ, മുന്തിരി കൃഷി, നോഹ ലഹരിപിടിച്ചു കിടന്നത്, രാജ്യങ്ങളുടെ കഥ, ബാബേലിന്റെ ഗോപുരനിർമ്മാണം, അബ്രഹാമിന്റെ വിളി, ഹെബ്രോണിലേക്കുള്ള യാത്ര, ദൈവം അബ്രഹാമിനു നാടും മക്കളും വാഗ്ദാനം ചെയ്യുന്നത്. ഹാഗാറിന്റെയും ഇസ്മായിലേന്റെയും കഥ, അബ്രഹാമിന് വിരുന്നുകാരനായി ദൈവം വരുന്നത്. സോദോം ഗൊമോറ പ്രദേശങ്ങളുടെ വിനാശം, ലോത്തിന്റെയും പെൺമക്കളുടെയും കഥ, ഇസഹാക്കിന്റെ ജനനവും, വിവാഹവും, ഏസാവിന്റെയും യാക്കോബിന്റെയും കഥ, യാക്കോബും ലാബാനും, യാക്കോബ് ഷെക്കെമിൽ താമസിക്കുന്നത്, ജോസഫിന്റെ ഈജിപ്തിലെ വാസം, യാക്കോബ് മക്കളെ അനുഗ്രഹിക്കുന്നത്, യാക്കോബിന്റെ മരണം, ഈജിപ്തിൽ ഇസ്രായേൽ ജനം പീഡിപ്പിക്കപ്പെടുന്നത്, മോശയുടെ വിളി, ഈജിപ്തിൽ മോശ ചെയ്യുന്ന അത്ഭുതങ്ങൾ, ചെങ്കടൽ കടക്കുന്നത്, സീനായ് മരുഭൂമിയിലൂടെയുള്ള യാത്ര, മന്നായുടെയും കാടപ്പക്ഷിയുടെയും കഥ, സീനായിലെ ദൈവവെളിപാടിന്റെ ഒരു ഹ്രസ്വരൂപം, സ്വർണ്ണക്കാളയെ വണങ്ങുന്നത്, പുറപ്പാട് 34-ലെ കല്പന, സീനായ് വിടാനുള്ള നിർദ്ദേശം, കാദേശ് മുതൽ മൊവാബു വരെയുള്ള യാത്ര, ബാലാമിന്റെയും ബാലാക്കിന്റെയും കഥ, യഹൂദ ഗോത്രങ്ങൾക്കിടയിലുള്ള തർക്കം, മോശയുടെ മരണം - പഞ്ചഗ്രന്ഥിയിലെ ഇത്രയും കഥകളും സംഭവങ്ങളുമാണ് J സ്രോതസിൽ നിന്ന് വന്നതെന്നാണ് ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം.

J സ്രോതസ് സോളമന്റെ കാലത്ത് (B.C. 960-920) ലിഖിതരൂപം പ്രാപിച്ചിരുന്നുവന്ന് വിശ്വസിക്കപ്പെടുന്നു. ഈ ലിഖിതരൂപത്തിലുള്ള യഹൂദചരിത്രം യഹൂദരുടെ രാഷ്ട്രീയ ഇതിഹാസം (The Israelite National Epic) എന്നാണ് അറിയപ്പെടുന്നത്. ഇത് ബാബിലോൺ പ്രവാസകാലത്ത് യഹൂദർ പഠനത്തിനും ധ്യാനത്തിനും വിധേയമാക്കിയിരുന്നുവെന്ന് ചിന്തിക്കാം. എന്നാൽ ഏതെങ്കിലുമൊരു ഔദ്യോഗിക സമ്മേളനമോ അധികാരിയോ ഇതിനെ മതഗ്രന്ഥമായി അംഗീകരിച്ചിരുന്നുവെന്നതിന് തെളിവൊന്നുമില്ല. ഔദ്യോഗികമല്ലാതെ ഈ ലിഖിതം യഹൂദരുടെ മതഗ്രന്ഥമായി പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

E സ്രോതസ്സ് (Elohist Source) പഞ്ചഗ്രന്ഥിയിലെ വിവരണാത്മകമായ മറ്റുഭാഗങ്ങൾ എല്ലാം തന്നെ ഉൾക്കൊണ്ടിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. വടക്കൻ രാജ്യമായ ഇസ്രായേലിലാണ് ഇത് രൂപപ്പെട്ടത്.

www.malankaralibrary.com

എട്ടാം നൂറ്റാണ്ടോടുകൂടി ഇതു ലിഖിതരൂപം പ്രാപിച്ചിരുന്നുവെന്ന് വിശ്വസിക്കാം. ഇസ്രായേലിന്റെ പതനത്തിനുശേഷം (B.C 722) E സ്രോതസ് J സ്രോതസുമായി കൂട്ടി കലർത്തപ്പെട്ടു. ഈ കൂട്ടികലർത്തപ്പെട്ട ലിഖിതമായിരിക്കണം യഹൂദപ്രവാസികൾ ബാബിലോണിൽ വച്ച് ഉപയോഗിച്ചിരുന്നത്.

D സ്രോതസ്സ് ജറുസലേം ദേവാലയത്തിൽ നിന്ന് കണ്ടെടുത്ത നിയമഗ്രന്ഥമാണ്. ജോസിയാ രാജാവിന്റെ കാലത്താണ് ഇതു കണ്ടെത്തിയത്. ബി.സി. 623-ന് അടുത്തകാലം. ജോസിയാ കൊണ്ടുവന്ന മതപരമായ പരിഷ്കാരങ്ങൾക്കെല്ലാം ഈ ഗ്രന്ഥമാണ് കാരണം. ഇതു വിശുദ്ധ ലിഖിതമായി കരുതപ്പെട്ടിരുന്നു. ഇതും യഹൂദ പ്രവാസികൾ ബാബിലോണിൽ ഉപയോഗിച്ചിരുന്നുവെന്ന് വിശ്വസിക്കാം.

P സ്രോതസ്സ് വളരെ കാലം കഴിഞ്ഞാണ് രൂപപ്പെട്ടത്. അഞ്ചാം നൂറ്റാണ്ടാണ് ഇതിന്റെ കാലം. ബി.സി 400-ഓടുകൂടി ഇത് J,E,D എന്നിവയോടു സംയോജിക്കപ്പെട്ടു. നിയമങ്ങൾ, ആരാധന, പൗരോഹിത്യം മുതലായ വിഷയങ്ങളാണ് P-യിൽ ഉള്ളത്. ഇത് ബാബിലോണിലെ യഹൂദപ്രവാസികളുടെ വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെട്ടിരിക്കാൻ സാധ്യതയില്ല.

പഴയനിയമത്തിലെ മറ്റു പുസ്തകങ്ങളുടെ കാനോനികതയെപ്പറ്റി നമുക്ക് എന്തെങ്കിലും പറയാൻ പറ്റുമോ? ഇവിടെ നമ്മെ സഹായിക്കുന്ന ഗ്രന്ഥം സെപ്ത്വജിന്ത (Septagint) ആണ്. സെപ്ത്വജിന്തയുടെ രൂപീകരണത്തെപ്പറ്റിയുള്ള ഐതിഹ്യമനുസരിച്ച് അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ടോളമി II ഫിലദെൽഫൂസ് (Ptolemy II Philadelphus) എന്ന ഈജിപ്ഷ്യൻ രാജാവാണ്. അദ്ദേഹത്തിന്റെ കാലം B.C 283-246 ആണ്. ഈ രാജാവ് തന്റെ ഗ്രന്ഥശാലയിൽ സൂക്ഷിക്കാൻ യഹൂദ രുടെ മതഗ്രന്ഥങ്ങളുടെ ഒരു ഗ്രീക്ക് പരിഭാഷ വേണമെന്നാഗ്രഹി ക്കുകയും അതിൻപ്രകാരം ജറുസലേമിൽ നിന്ന് 72 യഹൂദ പണ്ഡിതരെ തന്റെ രാജ്യത്തിലേക്ക് ക്ഷണിച്ച് പരിഭാഷപ്പെടുത്താൻ ചുമതലപ്പെടുത്തിയെന്നുമാണ് കഥ. ഈ കഥ മുഴുവനായും വിശ്വസിക്കാൻ പ്രയാസ മുണ്ടെങ്കിലും പരിഭാഷയുടെ കാലഘട്ടത്തെപ്പറ്റി സംശയിക്കാൻ ന്യായമില്ല. അതായത് ബി.സി. 250-ന് അടുത്തുള്ള കാലഘട്ടത്തിൽ പഴയനിയമത്തിലെ മിക്കവാറും പുസ്തകങ്ങളെല്ലാം എഴുതപ്പെട്ടു കഴിഞ്ഞിരുന്നുവെന്നും അവ വിശുദ്ധ ഗ്രന്ഥമായി അംഗീകരിക്കപ്പെട്ടി രുന്നെന്നും മനസ്സിലാക്കാം. എന്നാൽ

www.malankaralibrary.com

സിറാക് (പ്രഭാഷകൻ), സോളമന്റെ ജ്ഞാനം എന്നിവ സെപ്ത്വജിന്തയ്ക്കു ശേഷമാണ് എഴുതപ്പെട്ടത്.

ബി.സി. നൂറ്റി എൺപതുകളിലാണ് പ്രഭാഷകൻ എഴുതപ്പെട്ടത്. ഇക്കാലത്തോടെ പഞ്ചഗ്രന്ഥി എഴുതപ്പെട്ടു കഴിഞ്ഞിരുന്നുവെന്നും വിശുദ്ധഗ്രന്ഥമായി അംഗീകരിക്കപ്പെട്ടിരുന്നെന്നും മോശയെപ്പറ്റിയുള്ള പരാമർശങ്ങളിൽ നിന്ന് മനസ്സിലാക്കാം (പ്രഭാ 45:1-5). മോശയ്ക്കു ദൈവം കല്പനകൾ നല്കിയെന്ന് പറഞ്ഞിരിക്കുന്നതിൽ നിന്ന് പഞ്ചഗ്രന്ഥി പൂർണ്ണരൂപം പ്രാപിച്ചിരുന്നുവെന്നും മനസ്സിലാക്കാം.

പ്രഭാഷകൻ എഴുതപ്പെട്ട് ഏകദേശം 50 വർഷം കഴിഞ്ഞാണ് അതിന്റെ ആമുഖം എഴുതപ്പെട്ടത് (ഒന്നാം അധ്യായം ആരംഭിക്കുന്നതിനുമുമ്പ് അധ്യായങ്ങളും വാക്യങ്ങളുമായി തിരിക്കാതെ കൊടുത്തിരിക്കുന്ന ഭാഗം). ഈ ആമുഖത്തിന്റെ ആദ്യഭാഗത്തു തന്നെ യഹൂദരുടെ മതഗ്രന്ഥങ്ങളെപ്പറ്റിയുള്ള സൂചനയുണ്ട്. നിയമവും പ്രവാചകന്മാരും മറ്റുള്ളവയും യഹൂദർക്ക് സുപരിചിതമാണെന്നാണ് അവിടെ പറയുന്നത്. അതായത് നിയമം, പ്രവാചകന്മാർ, ലിഖിതങ്ങൾ എന്ന വിഭജനം ഈ ആമുഖം എഴുതുന്നതിന് മുമ്പുതന്നെ നിലവിൽ വന്നു കഴിഞ്ഞുവെന്ന് വിചാരിക്കാം. ലിഖിതങ്ങളെ അങ്ങനെ വിളിക്കാതെ മറ്റുള്ളവയെന്നാണ് ഇവിടെ വിളിച്ചിരിക്കുന്നത്. അതായത് പഴയനിയമ കാനൻ രൂപപ്പെട്ടുകൊണ്ടിരുന്ന കാലമാണ് ഇത് എന്ന് മനസ്സിലാക്കാം. എന്നാൽ സോളമന്റെ ജ്ഞാനം എന്ന ഗ്രന്ഥം ഇനിയും എഴുതപ്പെട്ടു കഴിഞ്ഞിരുന്നില്ല. മറ്റു ഗ്രന്ഥങ്ങളെ വിശുദ്ധ ഗ്രന്ഥമായി അംഗീകരിച്ചിരുന്നെങ്കിലും ഔദ്യോഗികമായ ഒരു നിർവ്വചനത്തിന്റെ അടിസ്ഥാനത്തിലല്ല അവ അംഗീകരിക്കപ്പെട്ടത്.

പിന്നീട് എ.ഡി. 90-ന് ശേഷം ക്രിസ്ത്യാനികളുമായുള്ള തർക്കങ്ങൾക്ക് വിരാമമിടാൻ ഫരിസേയരുടെ നേതൃത്വത്തിൽ ജറുസലേമിലെ യാമ്നിയാ എന്ന സ്ഥലത്തുവച്ച് യഹൂദരുടെ ഒരു സമ്മേളനം നടക്കുകയും അതിൽ പഴയനിയമത്തിലെ 39 പുസ്തകങ്ങളെ മാത്രം കാനോനികമായി അംഗീകരിക്കുകയും ചെയ്തു. ഇതാണ് യഹൂദരുടെ ഭാഗത്തു നിന്നുള്ള ആദ്യത്തെ ഔദ്യോഗിക അംഗീകാരം. എന്നാൽ ഇതിനുശേഷവും വളരെക്കാലം ക്രിസ്ത്യാനികൾ ഉപയോഗിച്ചുകൊണ്ടിരുന്നത് സെപ്ത്വജിന്തയാണ്.

പുതിയനിയമ കാനോനികതയുടെ ചരിത്രം

പുതിയനിയമത്തിൽ ആദ്യം രൂപപ്പെട്ടത് സുവിശേഷങ്ങളാ

www.malankaralibrary.com

കാനാണ് സാധ്യത. എന്നാൽ അവ കാനോനികമായി സഭ അംഗീകരിച്ചവയല്ല. ഇവയെ പ്രാക്തന സുവിശേഷങ്ങളെന്നു വിളിക്കാം. അത്തരത്തിൽ അനേകം പുസ്തകങ്ങൾ നിലവിൽ വന്നിരുന്നുവെന്ന് ലൂക്കാ 1:1-4-ൽ നിന്ന് മനസ്സിലാക്കാം. ഇവയെ വിവരണം എന്നാണ് ലൂക്കാ വിളിക്കുന്നത്. ഇവ കാനോനിക സുവിശേഷങ്ങളല്ല. സഭാപിതാവായ പപ്പിയാസും യേശുവിന്റെ പ്രബോധനങ്ങൾ മത്തായി എഴുതി സൂക്ഷിച്ചിരുന്നുവെന്ന് പറയുന്നുണ്ട്. ഒരുപക്ഷേ യേശു ചെയ്ത അദ്ഭുതങ്ങൾ മാത്രം വിവരിക്കുന്ന പുസ്തകങ്ങളും ഉണ്ടായിരുന്നിരിക്കണം. ഇവയെല്ലാം ആശ്രയിച്ചാണ് ഇന്ന് നമുക്കു ലഭ്യമായ നാലു കാനോനിക സുവിശേഷങ്ങൾ എഴുതപ്പെട്ടത്.

പുതിയനിയമത്തിലെ ലേഖനങ്ങൾ സഭയുടെ അജപാലന രംഗത്തു നിന്ന് രൂപപ്പെട്ടവയാണ്. വി. പൗലോസ് താൻ സ്ഥാപിച്ച സഭകളിൽ രൂപപ്പെട്ട വിവാദങ്ങൾ ശാന്തമാക്കാനും ചില അബദ്ധ സിദ്ധാന്തങ്ങൾ തിരുത്താനുമായിട്ട് ലേഖനങ്ങൾ എഴുതി അയച്ചിരുന്നു. ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടുന്ന പ്രാർത്ഥനാസമ്മേളനങ്ങളിൽ ഇവ വായിച്ചിരുന്നു. മാത്രമല്ല ഒരു സഭയിൽ വായിച്ചശേഷം മറ്റു സഭകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. അങ്ങനെ ചെയ്യാൻ ലേഖനകർത്താവു തന്നെ ആവശ്യപ്പെട്ടിരുന്നു (കൊളോ 4:16). ഇങ്ങനെ എഴുതപ്പെട്ട പുസ്തകങ്ങൾ സഭകളിൽ സൂക്ഷിക്കുന്ന രീതിയും നിലവിൽ വന്നു. ഇതിന് പ്രധാന കാരണം മാർസിയോൺ സഭയുടെ പ്രബോധനങ്ങളെ എതിർക്കാൻ വേണ്ടി അക്കാലത്തു പ്രചരിച്ച ചില പുസ്തകങ്ങൾ ശേഖരിച്ചു വച്ചു എന്നതാണ്. എന്നാൽ ഇവ ആധികാരിക ഗ്രന്ഥ ങ്ങളല്ലായിരുന്നു. തന്റെ പ്രബോധനങ്ങൾക്ക് പിന്തുണ ലഭിക്കുമെന്നു റപ്പുള്ളവ മാത്രമാണ് മാർസിയോൺ ശേഖരിച്ചത്. ഇത് സഭയ്ക്ക് ഒരു വെല്ലുവിളിയായി തീർന്നപ്പോൾ ക്രിസ്തീയസഭകളും തങ്ങളുടെ പ്രബോധനങ്ങൾക്കു യോജിക്കുന്ന പുസ്തകങ്ങൾ ശേഖരിക്കാൻ തുടങ്ങി. ഇതിന് നാലു മാനദണ്ഡങ്ങളാണ് സഭ സ്വീകരിച്ചത്.

(1) പൗരാണികത (2) അപ്പസ്തോലികത (3) ശരിയായ സഭാപ്രബോധനം (4) ആരാധനയിൽ ഉപയോഗിക്കാൻ കഴിയുക യെന്നത്.

പൗരാണികതയെന്നാൽ അപ്പസ്തോലന്മാരുടെ കാലഘട്ടത്തിൽ എഴുതപ്പെട്ടവയായിരിക്കണം ഇങ്ങനെ ശേഖരിക്കുന്ന പുസ്തകങ്ങൾ

www.malankaralibrary.com

എന്ന വ്യവസ്ഥയാണ്. അപ്പസ്തോലികതയെന്നാൽ ഈ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ അപ്പസ്തോലന്മാർ ആയിരിക്കണമെന്നത്. ഇതിൽ രണ്ട് മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു-നേരിട്ടുള്ള അപ്പസ്തോലികതയും പരോക്ഷമായ അപ്പസ്തോലികതയും. അപ്പസ്തോലന്മാർ തന്നെ എഴുതിയതാണെങ്കിൽ അതു നേരിട്ടുള്ള (പ്രത്യക്ഷമായ) അപ്പസ്തോലികതയാണ്. അപ്പസ്തോലന്മാരുടെ ശിഷ്യന്മാരോ സഹപ്രവർത്തകരോ എഴുതിയ പുസ്തകങ്ങൾക്ക് പരോക്ഷമായ അപ്പസ്തോലികത ഉണ്ടെന്നു കണക്കാക്കി. ശരിയായ സഭാപ്രബോധനം എന്നതും രണ്ടു രീതിയിലാണ് കണക്കാക്കിയിരുന്നത്. സഭയുടെ പ്രബോധനം നല്കുന്നവ ഒന്നാം ഗണത്തിലും സഭാപ്രബോധനം നല്കുന്നില്ലെങ്കിലും അതിന് വിരുദ്ധമായതൊന്നും ഇല്ലാത്തതിനെ രണ്ടാം ഗണമായും തിരിച്ചു. രണ്ടിനും അംഗീകാരവും നല്കി. ഈ മാനദണ്ഡമനുസരിച്ച് ശേഖരിക്കപ്പെട്ട അനേകം പുസ്തക ശേഖരങ്ങൾ അന്നു നിലനിന്നിരുന്നുവെന്നും ഈ പുസ്തകങ്ങളെ മൂന്നു ഗണമായി ആധികാരികതയുടെ വെളിച്ചത്തിൽ തിരിക്കാമെന്നും എവുസേബിയോസ് എന്ന സഭാചരിത്രകാരൻ സാക്ഷിക്കുന്നുണ്ട്; (1) ആധികാരികം (2) ആധികാരികതയെപ്പറ്റി തർക്കമുള്ളത് (3) ആധികാരികമല്ലാത്തത്. ഈ ഗ്രന്ഥശേഖരത്തിൽ നിന്ന് 27 പുസ്തകങ്ങൾ തെരഞ്ഞെടുത്ത് അവ മാത്രമാണ് ആധികാരികം എന്ന് നിർണയിച്ചത് അത്തനേഷ്യസ് എന്ന സഭാപിതാവാണ്. അത് എ.ഡി. 367-ലായിരുന്നു. പിന്നീട് 397-ൽ മൂന്നാം കാർത്തേജ് സൂനഹദോസ് ഈ തീരുമാനത്തെ സഭയുടെ ഔദ്യോഗിക തീരുമാനമാക്കുകയും ഇപ്പോഴുള്ള 27 പുസ്തകങ്ങളെ മാത്രം പുതിയ നിയമത്തിലെ കാനോനിക ഗ്രന്ഥങ്ങളായി അംഗീകരിക്കുകയും ചെയ്തു ഇതാണ് പുതിയനിയമത്തിന്റെ കാനോനികതയുടെ ചരിത്രം.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

അറിവാണ് ധനം. ആ ധനം ഭാവിയെ സുരക്ഷിതമാക്കുന്നു. ഏതൊരു നന്മയ്ക്കും നിഗുഢമായിരിക്കാൻ സാധിക്കാത്തതുപോലെ സത്യജ്ഞാനവും നിഗുഢമായിരിക്കുക സാധ്യമല്ല. ശ്ലീഹന്മാർ യഹുദസംഘത്തോടു പറഞ്ഞു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അ.പ്ര. 4:20) സ്വയം പ്രകാശിക്കുന്ന ക്രിസ്തീയ സത്യങ്ങൾ ആഴത്തിൽ ഗ്രഹിക്കാൻ ദശലക്ഷങ്ങൾ മുന്നോട്ടുവരുന്ന കാലമാണിത്. വചനം വായിക്കുന്നതിനും പഠിക്കുന്നതിനും ആഴത്തിൽ ഗ്രഹിക്കുന്നതിനും പരിശ്രമിക്കുന്ന വിജ്ഞാനദാഹികളുടെ ദാഹം തീർക്കാൻ എളിയൊരു പരിശ്രമം- അതാണ് **"ബൈബിൾ: ഒരു ആമുഖം"**.

Malankara Seminary Publications
St. Mary's Malankara Major Seminary,
Mar Ivanios Vidya Nagar,
Nalanchira, Trivandrum-695 015
Kerala, India

www.malankaralibrary.com